# വിദ്യാഭിവർദ്ധിനി.



1948 MARCH

# വിഷയവിവരം.

1 ഗാന്ധിസൂക്തങ്ങൾ.
2 കൊട്ടക്കോല— ഉള്ളൂർ.
3 ബാപ്പു— ജവഹർലാൽ നെഹ്റു.
4 മരണം ഒരു ഉററമിത്രമാണു്— ഗാന്ധിജി.
5 വിവേകാനന്ദസ്വാമി— പി. ശേഷാദ്രിഅയ്യർ B. A.M. L.
6 രാഗവും ദ്വേഷവും— പി. അനന്തൻപിള്ള M. A.
7 ലോകത്തിൻെറ കെടാവിളക്കു്— ആർ. മാധവപ്പൈ, ഇറവൂർ
8 അണുശക്തി— ജാൺ. എം. ജോൺ B. A. L. T.
9 ബാഷ്പാഞ്ജലി— എം. കെ. രാമകൃഷ്ണൻ നായർ, B. A. L. T.
10 കൃപണൻ— കടങ്ങനാട്ട മാധവൻപിള്ള B. A.
11 ആരുടെസ്വാതന്ത്ര്യം?— ഡി. ശ്രീമാൻനമ്പൂതിരി, മൂവാററുപുഴ
12 നിവേദനം— പട്ടം എൻ. ഗോപാലൻനായർ.
13 ക്ഷമിക്കട്ടെ— എൻ. കെ. കുഞ്ഞുണ്ണിവൈദ്യൻ.
14 ഹിംസ! വട്ടോളി കൊച്ചുകൃഷ്ണൻനായർ.
15 ഉർവ്വശീശാപം— (ഏകാങ്കനാടകം) എസ്. പരമേശ്വരൻ B. Sc. (ഓണേഴ്സ്)
16 മഹത്വത്തിൻെറ മാറിൽ (ചെറുകഥ) കോന്നിയൂർ കെ. മീനാക്ഷിഅമ്മ M. A.

## S. T. റെഡ്യാർ & സൺസ്,

വി. വി. പ്രെസ്സ്—കൊല്ലം.

പ്രെസ്സ് ബ്രാഞ്ചുകൾ:—
ആലപ്പുഴ,
S. P. പ്രെസ്സ്, കൊല്ലം.

ഡിപ്പോ ബ്രാഞ്ചുകൾ—
കൊല്ലം.
ആലപ്പുഴ.

## ഞങ്ങളുടെ മുദ്രാലയത്തിൽ,

വൈദ്യം, ജ്യോതിഷം, പുരാണങ്ങൾ, പുതിയതരം രസകരമായ നോവലുകൾ മുതലായ മററനേകം പുസ്തകങ്ങളും

## എപ്പോഴും വില്പനയ്ക്കു തയാർ.

വലിയ ക്യാററ്ലാഗിനു് എഴുതുക.

മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, എന്നീ ഭാഷകളിലുള്ള

## എല്ലാത്തരം അച്ചടിജോലികളും

ആദായനിരക്കിൽ ആകർഷണീയമായ രീതിയിൽ

## കൃത്യസമയത്തു് ചെയ്തുകൊടുക്കപ്പെടും.

എന്നു്, മാനേജിംഗ് പ്രൊപ്രൈററർ.

# വിദ്യാഭിവർദ്ധിനി.

സരസ്വതി! നമസ്തുഭ്യം വരദേ! കാമരൂപിണി!
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ.

പുസ്തകം ൧ { ൧൧൦൮ കുംഭം. } ലക്കം ൧.

## ഗാന്ധിസൂക്തങ്ങൾ.

സത്യമല്ലാതെ എനിക്കു സേവിക്കാൻ മറ്റൊരു ഈശ്വരനില്ല.

*   *   *   *

സത്യമാണു് ദൈവം; അസത്യമാകട്ടെ അവിടത്തെ നിഷേധവും.

*   *   *   *

ഈശ്വരേച്ഛ എന്തെന്നറിയുന്നതിനു പ്രാപ്തിയുണ്ടാകാൻ തക്കതായ പരിശീലനം ആവശ്യമാകുന്നു.

*   *   *   *   *

ഈശ്വരനെ അഭിമുഖമായി കാണുന്നതിനു വേണ്ടിയുള്ള എന്തു ത്യാഗവും കൂടുതലായി ഞാൻ കരുതുന്നില്ല. സാമുദായികവും രാഷ്ട്രീയവും നൈതികവുമായ എന്റെ എല്ലാപ്രവർത്തനങ്ങളും അതേ ലക്ഷ്യത്തോടുകൂടിയാണു്.

*   *   *   *

എനിക്കു് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയുമെന്നു ചിലർ വിചാരിക്കുന്നു. ഒരു സത്യഭക്തൻ എന്ന നിലയിൽ എനിക്കു താദൃശമായ യാതൊരു കഴിവുമില്ലെന്നു ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ! എനിക്കുള്ള എല്ലാ കഴിവുകളും ഈശ്വരനിൽനിന്നും ലഭിച്ചിട്ടുള്ളതാണു്.

*   *   *   *

ഇരുട്ടടഞ്ഞ നിമിഷങ്ങളിൽ നിങ്ങളുടെ വിമോചനത്തിനു നിദാനമായ കർമ്മങ്ങളിൽ കൂടെയല്ലാതെ, ഈശ്വരൻ സ്വയം ആർക്കും പ്രത്യക്ഷനാകയില്ല.

*   *   *   *   *

സത്യത്തിലും അഹിംസയിലും അടിയുറച്ചതാണു് എന്റെ മതം. സത്യമാണെന്റെ ദൈവം. അവിടത്തെ സാക്ഷാൽക്കരിക്കുന്നതിനുള്ള മാർഗ്ഗമാണു് അഹിംസ.

*   *   *   *

ഈശ്വരന്റെ കേവലമായ ഏകത്വത്തിൽ ഞാൻ വിശ്വസിക്കുന്നു. തന്നിമിത്തം മാനവലോകത്തിന്റെയും ഏകത്വത്തിൽ ഞാൻ വിശ്വസിക്കുന്നു.

*   *   *   *

# കൊടുങ്കൊല.

(ഉള്ളൂർ,)

തകർന്നുവല്ലോ വിശ്വത്തിൻ
സൗധരത്നപ്പൊൻതാഴികക്കുടം;
എന്തിനിച്ചെയ്തിടും നമ്മ-
ളെവിടെപ്പോയ്ക്കരഞ്ഞിടും? 1

അഷ്ടഭൂമിയിൽ പടർന്നങ്ങു-
മന്ധകാരം നിറഞ്ഞുപോയ്;
മാതാപിതാക്കൾ വിട്ടോർ നാം
മരിച്ചോർക്കു സമാനരായ്. 2

ഹരിച്ചല്ലോ നമ്മിൽനിന്നു
ഹാഹാ! സർവസ്വവും വിധി;
വധിച്ചു ഗാന്ധിയെപ്പോലും
മർത്ത്യരാക്ഷസനാമൊരാൾ. 3

ഗതി നൽകി കുലത്തിന്നു
ഗംഗാനീരാൽ ഭഗീരഥൻ;
ഗതിമുട്ടിച്ചു നാട്ടാരെ-
ക്കണ്ണീരിൽത്താഴ്ത്തി മററവൻ. 4

കാലനും തുനിയാത്തൊരു
കടുങ്കൈകാട്ടി യാഖലൻ
വിശ്വനേതാവിനെക്കൊന്നു
വെടിവെച്ചെന്തുസാഹസം. 5

ആത്മചൈതന്യസമ്പന്ന,-
നധ്യസ്ഥോൽക്കൃഷ്ണപ്രതി;
ത്യാഗത്താൽ നിത്യസന്തുഷ്ടൻ;
താഴ്ചയാൽ സകലോന്നതൻ. 6

ആർക്കും വഴിതെളിക്കുന്ന-
തവിടത്തെസ്സുശിക്ഷണം,
ആ നാമമാർക്കും കേൾക്കുമ്പോ-
ളുദിമാനന്ദനം മതം. 7

ജിതേന്ദ്രിയചയൻ, ദിവ്യൻ,
ജീവന്മുക്തൻ, ജഗൽഗുരു,
അഹിംസാധർമ്മമർമ്മജ്ഞ-
യാത്മയാജി മഹാത്മജി; 8

രാമഗാനങ്ങളും പാടി,
രാമപ്രാർത്ഥന ചെയ്യുവാൻ,
തൻപൗത്രിമാർ താങ്ങിടുന്ന
ജരാജീർണ്ണവപുസ്സോടും. 9

നടന്നുപോകെ നമ്മൾക്കീ-
നാശം വാപ്പിച്ച പാപിയെ
എന്തുചൊല്ലിവിളിക്കേണ-
മിവനെ ഭാരതീയനോ? 10

കൊൽവോനൊടും നാം കാട്ടൊല്ലെ
കോപമെന്നരുളീ ഗുരു;
തച്ഛിഷ്യരിപ്പോഴാണല്ലോ
ദാന്തന്മാരായിടേണ്ടവർ. 11

ദൈവസങ്കല്പമാർക്കുണ്ടു?
തൽഭ്രാന്താൽ ബന്ധമുക്തനായ്,
വരം നമ്മൾക്കു നൽകീടും
വാനിൽ സ്വച്ഛന്ദമമ്മഹാൻ. 12

രഘ്വാദിധന്യർക്കുലകിൽ
ചന്ദ്രാദിത്യർക്കു തുല്യമായ്
ആയുസ്സുണ്ടാത്മവിശ്രാന്തി-
ക്കാശിക്കുന്നോരമല്ലവർ. 13

പിറന്നാശ്ശുദ്ധർ സാധിക്കും
പിന്നെയും ലോകസംഗ്രഹം,
അതായിടട്ടെ തൻകാംക്ഷ-
യവനിക്കവർ വേണ്ടവർ. 14

---

പകർപ്പവകാശം കവിക്ക്

# ബാപ്പു.

(ജവഹർലാൽ നെഹ്റു)

മുപ്പത്തിരണ്ടു കൊല്ലംമുമ്പാണ് ഞാൻ ആദ്യമായി ബാപ്പുവിനെ കണ്ടതു്. അതിനുശേഷം ഒരു യുഗം കഴിഞ്ഞുപോയി. അനിവാര്യമായി നാം പുറകോട്ടു തിരിഞ്ഞുനോക്കുന്നു; ഓർമ്മകൾ വന്നുനിറയുന്നു. ഇന്ത്യാചരിത്രത്തിൽ ഇതെന്തൊരസാധാരണകാലഘട്ടമായിരുന്നു! ഉയർച്ചകളോടും താഴ്ചകളോടും, വിജയങ്ങളോടും, പരാജയങ്ങളോടും കൂടിയ ആ കഥയ്ക്കു ഒരു ഗാനത്തിന്റെയോ കല്പിതകഥയുടേയോ മനോഹാരിതയുണ്ടു്. ഈ കാലത്തിലൂടെ ജീവിച്ചതുകൊണ്ടും, ഏറെക്കുറെ ഇൻഡ്യയുടെ മഹാനാടകത്തിലെ നടന്മാരായതുകൊണ്ടും നമ്മുടെ തുച്ഛജീവിതങ്ങളെപ്പോലും ഒരു അത്ഭുതാപരിവേഷം സ്പർശിച്ചു.

ഈ കാലം ലോകത്തിൽ സർവത്ര യുദ്ധങ്ങളുടേയും, ചുണയുള്ള സംഭവങ്ങളുടേയും കാലമായിരുന്നു. എങ്കിലും ഇന്ത്യയിലെ സംഭവങ്ങൾ വേറിട്ടു വ്യക്തമായി തെളിഞ്ഞു നിൽക്കുന്നു കാരണം, അവ തികച്ചും വ്യത്യസ്തമായ ഒരു രംഗത്തിലായിരുന്നു. ബാപ്പുവിനെപ്പറ്റി അധികമൊന്നും അറിയാതെ ഒരാൾ ഈ കാലത്തെക്കുറിച്ചു പഠിച്ചാൽ, ഇന്ത്യയിൽ എന്തിനാണ് ഇതെല്ലാം സംഭവിച്ചതെന്നു അത്ഭുതപ്പെടും. ഇതിന്റെ കാരണം പറയുക വിഷമമാണ്. നമ്മളിൽ ഓരോരുത്തരും—പുരുഷനും സ്ത്രീയും—എന്തിനാണ് ഇങ്ങനെയൊക്കെ പെരുമാറിയതെന്നു ഒരു യുക്തികൊണ്ടു് കാണുക അതിലും വിഷമമാണ്. ഒരു വ്യക്തിയോ രാഷ്ട്രമോ ചിലപ്പോൾ ഏതെങ്കിലുമൊരു വികാരാധിക്യത്താൽ, അഥവാ തോന്നൽകൊണ്ടു്, ഒരു പ്രത്യേകതരം പ്രവൃത്തിയിലേക്കു (ചിലപ്പോൾ സൽപ്രവൃത്തി, മിക്കപ്പോഴും ദുഷ്പ്രവൃത്തി) തള്ളിവിടപ്പെടുന്നു. എങ്കിലും വികാരവും, തോന്നലും കഴിഞ്ഞുപോയാൽ; വ്യക്തി വേഗം കർമ്മത്തിന്റെയോ അകർമ്മത്തിന്റെയോ സാധാരണനിലകളിലേക്കു മടങ്ങിവരുന്നു.

ഈ കാലത്തു ഇന്ത്യയെക്കുറിച്ചുള്ള അത്ഭുതകരമായ സംഗതി രാജ്യം ഒട്ടാകെ ഒരു സമുന്നതതലത്തിലായിരുന്നുവെന്നു മാത്രമല്ല, തുടർച്ചയായി അതേ നിലയിൽ ദീർഘകാലം നിലനിന്നുവെന്നതുകൂടിയാണ്. അതു അത്ഭുതകരമായ ഒരു നേട്ടമാണ്. ഈ കാലഘട്ടത്തിനെ കരുപ്പിടിപ്പിച്ച അത്ഭുതവ്യക്തിയുടെ നേരെ നോക്കാതെ ഇതിന്റെ കാരണമോ അർത്ഥമോ മനസ്സിലാക്കുക സാദ്ധ്യമല്ല. ഇന്ത്യയുടെ അരനൂറ്റാണ്ടു കാലത്തെ ചരിത്രത്തിന്മേൽ ഒരു ഭീമനെപ്പോലെ അദ്ദേഹം നിവർന്നുനിൽക്കുന്നു. ഭീമത്വം ശരീരത്തിനല്ല, മനസ്സിനും ആത്മാവിനും.

നാം ബാപ്പുവിനെക്കുറിച്ചു വ്യസനിക്കുന്നു, നാം അനാഥരായെന്നു നമുക്കു തോന്നുന്നു. ആ ശ്രേഷ്ഠജീവിതത്തിലേക്കു തിരിഞ്ഞുനോക്കിയാൽ, വ്യസനിക്കുവാൻ എന്താണുള്ളതു്? ചരിത്രത്തിൽ വളരെ കുറച്ചുപേർക്കു മാത്രമേ ഇത്രയും ജീവിതസാഫല്യമുണ്ടായിട്ടുള്ളൂ. നമ്മുടെ പരാജയങ്ങളിൽ അദ്ദേഹത്തിനു ശോകമുണ്ടായിരുന്നു. ഇന്ത്യയെ കൂടുതൽ ഉയരത്തിലെത്തിക്കാത്തതിൽ അദ്ദേഹം അസന്തുഷ്ടനായിരുന്നു. ഈ ദുഃഖവും അസന്തുഷ്ടിയും മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാലും അദ്ദേഹത്തിന്റെ ജീവിതം പരാജയമായിരുന്നെന്നു പറയാൻ ആരാണ് ധൈര്യപ്പെടുക? അദ്ദേഹം തൊട്ടതെല്ലാം കാമ്യവും അമൂല്യവും ആയിത്തീർന്നിരുന്നു. അദ്ദേഹം ചെയ്തതെല്ലാം സഫലമായിരുന്നു—അദ്ദേഹം പ്രതീക്ഷിച്ചിടത്തോളമില്ലെങ്കിലും. അദ്ദേഹത്തിന്റെ ഒരു ശ്രമവും നിഷ്ഫലമാവുകയില്ലെന്ന തോന്നലാണ് അക്കാലം ഉണ്ടായിരുന്നതു്. ഗീതോപദേശമനുസരിച്ചു്, നിഷ്കാമനായി ഫലേച്ഛകൂടാതെയാണ് അദ്ദേഹം കർമ്മം ചെയ്തിരുന്നതു്; തന്നിമിത്തം ഫലങ്ങൾ അദ്ദേഹത്തിലേക്കു വന്നുകൊണ്ടിരുന്നു.

തീവ്രപ്രയത്നവും പരിശ്രമവും അനിതരസാധാരണമായ നൂതന സാഹസങ്ങളും നിറഞ്ഞ അദ്ദേഹത്തിന്റെ സുദീർഘജീവിതത്തിൽ ഒരിടത്തും ഒരപശബ്ദമില്ല. ക്രമേണ അദ്ദേഹത്തിന്റെ വിവിധപരിശ്രമങ്ങൾ ഏകതാനതയായിത്തീർന്നു; അദ്ദേഹത്തിന്റെ ഓരോ വാക്കും ഓരോ അംഗ്യവും ഇതിൽ ഇണങ്ങിച്ചേർന്നു; അങ്ങിനെ അറിയാതെ അദ്ദേഹമൊരു തികഞ്ഞ കലാകാരനായിത്തീർന്നു; കാരണം ജീവിതകാലം അദ്ദേഹം പഠിച്ചിരുന്നു—അദ്ദേഹത്തിന്റെ ജീവിതരീതി ലോകത്തിന്റേതിൽനിന്നു വളരെ വ്യത്യസ്തമായിരുന്നെങ്കിലും സത്യധർമ്മാനുഷ്ഠാനം മററു പലതിന്റേയും കൂട്ടത്തിൽ ഈ ജീവിതസൗന്ദര്യത്തിനും ഹേതുവാകമെന്നു വ്യക്തമായി.

പ്രായം കൂടുന്തോറും അദ്ദേഹത്തിന്റെ ശരീരം അകത്തുള്ള മഹാത്മാവിന്റെ ഒരു വാഹനം മാത്രമാണെന്നു തോന്നിയിരുന്നു. അദ്ദേഹത്തോടു സംസാരിക്കുമ്പോഴും അദ്ദേഹത്തിന്റെ നേരെ നോക്കുമ്പോഴും ആ ശരീരത്തിന്റെ കാര്യം നാം മറന്നുകളയുന്നു. അതിനാൽ അദ്ദേഹം ഇരിക്കുന്നേടം ക്ഷേത്രമായി. നടക്കുന്നേടം പുണ്യഭൂമിയായി.

ആ മരണത്തിലും ഒരു ശ്രേഷ്ഠതയും തികഞ്ഞ സൗന്ദര്യവുമുണ്ടായിരുന്നു. ആ മനുഷ്യനും ആ ജീവിതരീതിക്കും യോജിച്ച അന്ത്യമായിരുന്നു അതു്. വാസ്തവത്തിൽ അതു ആ ജീവിതപാഠത്തെ സമുന്നതമാക്കി. എല്ലാ കഴിവുകളും പൂർണ്ണമായിരിക്കെ, താൻ തീർച്ചയായും ആഗ്രഹിക്കുമായിരുന്നപോലെ, പ്രാർത്ഥനാസമയത്തു്, അദ്ദേഹം മരിച്ചു. ഏതൊന്നിനു വേണ്ടിയാണോ താൻ ജീവാർപ്പണം ചെയ്തിരുന്നതു്, ഏതൊന്നിനുവേണ്ടിയാണോ കഴിഞ്ഞ ഒരു കൊല്ലത്തിലധികമായി താൻ വിശേഷിച്ചും അവിശ്രമം പ്രയത്നിച്ചുപോന്നതു്; ആ ഐക്യത്തിനുവേണ്ടി അദ്ദേഹം രക്തസാക്ഷിയായി എല്ലാവരും ആഗ്രഹിക്കേണ്ടതുപോലെ, പെട്ടെന്നു അദ്ദേഹം മരിച്ചു. ശരീരക്ഷീണമുണ്ടായിരുന്നില്ല, നീണാൾ രോഗം പിടിച്ചു കിടന്നില്ല, വാർദ്ധക്യംകൊണ്ടു വരുന്ന ഓർമ്മക്കുറവുണ്ടായിരുന്നില്ല. പിന്നെ എന്തിനാണു നാം അദ്ദേഹത്തെക്കുറിച്ചു വ്യസനിക്കുന്നതു്? ആരുടെ കാൽപ്പാടു വെളിച്ചമായിരുന്നുവോ, ആരുടെ മന്ദഹാസം സാംക്രമികമായിരുന്നുവോ, ആരുടെ കണ്ണുകളിൽ നിറയെ ചിരി ഉണ്ടായിരുന്നുവോ ആ ഗുരുവിനെക്കുറിച്ചാണു് നാം സ്മരിക്കുക. കായികമോ മാനസികമോ ആയ എന്തെങ്കിലും കേടുകൾ അദ്ദേഹത്തിനുണ്ടായിരുന്നതായി നാം ഓർക്കില്ല. നമ്മുടെ മനസ്സുകളിലും നാം ജീവിക്കുന്നകാലത്തിന്റെ മനസ്സിലും മായാത്ത ഒരു ചിത്രം വിട്ടു് തികഞ്ഞ [illegible] ശേമുഷിയോടും കൂടി അദ്ദേഹം ജീവിച്ചു, മരിച്ചു.

ആ ചിത്രം മായുകയില്ല, എങ്കിലും അതിലും വലുതായി ചിലതു അദ്ദേഹം ചെയ്തു. അദ്ദേഹം നമ്മുടെ ആത്മാവിലും മനസ്സിലും പ്രവേശിച്ചു അവയെ രൂപപ്പെടുത്തി. ഗാന്ധിത്തലമുറ കഴിഞ്ഞുപോകും. എങ്കിലും മനസ്സിന്റെയും ആത്മാവിന്റെയും ഈ ഗുണം നിലനിന്നു് ഇനി വരുന്ന ഓരോ തലമുറയേയും കരുപ്പിടിക്കും. കാരണം അതു ഇന്ത്യയുടെ ആത്മാവിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ഈ രാജ്യത്തിന്റെ ആത്മീയഗുണം ക്ഷയിച്ചുവന്നിരുന്ന കാലത്തു നമ്മുടെ നിലയും ബലവും കൂട്ടാൻ ബാപ്പു വന്നു. അദ്ദേഹം തന്ന ശക്തിയാവട്ടെ ഒരു നിമിഷത്തിന്നോ, ദിവസത്തിന്നോ, മാസത്തിന്നോ, കൊല്ലത്തിന്നോ, ഉള്ളതല്ല. അതു നമ്മുടെ ദേശീയചൈതന്യത്തിന്നു ലഭിച്ച ഒരു നേട്ടമാണു്.

ബാപ്പു ഇൻഡ്യയ്ക്കും ലോകത്തിന്നും നമ്മളിൽ ഓരോരുത്തർക്കും വേണ്ടി ഭഗീരഥപ്രയത്നം ചെയ്തു; അതൊരാശ്ചര്യകരമാംവണ്ണം നന്നായിട്ടു. അദ്ദേഹത്തെയോ അദ്ദേഹത്തിന്റെ സ്മരണയേയോ വഞ്ചിക്കാതെ, സർവ കഴിവുമുപയോഗിച്ചു അദ്ദേഹം തുടങ്ങിവച്ച ജോലി തുടരേണ്ടതും പലപ്പോഴും നാം ചെയ്ത പ്രതിജ്ഞകൾ നിറവേററേണ്ടതും ഇനി നമ്മുടെ കടമയാണു്.

# "മരണം ഒരു ഉററമിത്രമാണു്"

## ഗാന്ധിജിയുടെ ഒരു കത്തു്.

'മരണം ഒരു ഉററമിത്രമാണു്' എന്നാണു് മഹാത്മജി മരിക്കുന്നതിന്റെ തലേദിവസം വാർദ്ധായിലുള്ള ഹിന്ദുസ്ഥാൻ സമിതിസംഘത്തിലെ ശ്രീ. ശങ്കരനു് മകളുടെ മരണത്തെ സംബന്ധിച്ചെഴുതിയ അനുശോചനകത്തിൽ എഴുതിയിരുന്നതു്.

ജനുവരി 29-ാംതീയതി ന്യൂഡൽഹിയിൽ നിന്നയച്ച എഴുത്തിൽ ഗാന്ധിജി ഇപ്രകാരം എഴുതിയിരിക്കുന്നു.

"സഹോദരനായ ശങ്കരനു്, താങ്കളുടെ മകൾ സുലോചന മരിച്ച വർത്തമാനം കിശോരിലാൽ എന്നോടു പറഞ്ഞു അതിനെക്കുറിച്ചു എനിക്കു യാതൊരു അറിവും ഇല്ലായിരുന്നു എന്താണു് ഞാൻ താങ്കൾക്കെഴുതുക? എന്തു് സാന്ത്വനമാണു് ഞാൻ താങ്കൾക്കു നൽകേണ്ടതു്? മരണം ഒരു ഉററമിത്രമാണു്. നമ്മുടെ അജ്ഞാനമൊന്നുമാത്രമാണു് ദുഃഖത്തിനു കാരണം.

സുലോചനയുടെ ആത്മാവു് ഇന്നലെ ഉണ്ടായിരുന്നു. ഇന്നുണ്ടു്. അതു നാളെയും ഉണ്ടായിരിക്കും. നമ്മയെ തന്റെ പിന്നിൽ വിട്ടുവെച്ചു് സ്വന്തം പരാജയങ്ങളുംകൊണ്ടു് സുലോചന പോയിക്കഴിഞ്ഞു. നമുക്കു അതിനേയോ അവളേയോ മറക്കാതിരിക്കേണ്ടതു്? താങ്കളുടെ കൃത്യനിർവ്വഹണത്തിൽ കൂടുതൽ നിഷ്ഠ കാണിക്കുമെന്നാശിക്കുന്നു"

എന്നു്, ആശീർവാദങ്ങളോടെ

"ബാപ്പു"


## 'ശരീരമാദ്യം ഖലുധർമ്മസാധനം.'

ഒരിക്കലും ഭേദപ്പെടുകയില്ലെന്നു വിശ്വസിച്ചു് നിരാശക്കുണ്ടിൽ അകപ്പെട്ടു് ജീവിതംനയിച്ചുവന്ന അനേകം രോഗികൾ ഞങ്ങളുടെ ഔഷധം ഉപയോഗിച്ചു് ആരോഗ്യവും, ആയുസ്സും വർദ്ധിച്ചവരായി കരതലാമലകംപോലെ വെളിവായിരിക്കുന്നു.

'ജീവരക്ഷാമൃതം' എന്ന **ആനന്ദകുസുമാകരലേഹ്യം:**— അമൃതസഞ്ജീവിനിപോലെ ഫലം നൽകുന്നതു്. 20 തോലാ അടങ്ങിയ ഡപ്പിക്കു് വില രൂ 3

**ഗ്രന്മകുലാന്തകൻ:**— ഈ ഭയങ്കരവ്യാധിക്കു് കൃത്യം പററുന്ന ഒരു ദിവ്യയോഗം. (¼ ആഴ്ച ഉപയോഗിച്ചാൽ മതി. ഡപ്പിഒന്നുക്കു് വില രൂ. 3

**കാസശ്വാസസംഹാരി:**— ആശ്ചര്യകരമായ ഫലസിദ്ധിയുള്ളതു്. വില ഡപ്പി ഒന്നുക്കു് രൂ 3.

ഞങ്ങളുടെ പുതിയ ക്യാററ്ലാഗിനു് ആവശ്യപ്പെടുക:—

മദ്രാസ് ജീവരക്ഷാമണിവൈദ്യശാല,
മെയിൻറോഡു്—കൊല്ലം.

# വിവേകാനന്ദസ്വാമി.

---

(പി. ശേഷാദ്രിഅയ്യർ, ബി. എ. എം. എൽ.)

ആധുനികകാലത്തെ ഭാരതനേതാക്കന്മാരിൽ ഒരു ഉത്തമസ്ഥാനം വഹിക്കുന്ന ശ്രീ വിവേകാനന്ദസ്വാമിയുടെ ജന്മമാസമായ ഈ മകരത്തിൽ (ഇംഗ്ലീഷ് നവവത്സരാരംഭത്തിൽ) ആ മഹാപുരുഷനെപ്പററി സ്വല്പം ചിന്തിക്കുന്നതു് അവസരോചിതമായിരിക്കുമല്ലോ. "ഭാരതമാതാവു് ഉണർന്നിരിക്കുന്നു. അവരുടെ പാവനമായ സന്ദേശം ശാന്തിപൂർണ്ണമായി ആശീർവചനങ്ങളോടുകൂടി ലോകമെങ്ങും മുഴക്കുക, ഘോഷിക്കുക" എന്നു് അൻപതിൽചില്വാനം വർഷങ്ങൾക്കുമുൻപു് അദ്ദേഹം പ്രവചിച്ചതു് ഏതാണ്ടു് ഇപ്പോൾ സഫലമാകാൻ ഭാവിക്കുന്നതായി നാം കാണുന്നു.

പണ്ടും ഇന്നും സന്ന്യാസിമാർ പലരുമുണ്ടല്ലോ. വിവേകാനന്ദന്റെ വൈശിഷ്ട്യം എന്തു്? അലോകസാമാന്യമായ ബുദ്ധിശക്തിയാൽ അനുഗൃഹീതനായ അദ്ദേഹം ബാല്യത്തിൽതന്നെ സംസ്കൃതഭാഷയിൽ സ്പൃഹണീയമായ വ്യുൽപത്തി സമ്പാദിക്കുകയും പിൽക്കാലത്തു് പാതഞ്ജലമഹാഭാഷ്യാദി ഗ്രന്ഥങ്ങളിൽ അഗാധജ്ഞാനം ആർജ്ജിക്കുകയും ചെയ്തുവെങ്കിലും അതോടൊപ്പം പാശ്ചാത്യപരിഷ്കാരസംസ്കാരങ്ങളിലും പ്രാമാണികമായ അറിവു സമ്പാദിച്ചു. അതിനാൽ രണ്ടു സംസ്കാരങ്ങളുടേയും താരതമ്യത്തെ വിവേചനംചെയ്തു് വിധികല്പിക്കാൻ അദ്ദേഹം ശക്തനായിരുന്നു. പ്രാചീനത്തെമാത്രം സർവ്വഥാ മുറുകെപ്പിടിക്കുന്ന പണ്ഡിതന്റേയോ നവീനത്തെമാത്രം സ്വീകരിച്ചു് പ്രാചീനത്തെ പൂർണ്ണമായി തള്ളിക്കളയുന്ന ആധുനികന്റേയോ മനഃസ്ഥിതി അല്ലായിരുന്നു അദ്ദേഹത്തിന്റേതു്. ഗുണം എവിടെക്കണ്ടാലും അവിടെ നിന്നും സ്വീകരിക്കണമെന്നായിരുന്നു അദ്ദേഹം പറഞ്ഞിരുന്നതു്. സ്വാമിയുടെ സമ്പാദ്യം പുസ്തകജ്ഞാനം മാത്രമല്ലായിരുന്നു. ആസേതുഹിമാചലം ഭാരതത്തിലും, അമേരിക്ക, യൂറേഷ്യ മുതലായ ഭൂഖണ്ഡങ്ങളിലും സഞ്ചരിച്ചു പ്രത്യക്ഷമായി പലതും കണ്ടു മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിനാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിനു് അസാധാരണമായ പ്രാമാണ്യം ഉണ്ടു്.

പാശ്ചാത്യവിദ്യാഭ്യാസത്താൽ ഭാരതീയക്കു് ഉണ്ടായിട്ടുള്ള സംശയങ്ങൾ അദ്ദേഹത്തെയും ബാധിച്ചിരുന്നു. "ഈശ്വരൻ ഉണ്ടോ? മതം വെറും കെട്ടുകഥമാത്രമാണോ?" എന്നാൽ ഈ സംഗതികളെപ്പററി ആലോചനകൂടാതെ വല്ലതും പറയാൻ പുറപ്പെടാതെ സത്യാന്വേഷണത്തിനായി അദ്ദേഹം സ്വജീവിതം സമർപ്പിച്ചു. ഈശ്വരസാക്ഷാൽക്കാരം സിദ്ധിച്ച രാമകൃഷ്ണപരമഹംസനെ കാണാൻ അദ്ദേഹത്തിനു് ഇടയായി. സ്വാനുഭവംകൊണ്ടു് പരമഹംസദേവൻ അരുളിച്ചെയ്തതിന്റെ സത്യം അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. "ഈശ്വരൻ സത്യം. അദ്ദേഹത്തെ ദർശിക്കാം. തീവ്രമായ ആഗ്രഹം ഉണ്ടായിരുന്നാൽ ആ സാക്ഷാൽകാരം സിദ്ധിക്കും. എല്ലാമതങ്ങളും ഈശ്വരനെ കാണാനുള്ള മാർഗ്ഗങ്ങൾ തന്നെയാണു്. എല്ലാ മതങ്ങളും സത്യംതന്നെ." എന്നു് സ്വാമിക്കു് അനുഭവപ്പെട്ടു. അനന്തരം പരിവ്രാജകനായി ഭാരതത്തിന്റെ തല്ക്കാലസ്ഥിതി മനസ്സിലാക്കാൻ സഞ്ചരിച്ചു. പണ്ഡിതന്റെയും പാമരന്റെയും, കുബേരന്റെയും കുചേലന്റെയും, ബ്രാഹ്മണന്റെയും ചണ്ഡാലന്റെയും, രാജാക്കന്മാരുടെയും പ്രജകളുടെയും ആതിഥ്യം അദ്ദേഹം സ്വീകരിച്ചു. കന്യാകുമാരിയിൽവെച്ചു് അദ്ദേഹത്തിനു് ഒരു ചിന്ത ഉണ്ടായി. "ഭാരതഭൂമിയിൽ അതിന്റെ പ്രാണശക്തിയായ മതം സജീവമായി ഇരിക്കുന്നു എന്നാൽ ഭസ്മച്ഛന്നമായ അഗ്നിയെപ്പോലെ അതു മറഞ്ഞുകിടക്കുന്നു. ഭാരതത്തിലെ ദാരിദ്ര്യം ഭയങ്കരംതന്നെ. വയറു പട്ടിണികിടക്കുമ്പോൾ മതത്തിനു സ്ഥാനമെന്തു്? ഭാരതത്തിലെ ദാരിദ്ര്യം നീക്കണം. സാമാന്യമായ ഭൗതികജ്ഞാനം ഭാരതത്തിൽ സർവ്വത്ര ഉണ്ടാകാൻ ശ്രമിക്കണം. ഇതുതന്നെ

യാണു് ധനസമ്പന്നരും വിദ്യാസമ്പന്നരും ചെയ്യേണ്ടതു്." ചിക്കാഗോമതമഹാസഭയിൽ വിജയം കിട്ടിയദിവസംരാത്രി സ്വാമി ഒരു കുബേരന്റെ അതിഥിയായി കഴിച്ചു. തനിക്കുവേണ്ടി തയ്യാറാക്കിയിരുന്ന ഉത്തമശയ്യയിൽ ശയിക്കാതെ അദ്ദേഹം തറയിൽ കിടന്നു കണ്ണുനീർവാർത്തു്, "എത്രലക്ഷം ഭാരതസന്താനങ്ങൾ പട്ടിണികിടന്നു വലയുന്നു. അമ്മ! ജഗദംബേ! ഇതിനു് ഒരു നിവൃത്തിയും ഇല്ലേ?" എന്നു് വിലപിച്ചു കഴിച്ചുകൂട്ടിയതു് ഈ ഘട്ടത്തിൽ സ്മരണീയമത്രെ. സ്വാമികൾ സ്ഥാപിച്ച രാമകൃഷ്ണസംഘത്തിന്റെ ഒരു പ്രധാനകൃത്യം ക്ഷാമനിവാരണം, പ്ലേഗു മുതലായ സാംക്രമിക രോഗങ്ങളെ നിവാരണം ചെയ്യുകയും പീഡിതരെ ശുശ്രൂഷിക്കയും ചെയ്യുക, സാമാന്യജനങ്ങൾക്കുവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിക്കുക മുതലായവ ആണല്ലോ. സന്ന്യാസിമാർ അതിനുമുമ്പു് ഈമാതിരി കാര്യങ്ങളിൽ ഏർപ്പെടാതിരുന്നു. എന്നാൽ സ്വാമികൾ ഇതും സന്ന്യാസധർമ്മത്തിന്റെ അംഗമായി സ്വീകരിച്ചു. "ആത്മനോമോക്ഷാർത്ഥം ജഗദ്ധിതായ ച" മോക്ഷപ്രാപ്തിക്കും ലോകഹിതത്തിനും വേണ്ടിയാണു് സന്ന്യാസവൃത്തി സ്വീകരിക്കുന്നതു് എന്നു് സ്വാമി പലപ്പോഴും ശക്തിപൂർവ്വം ഘോഷിച്ചിരുന്നു. ഈ രണ്ടു കൃത്യങ്ങളും തുല്യപ്രാധാന്യത്തെ അർഹിക്കുന്നവെന്നും അദ്ദേഹം പറഞ്ഞിരുന്നു. "ശിവജ്ഞാനേ ജീവസേവാ" ശിവനെന്നറിഞ്ഞു് സകലജീവികളേയും സേവിക്കണം എന്നു ശ്രീരാമകൃഷ്ണദേവൻ അരുളിച്ചെയ്തതിനെത്തന്നെയാണു് സ്വാമികൾ ഇപ്രകാരം പ്രചരിപ്പിച്ചതു്. ഈശ്വരബുദ്ധ്യാ ജീവികളെ സേവിക്കുന്നതായാൽ അതു് ഈശ്വരാരാധനയ്ക്കു തുല്യമാണെന്നല്ല ഈശ്വരാരാധനതന്നെയാണെന്നു് സ്വാമികൾ ഉദ്ബോധിപ്പിക്കുന്നു. അതു മോക്ഷത്തിനു ബാധകമല്ലെന്നുമാത്രമല്ല അതീവ സഹായകമാണെന്നും സ്വാമി പഠിപ്പിച്ചു; സ്വയം ആചരിച്ചുകാണിച്ചു. പരമപദമായ നിർവ്വികല്പസമാധിയെ പ്രാപിച്ച സ്വാമിജി അശ്രാന്തം പ്രവർത്തിച്ചതു ഇപ്രകാരം തന്നെയായിരുന്നു.

പാശ്ചാത്യലോകം ഭൗതികജ്ഞാനത്തിൽ അത്യുച്ചകോടിയെ പ്രാപിച്ചിട്ടുണ്ടെങ്കിലും ആത്മജ്ഞാനത്തിന്റെ അഭാവത്താൽ ഒരു അഗ്നിപർവ്വതത്തിന്റെ മുകളിൽ സ്ഥിതിചെയ്യുകയാണെന്നും അതു വേഗം പൊട്ടിത്തെറിച്ചു് നാശോന്മുഖമാകുമെന്നും സ്വാമികൾ അമ്പതു കൊല്ലങ്ങൾക്കുമുമ്പു് പ്രവചിച്ചതു് അക്ഷരംപ്രതി ശരിയാണെന്നു ഇപ്പോൾ നമുക്കു കാണാൻ കഴിയുന്നു. ആദ്ധ്യാത്മികജ്ഞാനത്തിന്റെ ആകരമായ ഭാരതത്തിൽ നിന്നും സ്വാനുഭൂതിവന്നിട്ടുള്ളവർ പാശ്ചാത്യപ്രദേശങ്ങളിൽ ചെന്നു് ആദ്ധ്യാത്മികജ്ഞാനം പ്രചരിപ്പിക്കണമെന്നു് സ്വാമികൾ ആവശ്യപ്പെട്ടു; അതനുസരിച്ചു് സ്വയം ചെയ്തു. അദ്ദേഹത്തെ തുടർന്നു് ചിലർ ഇന്നും ആ മഹനീയ കൃത്യത്തിൽ നിസ്വാർത്ഥം ഏർപ്പെട്ടിരിക്കുന്നു.

ഭാരതമേ? പാശ്ചാത്യപരിഷ്കാരത്തിന്റെ മോഹജാലത്തിൽ അകപ്പെടാതെ—ബാഹ്യമോടിയിൽ ആകർഷിക്കപ്പെട്ടു് മതിമറന്നുപോകാതെ—സ്വന്തധനമായ ആദ്ധ്യാത്മികജ്ഞാനത്തെ കൈവിടാതെ കാലോചിതമായി ആവശ്യമുള്ള ഭൗതികജ്ഞാനം സമ്പാദിക്കണം. ഇങ്ങനെ ചെയ്താൽ ഭാവി ശുഭകരമായിരിക്കും. സ്വാമികളുടെ ദൃഷ്ടി പിറകോട്ടു നിബദ്ധമായിരുന്നില്ല. പ്രാചീനഭാരതത്തിന്റെ മഹിമകളെ പുലർത്തി അതിനേക്കാളും ഉച്ചതരമായ ഭാവിയെ ഭാരതം കരസ്ഥമാക്കണമെന്നാണു് അദ്ദേഹം ആഗ്രഹിച്ചിരുന്നതു്. ആ നിർമ്മലഹൃദയത്തിലെ അഭിലാഷം ഭാരതാംബികയുടെ—ജഗദംബയുടെ—കൃപയാൽ സഫലമാകട്ടെ!

---


## പുതിയ ഭക്ഷ്യപാകവിധി

1-ം, 2-ം ഭാഗങ്ങൾ.

പലഹാരപദാർത്ഥങ്ങൾ 173 വിധം ഉണ്ടാക്കേണ്ടും ക്രമം വിവരിക്കുന്ന പുസ്തകം.

വില 1 ക. 2 ണ.

## ഹനുമന്ത ആരൂഢശാസ്ത്രം

അവരവരുടെ ഗുണദോഷങ്ങളറിവാനുള്ള എളുപ്പവഴി. കോപ്പി വില 4 ണ.

വി. പി. മൂലം എഴുതുക:-

N. G. S. Iyer, P. O. Thiruvachira,
Via, Kallai, S. Malabra.

# രാഗവും ദ്വേഷവും.

(പി അനന്തൻപിള്ള, എം. എ.)

എല്ലാ മനുഷ്യരും സുഖമിച്ഛിക്കുന്നവരാണു്. നമ്മുടെ കൎമ്മലക്ഷ്യംതന്നെ ദുഃഖലേശം കൂടാതെയുള്ള സുഖാനുഭവമാണെന്നു പറയേണ്ടതില്ല. ഈ ഒരു തത്വത്തിന്മേലാണു് ലോകപരിഷ്കാരം സ്ഥിതിചെയ്യുന്നതു്. ഇതുവരെ ഉണ്ടായിട്ടുള്ള യുദ്ധങ്ങളും കലാപങ്ങളും, കലയും, ശാസ്ത്രവും എല്ലാംസുഖദുഃഖാസ്പദങ്ങളായ രാഗദ്വേഷങ്ങൾ നിമിത്തമാണെന്നു ചരിത്രം നോക്കിയാലറിയാം. ഇതു് ഏറെക്കുറെ വിശ്വജനീനമായ ഒരു പരമാൎത്ഥമായി ഗണിക്കാവുന്നതാകുന്നു. എന്നാൽ അവയ്ക്കു തൃപ്തികരമായ പരിഹാരം നൽകുവാൻ ഭാരതീയസാഹിത്യത്തിനേ സാധിച്ചിട്ടുള്ളു.

ലോകത്തിലുള്ള സകല സാഹിത്യങ്ങളിലും വച്ചു് പഴക്കമേറിയ വൈദികസാഹിത്യം, ഉപനിഷത്തുവഴിയായി പരസ്സഹസ്രം ശതാബ്ദങ്ങൾക്കുമുമ്പു് രാഗദ്വേഷങ്ങളാൽ മനുഷ്യവംശത്തിനു സംഭവിച്ചിട്ടുള്ള വിപത്തുകളെ ഗാഢമായി ചിന്തിച്ചു് നമ്മുടെ സകലവിധ അഭിലാഷങ്ങൾക്കും ഉപരിയായി സ്ഥിതിചെയ്യുന്ന ആ 'അതീതപ്രകൃതിരഹസ്യം' വെളിപ്പെടുത്തി. ആ സ്ഥിതിയിലെത്തുന്നതാണു് പരമമായ ജീവിതോദ്ദേശ്യമെന്നും വ്യക്തമായി കാണിച്ചുതന്നു.

ഹിംസാപരങ്ങളായ യാഗങ്ങൾതന്നെയും നിഷിദ്ധങ്ങളാണെന്നും, അവയെ ഉപേക്ഷിച്ചു ആത്മവിദ്യ നേടണമെന്നും അക്കാലത്തുതന്നെ ധൈൎയ്യകമായി ഉപദേശിക്കുവാൻ ആളുണ്ടായിരുന്നു. ഈ ഉപദേശങ്ങളും വേദത്തിൽതന്നെ സ്ഥലംപിടിച്ചതു് നമുക്കിപ്പോൾ അത്ഭുതകരമായിത്തോന്നും. ഇവയാണു് കാലക്രമത്തിൽ ആരണ്യകങ്ങളും ഉപനിഷത്തുകളും ആയിത്തീൎന്നതു്. ഉദാഹരണത്തിനു ഋഗ്വേദത്തിലെ ഈ മന്ത്രം നോക്കുക:—

"നതം വിദാഥ യ ഇമാ ജജാനാന്നി
യുഷ്മാകം അന്തരം ബഭൂവ
നീഹാരേണ പ്രാവൃതാ ജല്പ്യാച
അസുതൃപ ഉക്ഥശാസശ്ചരന്തി".

(നിങ്ങളാരും ഏതൊരു പരാൎത്ഥതത്വത്തിൽനിന്നും ഉണ്ടായി എന്നും? നിങ്ങൾക്കും ആ ശക്തിക്കും ഇടയ്ക്കുന്തരമുള്ളതെന്നും അറിയുന്നില്ലല്ലോ. എല്ലാവരും അവിദ്യയിൽ മുഴുകി ഓരോന്നു ജല്പിക്കുന്നു. യാഗഫലങ്ങളെ മുറുക്കിപ്പിടിച്ചുകൊണ്ടു് ഭൌതികസുഖം തേടി ഭൂമിയിൽ ഇഴയുന്നു.) ആ പരാശക്തിയെപ്പററി ഇനിയും ഋഗ്വേദത്തിൽ ഒരു മന്ത്രം കാണുന്നുണ്ടു്.

"യോ നഃപിതാ ജനിതാ യോ വിധാതാ
ധാമാനി വേദ ഭുവനാനി വിശ്വാ
യോ ദേവാനാം നാമധാ ഏക ഏവ
തം സംപ്രശ്നം ഭുവനാ യന്ത്യന്യാ."

ഇതിൽനിന്നും നം മനസ്സിലാക്കേണ്ടതു് അന്നുതന്നെ ആളുകൾ ആ ഒരു 'ശക്തി'യെപ്പററി ചോദ്യംചെയ്തുതുടങ്ങിയിരുന്നു എന്നാണല്ലോ. നമ്മെയെല്ലാം സൃഷ്ടിച്ചു പരിപാലിക്കയും,സകല ജീവജാലങ്ങൾക്കും ജഡപദാൎത്ഥങ്ങൾക്കും നാമരൂപങ്ങൾ കല്പിക്കയും ചെയ്യുന്ന ദിവ്യശക്തിയെ അറിയുവാൻ യത്നിച്ചതിൻെറ ഫലമാണു് വേദത്തിൻെറ ജ്ഞാനകാണ്ഡം. ഇങ്ങനെ ഒരു മാൎഗ്ഗം അന്നു് വെട്ടിത്തുറന്നില്ലായിരുന്നു എങ്കിൽ, ഉപനിഷത്തുകളോ, ഗീതയോ, ബുദ്ധോപദേശമോ, അശോകശാസനമോ നമുക്കു ലഭിക്കുന്നതാണോ? പാശ്ചാത്യതത്വചിന്ത അൎവ്വാചീനമായിരിക്കുന്നതിനു കാരണം, അവിടത്തെ ചിന്താശീലന്മാരായ പ്രതിഭാശാലികൾക്കു് ഭാരതത്തിൽനിന്നും ഈ അമൂല്യരത്നങ്ങൾ ലഭിക്കുവാൻ വേണ്ടിവന്ന കാലതാമസമാണു്. അപ്പോഴേയ്ക്കും അവിടെ ഭൌതികപരിഷ്കാരം നിലയുറപ്പിച്ചുകഴിഞ്ഞു. പിന്നീടു രണ്ടു ലോകമഹായുദ്ധങ്ങൾ കഴിഞ്ഞതിനുശേഷം രാഗദ്വേഷാദികൾ അകററി മനുഷ്യവംശത്തെ ഏ

ധീകരിക്കേണ്ടതെങ്ങനെ എന്നു് അന്വേഷണം തുടങ്ങിയപ്പോൾ വീണ്ടും അവർ ഭാരതത്തിലേക്ക കണ്ണോടിച്ചുതുടങ്ങി.

കഴിഞ്ഞ രണ്ടു ശതാബ്ദങ്ങളായി പാരതന്ത്ര്യത്തിൽ കുടുങ്ങിയ നമുക്കു് ഇപ്പോൾ പൂർവസ്ഥിതിയെ പ്രാപിക്കുവാൻ വലിയ പ്രയാസമുണ്ടെന്നു് തോന്നുന്നില്ല. ഇതിന്നിടയ്ക്കു നാം വേണ്ടാത്ത പല അറിവും നേടി. ധർമ്മവിരുദ്ധമായ പല പ്രവൃത്തികളിലും ഏർപ്പെട്ടു. ധനലാഭം ഒന്നുമാത്രമാണു് മിക്കപ്പോഴും നമ്മുടെ ലക്ഷ്യമായിരുന്നതു്. ധനം ആത്മസുഖത്തിനായി എത്രതന്നെ കിട്ടിയാലും പോരെന്നു തോന്നി. അവിദ്യയും ധനവുംകൂടി ചേർന്നപ്പോൾ ഒരു പുതിയ തരത്തിലുള്ള 'അഹംബുദ്ധി'യും കടന്നുകൂടി. ആത്മാവിനെ വിഗണിച്ചു ശരീരത്തിന്നു പ്രാധാന്യം നൽകി. ഇങ്ങനെയുള്ള കാലഘട്ടങ്ങൾ പണ്ടും നാം തരണം ചെയ്യേണ്ടതായി വന്നിട്ടുണ്ടു്. വൈദികകാലത്തുതന്നെ ഉദാഹരണങ്ങൾ കാണാവുന്നതാണു്.

ലോകസംഗ്രഹജ്ഞാനപരിപൂർത്തിവന്ന യാജ്ഞവല്ക്യമഹർഷി സർവസംഗപരിത്യാഗം ചെയ്യുവാൻ നിശ്ചയിച്ചു് ഭാര്യയോടു യാത്ര ചോദിക്കുന്ന അവസരത്തിൽ സാപത്ന്യപരാഭവം പരിഹരിക്കുവാൻ തന്റെ സ്വത്തു വീതിക്കയുണ്ടായി. മൈത്രേയിക്കു് എന്താണു വേണ്ടതെന്നു ചോദിച്ചപ്പോൾ ആ മനസ്വിനി പറഞ്ഞു:—"നാഥാ, ലോകത്തിലെ സർവസമ്പദ്വിഭവങ്ങളും എനിക്കു ലഭിച്ചാലും മരണം ഒഴിക്കുവാൻ കഴിയുമോ?" അതു് സാധിക്കയില്ലെന്നു മഹർഷി പറഞ്ഞപ്പോൾ "എന്നാലെനിക്കു് ഒന്നും വേണ്ട, ഞാനും കൂടെപ്പോരാം" എന്നു സിദ്ധാന്തിച്ചു. ഈ 'ത്യാഗം' ലോകത്തിലെ സമകാലികമായ മററു യാതൊരു സാഹിത്യത്തിലും കാണാൻ കഴിയുന്നതല്ല.

ഇതുപോലെ പിൽകാലത്തു് യാജ്ഞവൽക്യനെ സമീപിച്ച ഗാർഗ്ഗിയും, സനൽകുമാരന്റെ അടുത്തുചെന്ന നാരദനും, അവർ അതുവരെ സമ്പാദിച്ച അറിവൊന്നും ശരിയായിട്ടുള്ളതല്ലെന്നും, ആത്മാവിനെപ്പററി വല്ലതും അറിഞ്ഞാൽ അതു് ജന്മസാഫല്യമായി വിചാരിച്ചുകൊള്ളാമെന്നും അപേക്ഷിച്ചവരത്രെ. നാരദൻ പഠിച്ചിരുന്ന വിഷയങ്ങളുടെ ഒരു പട്ടിക കാണുന്നുണ്ടു്. നാലു വേദങ്ങൾ, പഞ്ചമവേദമായ ഇതിഹാസപുരാണങ്ങൾ, വ്യാകരണം, പിതൃക്രിയകൾ, രാശിപ്രമാണം, കാലഗണന, വാകോവാക്യം (തർക്കം) നിധിപ്രമാണം, ദേവവിദ്യ, ബ്രഹ്മവിദ്യ, ഭൂതവിദ്യ, നക്ഷത്രവിദ്യ, സംസർപ്പദേവജനവിദ്യ, ശബ്ദശാസ്ത്രം, നിഘണ്ടുനിർമ്മാണം, പ്രകൃതിവിജ്ഞാനീയം, ഗണിതം (ഫലഭാഗം) നൃത്തം, സംഗീതം, മററു കലകൾ—ഇവയെല്ലാമായിരുന്നു അദ്ദേഹം പഠിച്ച വിദ്യകൾ. ഇതു കേട്ടിട്ടു് സനൽക്കുമാരൻ പറഞ്ഞതെന്താണു്? "ഇതുവരെ പഠിച്ചതൊന്നും ഉപയോഗമുള്ളതല്ല, നാമരൂപങ്ങൾമാത്രം; ലോകജീവിതം സാധിക്കാമായിരിക്കാം എന്നാൽ അതുകൊണ്ടു തൃപ്തിപ്പെട്ടിരുന്നാൽ മതിയോ? ആത്മാവിന്റെ കാര്യമൊന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല. ഇപ്പോൾ എങ്കിലും ആ വിചാരം വന്നതു നന്നായി." ചുരുക്കിപ്പറഞ്ഞാൽ ആധിഭൗതികങ്ങളും ആധിദൈവികങ്ങളും ആയ ദുഃഖങ്ങളൊഴിച്ചു ശരീരത്തെ പരിപാലിക്കുവാൻമാത്രമെ ഈ അറിവുകൊണ്ടു സാധിക്കയുള്ളു എന്നും ആദ്ധ്യാത്മികജ്ഞാനംകൊണ്ടല്ലാതെ രാഗദ്വേഷാദികൾ ഒഴിക്കുവാൻ സാധിക്കയില്ലെന്നുമാണു് വന്നുകൂടുന്നതു്.

വേദങ്ങളിൽ വിതച്ച ഈ ആത്മജ്ഞാനവിത്തുകൾ വളർന്നു പുഷ്ടിയെ പ്രാപിച്ചതു് ഉപനിഷത്തുകളിലാകുന്നു. പിന്നെയാണു് ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം, ക്ഷണഭംഗുരവാദം, വിജ്ഞാനവാദം, ഭേദാഭേദവാദം, നിരീശ്വരവാദം മുതലായ അനവധി സിദ്ധാന്തങ്ങളുണ്ടായതു്.

തത്വജ്ഞാനം ഇങ്ങനെ അഭിവൃദ്ധിയെ പ്രാപിച്ചതോടുകൂടി ലൌകികസുഖപ്രേരകങ്ങളായ കലയും ശാസ്ത്രവും ഉപേക്ഷിച്ചു എന്നു വിചാരിക്കരുതു്. കലാകാരന്മാരെയും ശാസ്ത്രകാരന്മാരെയും നിർബാധമായി സ്വേച്ഛപോലെ

പ്രവർത്തിക്കുവാൻ തത്വജ്ഞാനികൾ അനുവദിച്ചു. എന്നാൽ അവരുടെ ജീവിതചര്യകൊണ്ടു് ലോകസുഖം എത്രതന്നെ അനുഭവിച്ചാലും മനസ്സിനു ശാന്തിയും സമാധാനവും സ്ഥിരമായി ലഭിക്കുവാൻ വിഷമമാണെന്നു് പ്രത്യക്ഷപ്പെടുത്തി. ആ പാഠം മററുള്ളവരും സ്വീകരിച്ചു. അതാണു് നമ്മുടെ കലകളും ശാസ്ത്രങ്ങളും എന്നുവേണ്ട സമുദായബന്ധങ്ങളും, രാഷ്ട്രീയസ്ഥിതിഗതികളും, അവയുടെ ബാഹ്യരൂപങ്ങൾ എങ്ങിനെയിരുന്നാലും, ശാന്തിയും സമാധാനവും ഉൾക്കൊള്ളുവാൻ കാരണം. ഭാരതീയസ്വാതന്ത്ര്യം യുദ്ധവും, പരാക്രമവും, ഹിംസയും കൂടാതെ കൈക്കലാക്കി എന്നു നാം പറയുമ്പോൾ വിദേശീയർ അമ്പരക്കുന്നതിന്റെയും കാരണം അതുതന്നെയാണു്.

ഭൗതികപരിഷ്കാരം അതിന്റെ പരമകോടിയിലെത്തിയതിന്റെ ശേഷം അധഃപതിക്കുന്ന ഈ ഘട്ടത്തിൽ വീണ്ടും അതിനെ ശക്തിപ്പെടുത്തുവാൻ പാശ്ചാത്യരാജ്യങ്ങളിൽ തുടങ്ങിയിരിക്കുന്ന യത്നം അടുത്ത യുദ്ധമുണ്ടാകുന്നപക്ഷം ലോകത്തെ ഒന്നോടെ നാശഗർത്തത്തിലാഴ്ത്തുമെന്നുള്ളതിനു സംശയമില്ല. ആകയാൽ മനുഷ്യന്റെ മഹത്വത്തെയും, ജീവിതത്തിന്റെ വിലയേയും, സർവ്വോപരി ആത്മാവിന്റെ ശ്രേയസ്സിനേയും പററി ശരിയായിട്ടുള്ള അറിവു് ലോകത്തിൽ പ്രചരിപ്പിക്കുവാൻ അതിനുകീർത്തികേട്ട നമ്മുടെ ഇന്ത്യാമഹാരാജ്യംതന്നെ മുന്നോട്ടു വരേണ്ടതാണു്. പരോക്ഷമായ ഈ അറിവു് വിദേശങ്ങളിൽ പ്രചരിച്ചിട്ടുള്ളതു് അന്യഭാഷമൂലം തീരെ അപൂർണ്ണാവസ്ഥയിൽ ഗ്രഹിച്ചിട്ടുള്ള ഭാരതീയർ കുറഞ്ഞൊരുകാലമായി മേന്മ നടിക്കുകയും, ഉത്ഭവം വിസ്മരിച്ചു്, വൈദികസാഹിത്യത്തെ അല്പം അവജ്ഞയോടുകൂടി വീക്ഷിക്കുകയും ചെയ്യുന്നുണ്ടെന്നുള്ള പരമാർത്ഥം മറച്ചുവയ്ക്കാവുന്നതല്ല. എന്നാൽ ഇംഗ്ലീഷിന്റെ തിരോധാനത്തോടുകൂടി ആവക ഗ്രന്ഥങ്ങളുടെ പ്രചാരം വിരളമായിത്തീരുമെന്നാശിക്കാം. നമ്മുടെ നാട്ടുഭാഷയായ മലയാളത്തിൽ ഇതെല്ലാം എഴുതിപ്പിടിപ്പിച്ചിട്ടു കാര്യമെന്താണെന്നും, അതുകൊണ്ടു് ലോകപരിഷ്കാരം സാധിക്കുമോ എന്നും ചോദിച്ചേക്കാം. മലയാളഭാഷയിൽ നാം എഴുതുന്നതു നമ്മുടെ രാജ്യത്തുമാത്രമേ പ്രചരിക്കയുള്ളു എങ്കിലും, ചുരുങ്ങിയ പരിധിക്കുള്ളിൽ അതിനു സിദ്ധിച്ചേക്കാവുന്ന അസാമാന്യമായ ഫലം സർവ്വവ്യാപകമായ ശക്തിയെ പ്രദാനം ചെയ്യും. റഷ്യയിൽ തുടങ്ങിയ "സോഷ്യലിസം" ലോകമെട്ടുക്കു വ്യാപിച്ചിരിക്കുന്നതു കണ്ടില്ലേ? ഒരു കേരളീയനായ ശ്രീശങ്കരാചാര്യർ അഖിലഭാരതീയപ്രശസ്തി നേടിയതെങ്ങനെ? ആകയാൽ ആ വഴിക്കു നിരാശപ്പെടേണ്ടതില്ല.

ശരിയായ വിദ്യാഭ്യാസം മനുഷ്യന്റെ വ്യക്തിമാഹാത്മ്യം വർദ്ധിപ്പിക്കുന്നതായിരിക്കണം. അങ്ങനെയുള്ള അനവധി വ്യക്തികളുടെ സമഷ്ടിരൂപമായിരിക്കും ഭാവിയിലെ ഉൽകൃഷ്ടസമുദായം. അതിലെ ഉച്ചനീചത്വങ്ങളും രാഗദ്വേഷാദികളും ഒഴിച്ചു് മനുഷ്യവംശത്തിന്റെ ഉൽക്കർഷം സ്ഥാപിക്കുവാനാണു് യുദ്ധാനന്തരപുനസ്സംവിധാനത്തിൽ വിദ്യാഭ്യാസധുരന്ധരന്മാർ ശ്രമിക്കേണ്ടതു്.

"ദുഃഖേഷ്വനുദ്വിഗ്നമനാഃ
സുഖേഷു വിഗതസ്പൃഹഃ
വീതരാഗഭയക്രോധഃ
സ്ഥിരധീഃ മുനിരുച്യതേ"

എന്നു് എല്ലാവരേയും പററി പറയുവാൻ ഇടയാകുന്ന കാലം സന്നിഹിതമാകട്ടെ!

# കവിതാമഞ്ജരി

## രണ്ടാംഭാഗം.

## വില രൂപാ ൧

ഗ്രന്ഥകർത്താ,

പുലിയന്നൂർ എസ്. രാമയ്യർ അവർകൾ.

(മീനച്ചൽത്താലൂക്കിനെ സ്പർശിക്കുന്നതായിത്തന്നെ ഏഴു കവിതയുണ്ട്)

ഫാദർ എബ്രഹാം വടക്കേതിൽ അവർകളുടെ, പ്രൗഢവും വിമർശനപരവുമായ അവതാരിക പഠിക്കേണ്ടതുതന്നെ.

ധാരാവാഹിയായ വാക്പ്രസരം, വിശിഷ്ടമായ രചന, മോഹനമായ ഭാവനാനവനവോല്ലേഖങ്ങൾ, ഹൃദ്യമായ വൈദർഭീരീതി, ആകർഷകങ്ങളായ അലങ്കാരങ്ങൾ. നിരൂപകശിഖാമണിയായ അവതാരകൻ പറയുന്നതിൽ അല്പം ശ്രദ്ധിക്കുകതന്നെ. ഓരോരോ അവസരങ്ങളിൽ പരിതഃസ്ഥിതികളുടെ സമ്മർദ്ദത്താൽ കവിഹൃദയത്തിൽ കളം തല്ലിയ വികാരവിചാരങ്ങളുടെ മൂർത്തിരൂപങ്ങളാണ് 'കവിതാമഞ്ജരി'യുടെ ഈ ദ്വിതീയ ഭാഗത്തിൽ പ്രത്യക്ഷമാകുന്ന 10 ഖണ്ഡകാവ്യങ്ങൾ. ഉജ്ജ്വലമായ ദേശാഭിമാനം, ആർഷസംസ്കാരത്തോടുള്ള അളവററ ഭക്തി, പ്രകൃതിവിലാസദർശനമാത്രയിലുളവാകുന്ന ആഹ്ലാദം, അമേയമായ ഭൂതാനുകമ്പ, അചഞ്ചലമായ ഈശ്വരഭക്തി മുതലായ കവിഹൃദയത്തെ ചലിപ്പിച്ചിട്ടുള്ള വികാരങ്ങളുടെ സന്ദർഭാനുസാരേണയുള്ള ചിത്രങ്ങളാണ് ഓരോ കവിതയിലും അണിയായി നിബന്ധിക്കപ്പെട്ടിരിക്കുന്നത്. കവിയുടെ ഔചിത്യബുദ്ധി അത്യന്തം പ്രശംസനീയമെന്നും, കവിയുടെ ഭാവനയും ആഴിയിലെ തരംഗപരമ്പരപോലെ ഉണ്ടായിരിക്കുന്നുവെന്നും പിന്നെയും പറയുന്നു.

ചന്ദ്രാപ്രസ്സിലെ സുന്ദരമായ അച്ചടി! കമനീയമായ കവർ!

## ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ

1 ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം (വ്യാഖ്യാനം) 1 രൂ.
2 കവിതാമഞ്ജരി 1-ാംഭാഗം 8 ണ.
3 രാജഭക്തി (കവിതാസമാഹാരം) 1 രൂ.
4 അഞ്ജലി (കൃഷ്ണാവതാരസംഗ്രഹം) 1 രൂ.
5 സുലോചന (ഗദ്യകാവ്യം) 1 രൂ. ണ.
6 ലേഖനമഞ്ജരി 1-ാംഭാഗം 2 രൂ.
7 ദിലീപൻ 8 ണ.
8 ശിവനൃത്തോത്ഭവം (തുള്ളൽ) 6 ണ.
9 ബോധമാലി 1-ാംഭാഗം 8 ണ.
10 ഭക്തിദീപിക (ഒരു നിരൂപണം) 4 ണ.

പുലിയന്നൂർ ബുക്ക്ഹൌസ്
A. O. & P. O. പാലാ
ബ്രാഞ്ച്—തൊടുപുഴ.

മാനേജർ,
ചന്ദ്രാപ്രസ്സ്,
ചാല, തിരുവനന്തപുരം.

# ലോകത്തിന്റെ കെടാവിളക്ക്.

(ആർ. മാധവപ്പൈ,, ഇറവൂർ)

1869 ഒക്ടോബർ 2-ാംനു- കാത്തിയവാഡ് സംസ്ഥാനത്തിലെ പോർബന്തറിൽ ഒരു ദീപപ്രഭ ഉദയം ചെയ്തു. അനുക്രമം ദീപ്തിമത്തായിക്കൊണ്ടിരുന്ന ആ കൊച്ചുവിളക്കിന്റെ പ്രകാശം കടൽകടന്നു് ആഫ്രിക്കയിൽ ചെന്നു് പ്രതിഫലിച്ചപ്പോഴത്രെ ലോകം അതിൽ ശ്രദ്ധ പതിപ്പിച്ചു തുടങ്ങിയതു്. അക്കാലംമുതൽ ആ തേജോവിലാസത്തിന്റെ പ്രസരണം അന്തേവാസികളുടേയും ആരാധകന്മാരുടേയും നാട്ടുകാരുടേയും ലോകത്തിന്റേയും ഹൃദയങ്ങളിൽ പ്രതിഫലിച്ചുതുടങ്ങി. കാഴ്ചയിൽ ചെറുതെങ്കിലും കാൎയ്യത്തിൽ മഹത്തിൽ മഹത്തായ ആ പ്രകാശം അപണ്ഡിതന്മാരുടേയും അജ്ഞാനികളുടേയും ഹൃദയാന്ധകാരത്തിൽ ചുഴിഞ്ഞിറങ്ങി അവിടമെല്ലാം പ്രകാശമാനമാക്കാൻ ശക്തിമത്തായി ഭവിച്ചു. അനേകകോടി ഹൃദയങ്ങൾ ആ ചൈതന്യവാരിധിയുടെ മുൻപിൽ പ്രണമിതങ്ങളായിത്തീൎന്നു. 1913 മുതൽ 1948-വരെ മുപ്പത്തഞ്ചുകൊല്ലങ്ങൾക്കിടയിൽ 15 പ്രാവശ്യം ആത്മശുദ്ധീകരണാൎത്ഥമുള്ള ഉപവാസങ്ങളെന്ന ഭാവത്തിൽ ആ വിശിഷ്ടദീപം സ്വയം ശുദ്ധീകരിക്കപ്പെട്ടു. ഓരോ ശുദ്ധീകരണവും അതിന്റെ പ്രഭയെ പതിന്മടങ്ങു വൎദ്ധിപ്പിച്ചു. ഇങ്ങനെ ഏതാണ്ടു് എട്ടു ദശാബ്ദകാലംകൊണ്ടു് ആ ജ്യോതിൎഗ്ഗോളം ഭൂഗോളത്തിലെങ്ങും വെളിച്ചം പരത്തി. മനുഷ്യവൎഗ്ഗം മുഴുവൻ ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ആ മഹച്ഛക്തിയെ ആരാധിച്ചുതുടങ്ങി.

പ്രകാശത്തിൽ അന്ധത പ്രാപിക്കുക ചില ജീവികളുടെ സ്വഭാവവിശേഷമാണു്. വിശാലവ്യാപകമായ ഈ പ്രഭാപ്രസരത്തിൽ അന്ധമൂകമായിത്തീൎന്ന ഈ ക്ഷുദ്രജീവികൾ ആ മഹാജ്യോതിസ്സിനെ നിൎമ്മാൎജ്ജനം ചെയ്യാൻ കൊതിച്ചുയത്നിച്ചു. പടക്കമേറും മററും മററുംനടന്നു. പട്ടി കുരച്ചാലുണ്ടോ ചന്ദ്രനുദിക്കാതിരിക്കുന്നു! ഇച്ഛാഭംഗം മൂൎത്തീഭവിച്ചപ്പോൾ ആ ക്ഷുദ്രജീവികൾക്കു് ഭ്രാന്തിളകി. 1948 ജനുവരി 30-ാംനു- ആ ഭ്രാന്തസംഘത്തിന്റെ ഒരു പ്രതിനിധി ആ ജ്യോതിൎവ്വിലാസത്തിന്റെ നേൎക്കു് കൈത്തോക്കു ചൂണ്ടി. തഗ്ളക്ക് റോഡിലെ ഇരുളടഞ്ഞ പോലീസ് ലാക്കപ്പിൽക്കിടന്നു് അയാൾ ഇപ്പോഴും അഭിമാനിക്കുന്നു, താൻ ആ തേജോഗോളത്തെ നിൎമ്മാൎജ്ജനംചെയ്തു എന്നു്! വിശ്വം മുഴുവൻ തന്റെ ഉള്ളംകൈയിൽ ഒതുക്കിയെന്നു്! പാവം. ഇതിൽക്കവിഞ്ഞ ഒരു വിഡ്ഢിത്തം—ഒരു ഭ്രാന്തത്തം ലോകം കണ്ടിരിക്കയില്ല.

ഈ പ്രഭാപൂരത്തെ ഇല്ലായ്മചെയ്യാനത്രെ ഭ്രാന്തൻ ഉദ്യമിച്ചതു്. സംഭവിച്ചതോ! ആ പ്രഭ ഒരു കെടാവിളക്കായി ഒരു ശാശ്വതദീപമായി പരിണമിച്ചു എന്നതുമാത്രം. അമിട്ടു പൊട്ടുമ്പോൾ ഏകപിണ്ഡത്തിൽനിന്നു് എണ്ണമററ ജ്യോതിഃകണങ്ങൾ വ്യാപരിക്കുന്നതുപോലെ, ആ ഭ്രാന്തൻ കൈത്തോക്കു ചൂണ്ടി ശബ്ദമുണ്ടാക്കിയപ്പോൾ ആ പ്രഭാപടലം അനേകകോടിയായിപ്പിരിഞ്ഞു് ലോകത്തിലെ ഓരോ വ്യക്തിയുടേയും ഹൃദയത്തിൽ പ്രവേശിച്ചു. മനുഷ്യസമുദായം നിലനില്ക്കുന്നിടത്തോളംകാലം ആ വൎഗ്ഗത്തെ നേരായമാൎഗ്ഗം കാട്ടി സുധീരം നയിക്കുവാൻ കഴിയത്തക്ക ശാശ്വതാവസ്ഥ ആ മഹാജ്യോതിസ്സിനു് പരിപൂൎണ്ണമായി സിദ്ധിച്ചിരിക്കുന്നു.

വല്ല കളങ്കവും നമ്മുടെ ഹൃദയാഗാധതയിൽ ശേഷിച്ചിരിപ്പുണ്ടെങ്കിൽ അതിനെയെല്ലാം സ്വയം കണ്ടറിയാൻ നമുക്കു കഴിയുമാറു് ഒരു പ്രകാശം 1948 ജനുവരി 30-ാംതീയതി മുതൽ നമ്മിലോരോരുത്തന്റെയും അന്തൎഭാഗത്തു് ഉദയം ചെയ്തിട്ടില്ലയോ? ആ പ്രകാശമത്രെ ലോ

# അണുശക്തി.

(John M. John, B. A. L. T.)

ഇഷ്ടിക, തടി ഇവകൊണ്ടാണല്ലോ കെട്ടിടങ്ങൾ പണിയുന്നതു്. എന്നാൽ രണ്ടു കെട്ടിടങ്ങൾ ഒന്നുപോലെ കാണപ്പെടുന്നില്ല. ഇതുപോലെ പ്രപഞ്ചസൃഷ്ടിക്കു് ഒരുപോലെയുള്ള അണുക്കളെയാണു് ഉപയോഗിച്ചിട്ടുള്ളതു്. എങ്കിലും അവ പല വസ്തുക്കളായി കാണപ്പെടുന്നു. ഇതാണു് അണുസിദ്ധാന്തം.

രസതന്ത്രജ്ഞന്മാർ വസ്തുക്കളുടെ ഉൽഘടനയെപ്പററി ഗവേഷണങ്ങൾ നടത്തിയതു് മുൻകാലങ്ങളിൽ താഴ്ന്നലോഹങ്ങളെ സ്വർണ്ണമാക്കാമെന്നൊരു ധാരണ അവർക്കുണ്ടായിരുന്നതുനിമിത്തമാണു്. ഈജിപ്തുകാരായിരുന്നു ഈ രീതിക്കു് മുന്നോടികളായിരുന്നതു്. യൂദനായകനായ 'മോശ' ഒരു രസതന്ത്രജ്ഞനായിരുന്നു എന്നു കരുതപ്പെടുന്നു. രസവാദമെന്ന അവരുടെ സമ്പ്രദായത്തിൽ നിന്നുമാണു് ആധുനികരസതന്ത്രം സംജാതമായിട്ടുള്ളതു്. രസതന്ത്രജ്ഞൻ താഴ്ന്നലോഹങ്ങളെ സ്വർണ്ണമാക്കുന്നില്ലെങ്കിലും അസംസ്കൃതവസ്തുക്കളിൽ നിന്നും കണ്ണാടി, സ്ഫടികക്കല്ലുകൾ, ലോഹങ്ങൾ, പാത്രങ്ങൾ ഇങ്ങനെ സുന്ദരങ്ങളായ അനേകം വസ്തുക്കൾ നിർമ്മിക്കുന്നു.

ഒരു വസ്തുവിനെ അംശിച്ചു് ചെറുതാക്കാമെങ്കിലും അതിനൊരതിരുണ്ടു്. ഗന്ധകക്കട്ട പൊടിച്ചു് സൂക്ഷ്മധൂളിയാക്കാം. ഒരു ധൂളി പിന്നെയും അംശിച്ചു് അതിസൂക്ഷ്മമാക്കിയാൽ വീണ്ടും അംശിക്കാൻ നിവൃത്തിയില്ലാത്ത ഒരു പതനത്തിലെത്തും. അതു് പിന്നീടു് അംശിക്കാൻ സാധ്യമല്ലതന്നെ. ഈ ആശയം പുരാതനഗ്രീക്കുകാരാണു ഉദയംചെയ്തതു്. പക്ഷെ അവർ ഗവേഷണചതുരന്മാരായിരുന്നില്ല എന്നുള്ളതുകൊണ്ടു് ആ സിദ്ധാന്തം തെളിയിക്കാൻ കഴിഞ്ഞില്ല.

അണുസിദ്ധാന്തത്തെ നവീകരിച്ചു് ആധുനികഗവേഷകർക്കു് വഴിതെളിച്ചതു് ജോൺഡാൾട്ടൺ ആണു്. (1766-1844) അദ്ദേഹത്തിന്റെ അഭ്യൂഹപ്രകാരം പ്രപഞ്ചമാകെ 90 മൂലകങ്ങളെ ഉള്ളൂ. അതിലൊന്നു് മറെറാന്നിനോടു് സാമ്യമുള്ളതല്ല. ഓരോന്നും പ്രത്യേകസ്വഭാവത്തോടുകൂടിയതാണു്. അങ്ങനെ 90-ൽപരം മൂലകവസ്തുക്കളാണു് പ്രപഞ്ചഇഷ്ടികകൾ എന്നു സിദ്ധിക്കുന്നു

19-ാംശതാബ്ദത്തിൽ 24 മൂലകങ്ങളെ അറിയപ്പെട്ടിരുന്നുള്ളൂ. എന്നാൽ ആ നൂററാണ്ടിൽ മൂലകങ്ങൾ ഒന്നിനു പുറകെ ഒന്നായി കണ്ടുപിടിക്കപ്പെട്ടു. ഇതു് സുസാധ്യമായ ഒരു കാര്യമല്ല. ഓക്സിജൻ, നൈട്രജൻ ഇവ വായുവിലുണ്ടു്. ഗന്ധകവും, സ്വർണ്ണവും സ്വതന്ത്രാവസ്ഥയിൽ കാണപ്പെടുന്നു. മററുമൂലകങ്ങളെല്ലാം സംയുക്തങ്ങളായിട്ടുമാത്രമെ അറിയപ്പെടുന്നുള്ളൂ. കക്കാ-കാൽസിയം, കരി, ഓക്സിജൻ ഇവ ചേർന്നുണ്ടായതാണു്. ഇങ്ങനെ മററുള്ള വസ്തുക്കളും പല മൂലകങ്ങളുടെ സംയുക്തങ്ങളാണു്.

മൂലകങ്ങളെ വേർപെടുത്തുവാൻ പല ഉപായങ്ങളുമുണ്ടു്. അഗ്നിച്ചൂള, വൈദ്യുതിപ്രയോഗം, മററുവസ്തുക്കളുമായുള്ള രാസപ്രയോഗങ്ങൾ ഇവയെല്ലാമാണു് മൂലകങ്ങളെ വേർപെടുത്താനുള്ള സഹായികൾ. എന്നാൽ ഇപ്പോൾ സ്പെക്ട്രോസ്കോപ്പുപയോഗിച്ചു് മൂലകങ്ങളുടെ കല

---

കത്തിന്റെ കെടാവിളക്കു്. മനുഷ്യസമുദായത്തെ പവിത്രീകരിക്കുവാൻ, നേർവഴിയിൽക്കൂടി നയിക്കുവാൻ, ലോകത്തിൽ ശാന്തിയും സമാധാനവും സമചിത്തതയും സ്ഥാപിക്കുവാൻ ആ ദീപപ്രഭയ്ക്കു കഴിയും. നാം അതിന്റെ പ്രകാശത്തിൽ ജീവിതം നയിക്കുക! അങ്ങനെ അതിനെ പ്രോജ്വലിപ്പിക്കുക!!

ട്ടു് വളരെ കുറഞ്ഞതോതിൽപോലും കണ്ടുപിടിക്കപ്പെടുന്നു. ഒരു വസ്തു, ആവിയിലൂടെ പോരുന്ന പ്രകാശത്തെ നിരീക്ഷിച്ചു് പദാർത്ഥനിർണ്ണയം ചെയ്യാൻ സാധിക്കുന്നു. നക്ഷത്രഗോളങ്ങളിലുള്ള മൂലകങ്ങളെ അവയുടെ പ്രകാശനിരീക്ഷണം മൂലമാണു് അറിയുന്നതു്. ഇന്നു് സർവ്വസാധാരണമായി അറിയപ്പെടുന്ന പലമൂലകങ്ങളും നൂതന കണ്ടുപിടുത്തങ്ങളാണു്. ഇറിഡിയം 1804-ൽ അറിയപ്പെട്ടു. അലൂമിനിയം 1827-ലും റേഡിയം 1898-ലും ആണു് അറിയപ്പെട്ടതു്. ഇനിയും പിടികിട്ടേണ്ടതായി രണ്ടു മൂലകങ്ങൾ ഉണ്ടു്. അവയെപ്പറ്റി അന്വേഷണം നടക്കുന്നുമുണ്ടു്

ഗുണവിശേഷങ്ങളനുസരിച്ചു് മൂലകങ്ങളെ വകുപ്പുകളായി തിരിച്ചതു് മെണ്ടലെ (Mendelef) എന്ന റഷ്യൻ ശാസ്ത്രജ്ഞനാണു്. 1834-1907) ഓരോ മൂലകത്തിനും അണുഭാരം ഉണ്ടു്. ഹൈഡ്രജന്റെ അണുഭാരം ഒന്നെന്നു കരുതിയാൽ കരിയുടേതു് 12-ം ഓക്സിജന്റേതു് 16-ം ഇങ്ങനെ യുറേനിയത്തിനു് 238 വരെയുണ്ടു്. മൂലകഭാരാനുപാതത്തിലാണു അവ സംയോജിക്കുന്നതു്. വെള്ളത്തിൽ രണ്ടണുഭാരം ഹൈഡ്രജനും ഒരണുഭാരം ഓക്സിജനുമുണ്ടു്. കറിയുപ്പിൽ ഒരണുഭാരം ഹൈഡ്രജനും ഒരണുഭാരം ക്ലോറിനുമുണ്ടു്. ഇങ്ങനെ ലഘുവായ അനുപാതങ്ങളിലാണു് സകല രാസമാറ്റങ്ങളും നടക്കുന്നതു്. 'മെണ്ടലെ' ഈ അണുഭാരങ്ങളെ ക്രമമായി പട്ടികയാക്കിയപ്പോൾ ചില ഗുണവിശേഷങ്ങൾ ചില മൂലകങ്ങളിൽ ആവർത്തിക്കുന്നതായി കണ്ടു. ഓരോ വകുപ്പിലുമുള്ള ക്രമസ്ഥാനമൂലകങ്ങൾ തമ്മിൽ വളരെ സാമ്യമുണ്ടു്. ഈ പട്ടികയിൽ പല മൂലകസ്ഥാനങ്ങളും ഒഴിവായി കിടന്നിരുന്നു. ക്രമസ്ഥാനമനുസരിച്ചു് അവയുടെ ഗുണവിശേഷങ്ങൾ 'മെണ്ടലെ' രേഖപ്പെടുത്തി. ഈ മൂലകങ്ങൾ പിന്നീടു കണ്ടുപിടിക്കപ്പെട്ടപ്പോൾ 'മെണ്ടലെ' രേഖപ്പെടുത്തിയ ഗുണവിശേഷങ്ങൾ തന്നെ അവയ്ക്കുണ്ടായിരുന്നു. ഇതു് രസതന്ത്രപരമായ അത്ഭുതത്തെ പ്രവചനമായിരുന്നല്ലോ. അതു് ശരിയായി എന്നു തെളിഞ്ഞപ്പോൾ ആ പട്ടികയെപ്പറ്റി ബഹുജനങ്ങൾ കൂടുതൽ ആരായുകയും അതിൽ വിശ്വസിക്കുകയും ചെയ്തു. ഇങ്ങനെയാണു് വസ്തുക്കളുടെ ഏകസ്വഭാവവാദം തെളിയിച്ച ഒരു വസ്തുതയായതു്.

വസ്തുക്കളുടെ അണുക്കൾ ഓരോന്നും പ്രത്യേകരീതിയിലുള്ളതായിരുന്നാൽ ഈ സാമ്യത്തിനു കാരണമില്ല. യാദൃച്ഛികമായി ചില സാമ്യങ്ങൾ കാണേക്കാമെങ്കിലും എല്ലാ മൂലകങ്ങളെയും അതു ബാധിക്കുക സാദ്ധ്യമല്ല. അതുകൊണ്ടു് 'അണു' ഛേദ്യമായിരിക്കണമെന്നുള്ള ബോധം ബീജാവാപം ചെയ്തു. അണു ഒരു പദാർത്ഥത്തിന്റെ ഏറ്റവും ചെറിയ അംശമാണു്. ഇരുമ്പിന്റെ അണു ഇരുമ്പുതന്നെ. ആ അർത്ഥത്തിൽ അതു് ഛേദ്യമല്ലതാനും. എന്നാൽ അണുവിനു് സ്വന്തമായ ഒരു സംഘടനയുണ്ടു്. അതിനു് ഘടകങ്ങളുമുണ്ടു്. അവ അണുക്കളെക്കാൾ അതിസൂക്ഷ്മങ്ങളായ 'ശകല'ങ്ങളാണു്. ഈ അണുശകലങ്ങൾ എല്ലാ മൂലകങ്ങളിലുമുണ്ടു്. അവയാണു് പ്രപഞ്ചസൃഷ്ടിക്കുള്ള ഇഷ്ടികകൾ. യുറേനിയത്തിന്റെ അണുശകലങ്ങൾ ഹൈഡ്രജന്റെ അണുശകലങ്ങളോടു തുല്യമാണു്. എന്നാൽ അണുശകലങ്ങളുടെ എണ്ണവും സംഘടനാരീതിയുമാണു് സകല വ്യത്യാസങ്ങൾക്കും കാരണം.

അണുശകലങ്ങളെപ്പറ്റി ഗവേഷണങ്ങൾ നടത്തി തെളിവുണ്ടാക്കിയതു് വില്യംക്രൂക്സ് (William Crooks) തോംസൺ (J. J. Thomson) ഇവരാണു്. ഒരു കുഴലിലെ വായു മിക്കവാറും നീക്കി അതിലൂടെ വൈദ്യുതിപ്രവാഹം നയിക്കുമ്പോൾ വിശേഷതരത്തിലുള്ള രശ്മികളുണ്ടാകുന്നു ഇവയാണു് ഋണാഗ്രരശ്മികൾ. അതിസൂക്ഷ്മങ്ങളായ അണുശകലങ്ങൾ ഋണവിദ്യുച്ഛക്തിയും പേറിപ്പോകുന്ന ഇവയെ ഇലക്ട്രൺ (Eleotron) എന്നു് നാമകരണം ചെയ്തു പിന്നീടു് റോബർട്ടു് മില്ലിക്കൺ (Robert Millikan) ഇലക്ട്രനിന്റെ വലിപ്പം നിർണ്ണയിച്ചു. അതിനു് ഹൈഡ്രജൻ അണുവിന്റെ 1/1840 അംശം പിണ്ഡമേയുള്ളൂ. ഓരോ ഇലക്ട്രണിലുമുള്ള ശക്തി അളവു വളരെ കുറവാണു്. എന്നാൽ അവ അനേകം ചേരുമ്പോൾ ശക്തിയളവും ധാരാളം കാണേ

ണ്ടതുമാണ്. അങ്ങനെ കാണുന്നില്ല. അതിനാൽ ഓരോ അണുവിലും ഇലക്ട്രണുകളുടെ ശക്തിയെ വെല്ലുന്ന ധനാഗ്രശക്തിയുണ്ടായിരിക്കണം. റഥർഫോർഡ് (Rutherford 1871-1937) ഇക്കാര്യം തെളിയിച്ചു. ധനാഗ്രശക്തി കേന്ദ്രിതമായിട്ടുള്ളത് അണുമധ്യത്തിലുള്ള ഒരു ചെറുശകലത്തിലാണ്.

റഥർഫോർഡിന്റെ സിദ്ധാന്തപ്രകാരം അണുവിന്റെ ഘടന സൗരയൂഥംപോലെയാണ്. ഏറ്റവും ചെറുതാണ് അണുകേന്ദ്രം. എന്നാൽ അതിനു ചുറ്റും അതിശീഘ്രഗതിയിൽ ചലിക്കുന്നവയാണ് ഇലക്ട്രണുകൾ. ഇവ സൗരയൂഥഗ്രഹങ്ങൾപോലെയാണ്. എന്നാൽ ഓരോ മൂലകത്തിലും ഇലക്ട്രണുകളുടെ എണ്ണത്തിന് വ്യത്യാസമുണ്ട്. ഹൈഡ്രജൻ അണുവിൽ ഒറ്റ ഇലക്ട്രണേയുള്ളു. ഹീലിയത്തിനു രണ്ടും, ലിതിയത്തിനു മൂന്നും ഈ ക്രമത്തിൽ ഉയർന്ന് യുറേനിയത്തിന് 92 ഇലക്ട്രണുകൾവരെയുണ്ട്. മൂലകത്തിലുള്ള ഇലക്ട്രണുകളുടെ എണ്ണത്തിനെ അണുസംഖ്യ എന്നു പറയുന്നു. അണുഭാരത്തിനുപകരം അണുസംഖ്യയുപയോഗിച്ച് "മെണ്ടലെ"യുടെ പട്ടിക തയാറാക്കിയപ്പോൾ മുമ്പുണ്ടായിരുന്ന പല വ്യത്യാസങ്ങളും ഇല്ലാതായി. അറിയപ്പെടാത്ത രണ്ടുമൂലകങ്ങളെഉള്ളു എന്നും 92 ഇലക്ട്രണുകളിൽ കൂടുതലുള്ള മൂലകങ്ങൾ ഇല്ല എന്നും നിശ്ചയമായി. എന്നാൽ 93-ാം മൂലകം അടുത്തകാലത്തു കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

അണുകേന്ദ്രത്തിൽ എന്താണുള്ളത് എന്നാണ് ഇനിയും അറിയേണ്ടത്. സൗരയൂഥകേന്ദ്രമായ സൂര്യൻ ചുറ്റുമുള്ള ഗ്രഹങ്ങളെ നിയന്ത്രിക്കുന്നത് അതിന്റെ പിണ്ഡാധിക്യത്താലാണല്ലോ. എല്ലാഗ്രഹങ്ങളുടെ പിണ്ഡത്തിന്റെ 750 ഇരട്ടിയുണ്ട് സൂര്യപിണ്ഡം. ഇക്കാരണത്താൽ ഗ്രഹങ്ങളെല്ലാം അവയുടെ പഥങ്ങളിൽ ചലിക്കുന്നു. ഗുരുത്വാശക്തിയാണ് അവയെ നിയന്ത്രിക്കുന്നത്. അതുപോലെ അണുകേന്ദ്രിതമായ ധനാഗ്രശക്തിയാണ് ഇലക്ട്രണുകളെ നിയന്ത്രിക്കുന്നത്. അണുകേന്ദ്രം അതിസൂക്ഷ്മവും പിണ്ഡാധിക്യമുള്ളതുമാണ്. 11840 ആണല്ലോ ഇലക്ട്രൺ ഭാരം. ശേഷമുള്ളത് അണുകേന്ദ്രഭാരമാണ്. അണുകേന്ദ്രത്തിനും ഒരു ഘടനയുണ്ട്. അല്ലെങ്കിൽ അവിടെയും നാനാതരം ഭേദിക്കേണ്ടിവരും. കേന്ദ്രത്തെപ്പറ്റിയുള്ള ഗവേഷണത്തിന് ശീഘ്രയായികളായ 'ശകല'ങ്ങളെ പ്രയോഗിച്ചു. അപ്പോൾ വെളിവായത് അണുകേന്ദ്രത്തിൽ രണ്ടുതരം ശകലങ്ങളുണ്ടെന്നാണ്. ഒന്നിന് ഇലക്ട്രണിന്റെ അത്രയും വിപരീതശക്തിയുണ്ട്. അതാണ് പ്രോട്ടോൺ. മറ്റത് പ്രോട്ടോണിന്റെ ഒപ്പംപിണ്ഡമുള്ളതാണ്. അതിനു വിദ്യുച്ഛക്തിയില്ല. അതിനെ, ന്യൂട്രൺ എന്നു പറയുന്നു. 1939 കൊളമ്പിയാ പരീക്ഷണശാലയിൽ യുറേനിയ അണുവിനെ ഭേദിച്ചത് ന്യൂട്രോൺ ശകലങ്ങളെ വർഷിച്ചാണ്. അടുത്തകാലത്ത് നാലാമതൊരു ശകലത്തെയും കണ്ടുപിടിച്ചിട്ടുണ്ട്. അതിന് ഇലക്ട്രൺപിണ്ഡവും അത്രയും വിപരീതശക്തിയുമുണ്ട്. അതിനെ 'പോസിട്രോൺ' എന്നു പറയുന്നു.

ഇത്രയുമാണ് അണുഘടനയെപ്പറ്റി അറിയപ്പെട്ടിട്ടുള്ളത്. അതിസൂക്ഷ്മങ്ങളും എന്നാൽ ശക്തങ്ങളുമായ നാലുതരം ശകലങ്ങളാണ് അണുഘടകങ്ങൾ. പിണ്ഡം കുറഞ്ഞതാണ്— ഇലക്ട്രണും പോസിട്രോണും—അവ തുച്ഛങ്ങളല്ല. ഭാരംകൂടിയ രണ്ടുശകലങ്ങൾ അവയാണ് അണുഭാരത്തിന്റെ അധികപങ്കിനും കാരണം— പ്രോട്ടോണും, ന്യൂട്രണും. പ്രപഞ്ചത്തിലുള്ള സകല ചരാചരങ്ങളും ഈ ചതുർവിധ ശകലങ്ങളുടെ സമൂഹവ്യത്യാസങ്ങളാലുണ്ടായിട്ടുള്ള നാനാതരങ്ങളാണ്.

സംയുക്തവസ്തുക്കളുടെ ഏറ്റവും ചെറിയ ഭാഗമാണല്ലോ തന്മാത്ര (Molecule) തന്മാത്രാഘടകമാണ് അണു (Atom) അണുഘടകങ്ങളാണ് ഇലക്ട്രൺ, പോസിട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ ഇവയെല്ലാം. തന്മാത്രപോലും എത്ര ശക്തിയേറിയ ഭൂതക്കണ്ണാടികൊണ്ടുപോലും കണ്ടറിയാൻ പ്രയാസമാണ്. എന്നാൽ ഒരു തുള്ളിവെള്ളത്തെ ഭൂഗോളവലിപ്പത്തിൽ സങ്കല്പിച്ചാൽ അതിലെ തന്മാത്രകൾ ചെറുനാരങ്ങാവലിപ്പത്തിൽ കാണപ്പെടും. ഒരു തന്മാത്ര അത്രയും വലുതാക്കിയാൽ അതിലെ അണുക്കൾ ചെറുനാരങ്ങാവലിപ്പത്തിൽ കാണ

പ്പെട്ടും. ഒരണുവിനെ അത്ര വലിപ്പത്തിലാക്കിയാൽ അതിലെ ഇലക്ട്രണുകൾ മൊട്ടുസൂചിയുടെ 'മൊട്ടു'വലിപ്പത്തിലായിരിക്കും.

അണുകേന്ദ്രത്തിൽ തടിച്ചു കൂടിയിരിക്കുന്നതു്, പ്രോട്ടോൺ, ന്യൂട്രോൺ, പോസിട്രോൺ ഈ ശകലങ്ങളാണു്. അതിനു ചുററും ശീഘ്രഗതിയിൽ ചലിക്കുന്നതു് ഇലക്ട്രണുകളും. ഇവിടെയാണു് കണക്കും ശാസ്ത്രവും ഒന്നിക്കുന്നതു്. ഒരു വസ്തുവിൻെറ പിണ്ഡം അതിനു് ലഭിക്കുന്ന വിദ്യുച്ഛക്തിക്കനുസരണമായി വ്യത്യാസപ്പെടുന്നു. അങ്ങനെ വരുമ്പോൾ ഇലക്ട്രണിൻെറ പിണ്ഡം വിദ്യുച്ഛക്തിനിമിത്തമുണ്ടാകുന്നതായിരിക്കണം. അതായതു് ഇലക്ട്രൺ തനിവിദ്യുച്ഛക്തിമാത്രമാണു്. വസ്തുനിർമ്മിതമായ പ്രപഞ്ചം ശക്തിനിർമ്മിതമായി പരിണമിക്കുന്നു. ഇലക്ട്രൺ സഞ്ചരിക്കുന്നതു് അതിശീഘ്രഗതിയിലാണു്. സെക്കണ്ടിൽ ൧൦൦൦൦ മൈൽ എന്നു് അഭ്യൂഹിക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ പ്രപഞ്ചസൃഷ്ടിയിൽ കാണുന്ന ആശ്ചര്യകരമായ സൗരയൂഥവ്യൂഹങ്ങൾപോലെതന്നെയുള്ളതാണു് അണുവ്യൂഹങ്ങളും. രണ്ടും ഒരേ തരത്തിൽ മനുഷ്യബുദ്ധിയെ വിഭ്രമിപ്പിക്കുന്ന രീതികളാണു്.

അതിശീഘ്രയായികളായ ഇലക്ട്രണുകൾ ഉള്ളതിനാൽ അണുക്കൾ ശക്തികേന്ദ്രങ്ങളാണു്. ഒരു ഗ്രാം ഹൈഡ്രജൻ അണുക്കളുടെ ശൈഥില്യം നിമിത്തം ലക്ഷം ടൺ ഭാരം 300 അടി ഉയർത്താനുള്ള ശക്തി ലഭിക്കുമത്രെ. ഒരു ടൺ കല്ക്കരിയിലുള്ള അണുശക്തിയെ വിടുർത്തിയാൽ ഉത്തരധ്രുവത്തിലെ മഞ്ഞുമുഴുവൻ ഉരുക്കാൻ വേണ്ടത്ര ചൂടു് ലഭിക്കുന്നതാണു്. ഇതെല്ലാം കേവലം അഭ്യൂഹങ്ങളായിരുന്നു. എന്നാൽ അണുബോംബിൻെറ ആവിർഭാവം ഇതെല്ലാം സാദ്ധ്യമാണു് എന്നു തെളിയിക്കുന്നു. വസ്തുക്കളെ ശിഥിലീഭവിപ്പിച്ചു് ഇല്ലാതാക്കിയാൽ അത്യധികമായ ശക്ത്യുല്പാദനം ഉണ്ടാകുന്നു. അതുപോലെ പ്രോട്ടോൺ, ഇലക്ട്രോൺ ഇവ സംയോജിപ്പിച്ചാലും ധാരാളം ശക്തിലഭ്യമാണു്. ഇതാണു് സൂര്യനിലും മററും നടക്കുന്നതെന്നു് അനുമാനിക്കപ്പെടുന്നു. സൂര്യനിൽ വസ്തു ശക്തിയായി രൂപാന്തരപ്പെടുന്നുണ്ടു്. ദിവസേന 36000 കോടി ടൺ വസ്തുക്കൾ പ്രകാശമായി തീരുന്നുണ്ടുപോലും! എന്നിട്ടും 15 ലക്ഷം കോടി വർഷത്തേക്കു് ശക്തി സൂര്യനിൽനിന്നു ലഭ്യമാണു്.

അണുഭേദം മൂലം എന്താണു് സംഭവിക്കുക. അണുവിലുള്ള ഇലക്ട്രൺ നഷ്ടപ്പെട്ടത്താം അതുകൊണ്ടു് മൂലകത്തിനു മാററമുണ്ടാകുന്നില്ല. അണുഭാരം വ്യത്യാസപ്പെടുന്നതാനും. എന്നാൽ അണുകേന്ദ്രത്തിലെ പ്രോട്ടോൺ നഷ്ടപ്പെടുത്തിയാൽ മൂലകത്തിനുതന്നെ വ്യത്യാസമുണ്ടാകുന്നു. അണുകേന്ദ്രത്തിലുള്ള പ്രോട്ടോൺ കണക്കനുസരിച്ചാണു് മൂലകസ്വഭാവങ്ങൾ നിർണ്ണയിക്കപ്പെടുന്നതു്. നാകാണുകേന്ദ്രത്തിൽ 30 പ്രോട്ടോൺ ഉണ്ടു്. അതിലൊന്നു നീക്കപ്പെട്ടാൽ കിട്ടുന്നതു് നാകമല്ല 29-പ്രോട്ടോൺ ഉള്ള ചെമ്പാണു്, ഇതാണു് രസവാദികൾ (Alchemists) സ്വപ്നം കണ്ടിരുന്ന പ്രയോഗം. താഴ്ന്ന ലോഹങ്ങളെ സ്വർണ്ണമാക്കാനുള്ള മോഹം. അന്നു് അതസാദ്ധ്യമായിരുന്നു. ഇന്നു് അതു് അസാദ്ധ്യമല്ല എന്നു് നിശ്ചയമാണു്. രസത്തിൻെറ അണുസംഖ്യ 80-ം സ്വർണ്ണത്തിൻേറതു 79-ം ആണു. രസത്തിൽ നിന്നു് ഒരു പ്രോട്ടോൺ നീക്കപ്പെട്ടാൽ സ്വർണ്ണമുണ്ടാക്കാം. ഇതു് ജർമ്മനിയിൽ നാമമാത്രമായിട്ടാണെങ്കിലും സാധിച്ച കാര്യമാണു്. പരിശോധനയ്ക്കു് വേണ്ടത്ര പൊന്നുകിട്ടി. എന്നാൽ അണുകേന്ദ്രം ശിഥിലമാകുമ്പോൾ ചൂടു 4 കോടി °c വരെ ഉയരുന്നു. സൂര്യഗോളത്തിൻെറ പുറമെത്തെ ചൂടു് 5800 °c ആണു്. ഭൂമിയിൽ ലഭ്യമാകാവുന്ന കൂടിയ ഉഷ്ണം 3800 °c ആണു്. എന്നാൽ സൂര്യൻെറ ഉൾഭാഗം 4-കോടി °c യിൽ ആയിരിക്കണം. അവിടെ അണുശൈഥില്യം നിമിഷംതോറും നടക്കുന്നുണ്ടു്. അതാണു് സൂര്യതാപരഹസ്യം!

അണുശൈഥില്യം ഭൂമിയിലും നടക്കുന്നുണ്ടു്. റേഡിയം അണുക്കൾ ശിഥിലീഭവിച്ചു് മൂന്നുതരം രശ്മികൾ പുറപ്പെടുന്നു. ആൽഫാരശ്മി—ഇതു് ഹീലിയം എന്ന വാതകമായിതീരുന്നു. ബീററാരശ്മികൾ—തനി ഇലക്ട്രണുകളാണു്. ഗാമാരശ്മികൾ—വെറും പ്രകാശരശ്മികളാണു്. റേഡിയത്തിനു് അതിൻെറ

ത്രയും ശുദ്ധജലത്തെ ആവിയാക്കാൻ മുക്കാൽ മണിക്കൂർ മതിയാകും. അതായതു് അതിന്റെ 12000 ഇരട്ടി വെള്ളത്തെ അതു് ഒരാണ്ടിൽ ആവിയാക്കും. എന്നാൽ റേഡിയത്തിനു് പകുതി നഷ്ടം ഉണ്ടാകുന്നതിനു് 1700 വർഷം വേണംതാനും! ഈ ശിഥിലീകരണഗതിയെ കുറയ്ക്കുവാനോ കൂട്ടുവാനോ ഇതേവരെ കഴിഞ്ഞിട്ടില്ല. റേഡിയം ശൈഥില്യഫലമായി ലഭിക്കുന്നതു് ഈയവും (അണുസംഖ്യ 226 ൽ നിന്നു് 206 ആകുന്നു) ഹീലിയവുമാണു്.

അണുശക്തി നിർണ്ണയിക്കാവുന്നതാണു്. ഒരൗൺസ് വസ്തുവിനു് അണുശൈഥില്യം സംഭവിച്ചാൽ ഒരാണ്ടത്തേക്കു് ഒരു ലക്ഷം കുതിരശക്തി—അതായതു് ലക്ഷം കുതിരകൾ വിശ്രമംകൂടാതെ ഒരാണ്ടു പ്രവർത്തിക്കുന്നു എങ്കിൽ അത്രയും ശക്തി—ലഭിക്കുന്നതാണു്. ഇതു് അത്ഭുതമല്ലേ? മേരി രാജ്ഞി എന്ന ബ്രിട്ടീഷ് കപ്പലിനു് 50,00 കുതിരശക്തി വീതമുള്ള നാലു് ചക്രങ്ങൾ ഉണ്ടു്. അവ കറങ്ങുന്നതിനു പ്രാരംഭപരീക്ഷണവേളയിൽ 75,000 ഗ്യാലൻ എണ്ണയാണു് വേണ്ടിയിരുന്നതു്. ഒരൗൺസു വസ്തുവിലുള്ള അണുശക്തി ആ കപ്പലിനെ ആറുമാസത്തോളം ഓടിക്കാൻ മതിയാകുംപോലും!

അണുശക്തിയെ ഇഷ്ടംപോലെ നിയന്ത്രിക്കാൻ കഴിഞ്ഞെങ്കിൽ എന്തു പരിവർത്തനങ്ങളാണു് ലോകത്തിൽ വരാൻ പോകുന്നതു്. മററു ലോഹങ്ങളെ പൊന്നാക്കുന്നതിൽ എത്രയോ അതിശയകരമായ പരിപാടികൾക്കു അതുപകരിക്കാം. ഇന്നത്തെ മനുഷ്യബുദ്ധിക്കു് സാധ്യമാകാവു എന്നു് അതിരില്ല. എന്നും പ്രകാശത്തിൽ ജീവിക്കാനും ഇഷ്ടംപോലെ ഉഷ്ണശൈത്യങ്ങളെ നിയന്ത്രിക്കാനും, കാററു മഴ മുതലായവയെ നിലയ്ക്കു് നിർത്താനും എന്നുവേണ്ട മർത്ത്യൻ എന്നുള്ള നിലയെത്തന്നെ മാററുന്നതിനും നമുക്കു് സാധിക്കയില്ലെന്നു് ആർക്കറിയാം. പൂർവികരുടെ പല സ്വപ്നങ്ങളും ഇന്നു സത്യങ്ങളാണല്ലോ. ഇന്നത്തെ സ്വപ്നങ്ങൾക്കും അതുതന്നെ ഗതി എന്നു് തീർച്ചയാണു്.

—*—

"ജയലക്ഷ്മി ആയുർവ്വേദഫാർമസി."

ആലപ്പുഴ, തിരുവിതാംകൂർ.

പല്ലുകൾ സൂക്ഷിക്കുവിൻ.

## ജയലക്ഷ്മി പല്പൊടി.

പല്ലിന്റെ ഊനിൽ പഴുപ്പു്, രക്തച്ചൊരിച്ചിൽ, ഇളക്കം, പുളിപ്പു് മുതലായ സകലവിധ ദന്തരോഗങ്ങളേയും വേരോടെ നശിപ്പിച്ചു് വായ്ക്കു് സുഗന്ധവും, രുചിയും, പല്ലിനു് ഉറപ്പും ധാവള്യവും കൊടുക്കുന്നു്.

പാക്കററു് ഒന്നുക്കു് രണ്ടണ. 100 പാക്കററിനു് 10 രൂപാ. 50 പാക്കററിൽ കുറഞ്ഞു് വി. പി അയയ്ക്കുന്നതല്ല.

II. ഞങ്ങളുടെ ഗർഭരക്ഷാഗുളിക.

ഗർഭിണികൾക്കു ഉണ്ടാകാറുള്ള വായുക്ഷോഭം, ഛർദ്ദി, കൃമിയുപദ്രവം, നീരു്, മേഹനക്കുറവു്, ശോധനക്കുറവു്, മൂത്രകൃച്ഛ്രങ്ങൾ, ഗർഭസ്രാവം, ഗർഭശോഷം മുതലായ സകലവിധ ഉപദ്രവങ്ങളേയും മാററി സുഖപ്രസവത്തേയും, ആരോഗ്യത്തേയും പ്രദാനം ചെയ്യുന്ന ഒരു അനുഭവസിദ്ധൌഷധം.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്കു് വില രൂപ ഒന്നരമാത്രം.

N. B. ഇവിടെ എല്ലാവിധ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു് വില്ക്കുന്നതും, രോഗവിവരം എഴുതി അറിയിച്ചാൽ ചികിത്സ നിശ്ചയിച്ചു് ഔഷധങ്ങൾ വി. പി അയച്ചുകൊടുക്കുന്നതുമാണു്.

വൈദ്യൻ, വി. കൃഷ്ണപിള്ള,

Reg: No. 567, Class A ( Tr. M. P. ACT )

# ബാഷ്പാഞ്ജലി.

---

(എം. കെ. രാമകൃഷ്ണൻനായർ, ബി. ഏ. എൽ. ററി.)

൩ കക.

വിശ്വത്തെ വിറപ്പിക്കും വാർത്തയെന്തുവാനിള-
വിശ്രുതൻ മഹാത്മജി—ഹാ, ഹരേ, ഹരരാമ
പ്രാർത്ഥനയ്ക്കായിപ്പോകും വേളയിലൊരുത്തൻ, തൻ
പ്രാകൃതനപാപം മൂന്നുവെടിയായ് സമർപ്പിച്ചു.
അക്കൃശകളേബരം, ബ്രഹ്മാണ്ഡമിടിയുംപോൽ
ചിക്കെന്നിലധരിത്രിതന്നങ്കത്തിൽ പതിച്ചുപോയ്
രാമരാമേതിമന്ത്രം—താരകബ്രഹ്മമന്ത്രം
ആ മുഹൂർത്തത്തിൽ രണ്ടുപ്രാവശ്യമുരുവിട്ടു
കൂപ്പിയ കരമൊത്തു, മിഴിയും പൂട്ടി, കഷ്ടം
'ബാപ്പുജി' ശയിക്കുന്നു രക്തത്തിൽ മുഴുകിയും
രക്തമല്ലതു ഹീനമാനവസമുദായ-
ഭുക്തമാം പാപക്കൂട്ടയല്ലയോ ദർശിപ്പുനാം.
വത്സരം രണ്ടായിരം മുമ്പൊരു ദേവൻതന്റെ
വത്സരെ പ്രീണിപ്പിച്ച കഥയിന്നാവർത്തിച്ചു.
കേഴുന്നു, മനംപൊട്ടിക്കേഴുന്നു മഹാനാട്ടു-
വാഴികൾതുടങ്ങിയച്ചണ്ഡാലപര്യന്തം ഹാ.
എത്രമേൽക്കരഞ്ഞാലുമെത്രമേൽ പ്രായശ്ചിത്ത-
സത്രങ്ങൾ തുടർന്നാലും തീരില്ലീമഹാപാപം
എന്തൊരു പരിഹാരം മർത്ത്യരോ ചെയ്തീടാവൂ
നൊന്തിട്ടും ഹൃദയത്തിനല്പമാശ്വാസം നൽകാൻ.
ഘാതകാ, ത്വൽകൃത്യമെത്രമേയറിയാത്ത
പാതകീ, കഷ്ടം നീയും ഹിന്ദുവായ് പിറന്നല്ലോ.
ഞങ്ങൾക്കു ഗ്രഹപ്പിഴാസന്ധിയിൽ വഴികാട്ടും
പൊന്മണിവിളക്കൂതിക്കെടുത്തുകല്ലോ ചെയ്തു.
താവകചരിത്രത്തിൽ പ്രജ്ജ്വലിച്ചിട്ടും മഹാ-
ത്മാംശത്താലൃഷിനാടിൻ കർമ്മമിന്നജ്ഞാതം
ചേണിമന്നുചെയ്യാൻ കെല്പുനൽകണേ, പരി
ക്ഷീണരായ്ച്ചമഞ്ഞൊരു ഞങ്ങൾക്കു മഹാത്മാവേ
മറ്റൊന്നുമർത്ഥിപ്പീലീയേഴകളമേമിക-
മാറ്റൊലി മുഴക്കുന്നൊരാത്മാവിനോടായ് ഭക്തിൽ.

---

# കൃപണൻ.

(കടത്തനാട്ടു മാധവൻപിള്ള ബി. എ.)

(തുടർച്ച)

(മേനോൻ 1 ാം ഭാഗം.)

'അരുണൻ പടിഞ്ഞാറെ കൊച്ചുകുന്നിൽ'
എന്നു മുതലുള്ള ഭാഗത്തിന്റെ പാരഡി

(ഗായകസംഘം)

ധനവാൻപടിഞ്ഞാറേത്തിണ്ണയിലുള്ള
പലകയിലല്പമായ് ചാരിടുന്നു
പതിവുപോൽ സഞ്ചിയഴിച്ചതിലെ
കവടികളൊക്കെനിരത്തിവച്ചു.
മഴയുംകൊടുങ്കാറ്റുമൊത്തിരമ്പി
പരിതപ്തരങ്ങൾ മുലച്ചിറങ്ങി
അരികിൽ മുററത്തുമതിൽക്കോണും
വഴിയിലും വെള്ളം നിറഞ്ഞൊഴുകി
ഇടവഴിത്താരയിൽക്കൂടിയെങ്ങും
കവടിക്കൂട്ടങ്ങളൊലിച്ചുപോയി.

(മറെറാരുഗായകസംഘം)

അരികിട്ടാദാരിദ്ര്യമാകമാന
മൊരുപോലെല്ലാടവുമാഗമിക്കെ.
വഴിവക്കിൽ, വീട്ടിത്താനമുള്ളോ
രെഴുനിലപ്പുമണിമാളികയിൽ
അതിനെയും കാത്തൊരു നിർഘൃണൻ ഹാ!
ഹൃദയരഹിതൻ കനിഞ്ഞിരിപ്പൂ.
വിവേകപ്രഭാവമേ! വൃദ്ധതേ! നിൻ
ഗരിമ തടവീട്ട മുമ്മറത്തും.
എളിയതരുണിയെ പുല്കുവാനായ്
വെളിപാടുകൊള്ളുമാറില്ലയോ നീ?
സമയമായ് വേഗം തുറന്നുവയ്ക്കൂ.
സമുദായനന്മയ്ക്കായ് നല്ലറകൾ-
തെരുതാണിടുന്നതു രസമുദ്രം
വെറുമൊരെറുമ്പരികിട്ടിടാതെ
നിയമാനുസാരമാപ്പുറന്നു
സ്വയമാനെല്ലെല്ലാം നീ വിറ്റുതീർക്ക.

---

ഭാഗം രണ്ട്.

—:*:—

ശാരികയുടെ മനോഹരഹർമ്മ്യത്തിന്റെ വടക്കുവശത്തെ മുറ്റം. കൂറിരുട്ട്. മുറിയിൽനിന്നു ജാലകത്തിൽക്കൂടി പ്രസരിക്കുന്ന വെളിച്ചത്തിൽ മുററത്തു കാണുന്നവാഴയോടടുത്ത് ഒരു വെള്ളരൂപം കാണുന്നു. അതു കൃപണനാണെന്നു തിരിച്ചറിവാൻ തക്കവണ്ണം വെളിച്ചത്തിനു ദീപ്തിയില്ല. മുറിക്കകത്തു വിളക്കുവച്ചിരിക്കുന്ന മേശയുടെ ചെന്നുകിടക്കുന്ന ഒരു കസാലയിലിരുന്നു ശാരിക എന്തോ വായിക്കുന്നു. കാർമേഘാവൃതമായ അന്ധകാരം, മഴയുടെ മുന്നോടിയായ ഒരു കുളിർകാറ്റ് കൃപണനെ വിറപ്പിക്കുന്നു. കൃപണൻ ഒന്നു ചുമച്ചതുകേട്ട് ശാരിക വെളിയിലേക്കു നോക്കുന്നു.)

കൃപ—

എങ്കിലും ശാരികേ! നീ നിനയ്ക്കും
സങ്കല്പംപോലല്ല ലോകം
സംഗീതസാഹിത്യകോമളൻമാ
രിങ്ങോട്ടുനോക്കി നീ ഞെട്ടരുതേ!
ജാരസമുദായദൃഷ്ടനേത്രം
ക്രൂരതയുള്ളത്തുറിച്ചുനില്ക്കും
ചിന്തയിലാവിധമെണ്ണരുതേ!
ഹന്ത! നൊന്തീടുമെൻ സ്വാന്തമെല്ലാം,

ശാരി—

അന്യായമീവിധം കൂട്ടുകൂട്ടി
യെന്നന്തികത്തിൽനീ നില്പതോർത്താൽ;
പൊട്ടിച്ചുരപ്പം നിന്റെകററിടേശ
മൊററയടിക്കാനാൻ കണ്ടുവെങ്കിൽ
കുററംപറവാൻ പഴുതുനോക്കി
മററുള്ളവർ നിന്നീടുന്ന കാലം;

കൃപ—

എങ്കിലും ശാരികേ മർത്ത്യനല്ലേ!
പങ്കിലമോഹങ്ങൾ കാണുകില്ലേ?

എന്തിനും, പും സ്ത്രീകൾതമ്മിലുള്ള
ബന്ധമല്ലാതൊന്നുമില്ലിതിങ്കൽ
സ്വപ്നത്തിലെന്നും ഞാനാസ്വദിക്കും
സ്വപ്നസുഖമാണീ സന്നികർഷം.

ശാരി—

എന്തു നിരർത്ഥകവർത്തമാനം,
എന്തിനു നിന്നുടെ ശങ്കയൊട്ടും!
ഒന്നോർക്ക ഞാനൊരുവിത്തനാഥ
നന്ദിനി നീയൊരുനിസ്വമൌലി.
അഷ്ടിക്കിവിടാശ്രയിച്ചുവാണു
ദുഷ്ടതയ്ക്കോ നീ മുതിർന്നിടുന്നു?
മാഹാത്മ്യമെല്ലാം മറന്നു നീയെൻ
സ്നേഹമാർജ്ജിക്കാൻ ശ്രമിച്ചിടേണ്ടാ.
ഈവന്ന രാഗാപദാനമെല്ലാം
പാടണം—ചേരും പരിസരത്തിൽ.

കൃപ—

ഇച്ഛനെന്നെന്നു നീ ഹുങ്കരിച്ചാ
ലച്ഛനാണിന്നു ഞാൻ ചെയ്യുമെന്തും.

ശാരി—

കൊച്ചിയിൽ പോയി നീ തൂങ്ങിയാലും
നിശ്ചയമിങ്ങൊട്ടുമില്ല ഖേദം.

കൃപ—

ഓരോനിമിഷവും മാരനെയ്യും
ക്രൂരമ്പുകൊണ്ടു ഞാൻ കേണിടുന്നേൻ.
എന്നെപ്പഴിക്കുന്ന കൂട്ടുകാരു
മൊന്നുരണ്ടല്ലേറെയുണ്ടിവിടെ.
എന്തിനീനശ്വരജീവിതത്തി
ലന്തസ്സമീയാഭിജാത്യമെല്ലാം!
നിൻതാതമാതാക്കൾക്കിന്നലേകാ
നെന്താകിലുമിതിലൊന്നുമില്ല.
നിന്നെയവരെല്ലാമെത്രമാത്രം
പൊന്നുപോൽകാക്കേണ്ട കാര്യമില്ല.
ആ മഹാവാത്സല്യമൂർത്തികൾത
ന്നാശാമുകുളം, വിടരണം നീ!
അംഗനാമൌലി നീ ചൂതബാണ
സംഗരചിന്തകൂടാതിരുന്നാൽ,
ഇന്നതെന്തക്രമമായിരിക്കും!
ദുർന്നയമല്ലേ!—അതോർത്തുകാൺകിൽ!
ഹന്തനിൻനിർവ്വികാരാത്മകത്വ
മെന്തൊരഹംകൃതിയായിരിക്കും!

നേരിട്ടറിഞ്ഞു സുഖിച്ചിടേണം;
നേരമ്പോക്കല്ലിവിവാഹകാര്യം
എന്തെല്ലാമായാലുമാസരിത്തിൽ
നീന്തണം, നീന്തിത്തുടിച്ചിടേണം.
ഒട്ടാത്ത സംസ്കാരസൌകുമാര്യ
ത്തിട്ടായി വാഴും ഞാനീവിധത്തിൽ
ഉത്തമസംസ്കൃത, നിന്നരികിൽ
തത്വോപദേശം ചെയ്യേണ്ടതില്ല.
പ്രേമത്തെത്തെറ്റിദ്ധരിച്ചിടാതെ!
വ്യാമോഹമെന്നുനിനച്ചിടാതെ!!

ശാരിക—

നാക്കുനെടിയവൻ നീ; എനിക്കു
കേൾക്കേണ്ട നിന്റെ പ്രസംഗമൊന്നും
പ്രേമവും കാമവും വേണ്ട, നിന്റെ
വ്യാമോഹമൊന്നുമെനിക്കു വേണ്ടാ
മാച്ചാലുമായാത്ത മട്ടിലെന്തോ
കൂട്ടിക്കുഴച്ചു കുഴമ്പശേഷം
ഇഷ്ടംപോൽ നാരികൾ കണ്ണിണയി
ലിട്ടോളുപാടില്ലെന്നാർ പറഞ്ഞു.
എന്തുപേരിട്ടാലുമെത്രമാത്രം
നിന്ദ്യമെന്നായതെനിക്കറിയാം.
എന്നുമഖിലപ്പെട്ടന്നത
തെന്നന്തരാത്മാവെന്നൊന്നുകൊണ്ടും
പാരെല്ലാമേകാമെന്നോതിയാലു
മാരെല്ലാം നേരിട്ടു ചൊല്ലിയാലും,
സ്നേഹിക്കുമെന്നോ ഭ്രമിക്കുമെന്നോ
മോഹിച്ചിടേണ്ടാനീയൊന്നുകൊണ്ടും-
അസ്നേഹം കേവലം ഹീനയോഗ്യ;
മത്തുതമല്ല നിനക്കപാത്താൽ

കൃപ—

ഉമ്മറത്തെത്തുവാൻ ശങ്കമൂല
മിമ്മട്ടു നിന്നു ഞാൻ ചൊന്നതല്ല
കൊച്ചുകുഞ്ഞല്ല നീ, നാൾ കഴികെ
പച്ചനിറവും വെളുത്തുകാണും
വാസ്തവത്തിങ്കൽ കരിപുരട്ടി
സ്വാർത്ഥർ കറുപ്പിക്കും കേശമെല്ലാം.

(തുടരും)

# ആരുടെ സ്വാതന്ത്ര്യം?

(ഡി. ശ്രീമാൻനമ്പൂതിരി, മൂവാററുപുഴ.)

(ഒരുകൂട്ടരുടെ സ്വാതന്ത്ര്യത്തിനുള്ള പരിശ്രമം മററു ചിലരുടെ അസ്വാതന്ത്ര്യത്തിന് വഴിവെച്ചിട്ടുള്ളതായേ കണ്ടിട്ടുള്ളൂ.)

എല്ലാത്തിനും ഒരു എതിർവശമുണ്ടെന്ന് നമ്മിൽ പലരും മനസ്സിലാക്കുന്നില്ല. ദൂരെനിന്നു നോക്കുമ്പോൾ—അഥവാ കുറെ അടുത്തുനിന്നുതന്നെ നോക്കിയാലും—ഒരു പദാർത്ഥത്തിന്റെ നാലുപുറവും കാണുക എളുപ്പമല്ലല്ലോ. ഒരുവിധത്തിലുള്ള പ്രചരണബലംകൊണ്ട് നാം ഏതെങ്കിലും ഒരു രാഷ്ട്രത്തെപ്പററി, സമുദായത്തെപ്പററി, ചിലതു ധരിച്ചുവെയ്ക്കുന്നു. അതിന്റെ മറുപുറത്തേക്കു സാധാരണയായി നമ്മുടെ ചിന്ത പായാറില്ല. സാധാരണക്കാരല്ലാതെങ്കിലും അതു തുറന്നുപറവാനൊരുങ്ങുന്ന കാര്യം സംശയമാണ്—ഭൂരിപക്ഷത്തിൽനിന്നുള്ള ഭയംകൊണ്ട്.

നമ്മുടെ ഗവർണ്മെൻറിനെത്തന്നെ ഉദാഹരണമായെടുക്കുക. കത്തിനിൽക്കുന്ന ഒരു രാഷ്ട്രത്തിന്റെ നേർക്ക് ചൂണ്ടുവിരൽ നീട്ടുവാൻ അത്യാഘട്ടത്തിൽ വളരെയേറെ വിഷമമുണ്ട്. അതിനു തുനിഞ്ഞിട്ടുള്ളവരെല്ലാം കഠിനയാതനകൾക്കിരയായിട്ടുണ്ടെന്നതു് നിർവിവാദമാണല്ലോ. പൊതുജനങ്ങളിൽ അടുത്തകാലത്തുണ്ടായ രാഷ്ട്രീയബോധത്തിനുമുമ്പ് ബ്രിട്ടീഷുകാരായ ഭരണാധികാരികളുടെ തെററായ പ്രവൃത്തികൾ വെളിച്ചത്തുകൊണ്ടുവരാൻ എത്ര ചുരുക്കം ആളുകൾ മാത്രമേ നെഞ്ഞൂക്ക കാട്ടിയിട്ടുള്ളൂ. അവർക്കെല്ലാം അതിന്റെ ഫലമായി കഠിനയാതനകൾ അനുഭവിക്കേണ്ടിവന്നിട്ടുമുണ്ട്.

ശരിയായ സ്വാതന്ത്ര്യം ഒരുകാലത്തും ഒരിടത്തും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ഒരു കൂട്ടരുടെ സ്വാതന്ത്ര്യത്തിനുള്ള പരിശ്രമം മററു ചിലരുടെ അസ്വാതന്ത്ര്യത്തിന് വഴിവെച്ചിട്ടുള്ളതായേ കണ്ടിട്ടുള്ളൂ. വിവിധങ്ങളും വിഭിന്നങ്ങളുമായ ഘടകങ്ങളുടെ സമാഹാരമായ വിസ്തൃതലോകത്തിൽ ഇങ്ങിനെയല്ലാതെ സംഭവിക്കാൻ ഞെരുക്കമാണ്.

നിർദ്ദയമായ ഒരു ഭരണഘടനയുടെ നുകത്തിൻകീഴിൽ നിന്നു രക്ഷപ്പെടുവാൻ കഠിനയത്നം ചെയ്തു്, അതു് വിജയപൂർവ്വം സമ്പാദിച്ചു്, ലോകത്തിന്റെ മുന്നിൽ വളരെ ഉയർന്നിട്ടുള്ള ഒരു രാഷ്ട്രമാണല്ലോ റഷ്യ. സ്വാതന്ത്ര്യത്തെയും അതിന്റെ ദൂരവ്യാപകങ്ങളായ ഗതിവിഗതികളെയുംപററി പഠിക്കാൻ ആധുനികറഷ്യയുടെ ചരിത്രംപോലെ ഉപകരിക്കുന്ന ഒന്നില്ല. ഈ കാര്യത്തിലെല്ലാം നാം ഒന്നു പ്രത്യേകം ശ്രദ്ധിക്കണം. നമുക്കു കിട്ടുന്ന ചരിത്രങ്ങൾ, വിവരണങ്ങൾ, ഒരു പ്രത്യേക പ്രചരണവേലയുടെ തുമാത്രമാണ്. ഇംഗ്ലീഷുകാർ നിർമ്മിച്ചിട്ടുള്ള ചരിത്രങ്ങൾ വിശ്വസനീയങ്ങളല്ലെന്നും സ്വാതന്ത്ര്യഭാരതത്തിന് ഒരു പുതിയ ചരിത്രം ആവശ്യമാണെന്നും എല്ലാവരും മുറവിളി കൂട്ടുന്നുണ്ടല്ലോ. ഇതുതന്നെയാണ് ഭരണഘടനയുടെ പരിവർത്തനത്തോടുകൂടി ഓരോ രാജ്യവും കൈക്കൊള്ളുന്ന നയവിശേഷങ്ങൾ. ഓരോന്നിലും അതാതിന്റെ പ്രചരണവേലയുടെ കള്ളത്തരം അടങ്ങാതെ കഴികയില്ല. രണ്ടും നോക്കി കാണിക്കാൻ നിർമ്മതസംബുദ്ധികളായ വിജ്ഞാനികൾക്കുമാത്രമേ സാധിക്കുകയുള്ളൂ.

റഷ്യയെപ്പററി നാം പഠിച്ചുവച്ചിട്ടുള്ളതെന്താണ്? സാറിന്റെ ഭരണകാലത്തു് അവിടെ അക്രമങ്ങളും അനീതികളും സർവ്വത്ര നടമാടിയിരുന്നു. ഒരുത്തനും അവിടെ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ചക്രവർത്തിയുടെയും വൻകിട ഭൂവുടമസ്ഥന്മാരുടെയും മതാദ്ധ്യക്ഷന്മാരുടെയും കുത്തകയായിരുന്നു രാജ്യഭരണമാകെ. സ്വാർത്ഥോദ്ദേശത്തിനായി അവർ പാവങ്ങളെ നിർദ്ദയം മർദ്ദിച്ചുപോന്നു. കർഷകന്മാർ ധനികരുടെ മർദ്ദനത്തിന്നടിയിൽ കിടന്നു വീർപ്പുമുട്ടി. അവിടെ ഐശ്വര്യമെന്നതു് കണികാണാൻപോലും സാധിച്ചിരുന്നില്ല.

ഇതെല്ലാം വാസ്തവമല്ലേ? തികച്ചും വാസ്തവമാണ്. അതിലൊന്നും യാതൊരു കളങ്കവുമില്ല. ആ ദോഷങ്ങൾ പരിഹരിക്കാനാണ് ലെനിനും സ്റ്റാലിനും അനവരതം തുനിഞ്ഞതു് അവർ തങ്ങളുടെ ലക്ഷ്യത്തിലെത്താൻ സാധിച്ചുതാനും. എന്നാൽ റഷ്യയുടെ സ്വാതന്ത്ര്യം കരഗതമായോ? അതു് ഉത്തരംകിട്ടാത്ത ഒരു ചോദ്യമായി ഇന്നും അവശേഷിക്കുകയാണ്. ചിലർക്കു സ്വാതന്ത്ര്യം കിട്ടി, പുരോഗതി കിട്ടി പക്ഷേ, 'ആരുടെ സ്വാതന്ത്ര്യം? എങ്ങിനെയുള്ള സ്വാതന്ത്ര്യം?' ഈ ചോദ്യം സ്വാഭാവികമായി എവിടെനിന്നും പുറപ്പെടുന്നതാണ്. യാഥാർത്ഥ്യത്തിന്റെ പാതയിൽ ചരിച്ചാലെ ഇതിന്നൊക്കെ ശരിയായ സമാധാനം കിട്ടാൻ സാധിക്കുകയുള്ളൂ. മുതലാളിമാരുടെ പ്രചരണവലയിൽനിന്നും തൊഴിലാളികളുടെ പ്രചാരണവലയിൽനിന്നും വിട്ടുനിന്നു്, രണ്ടും മനസ്സിലാക്കി, രണ്ടിൽനിന്നും കാര്യം ഗ്രഹിക്കാൻ ശ്രമിക്കുകയാണ് ആവശ്യം. അതുമാത്രമേ നമ്മെ പരമാർത്ഥത്തിൽ കൊണ്ടുചെന്നെത്തിക്കാൻ പര്യാപ്തമാകുകയുള്ളൂ.

ഓരോ ഭരണകൂടവും അതാതിന്റെ നിലനില്പിനും ഐശ്വര്യത്തിനും പ്രഭാവത്തിനുംവേണ്ടി ശ്രമിക്കുന്നു. അതു സമ്പാദിക്കാൻ ഒരു പ്രത്യേക പ്രചരണവേല ആവശ്യമാണ്. തന്റെ സംരംഭത്തിൽ വിലങ്ങടിച്ചു നിൽക്കുന്ന പ്രതിബന്ധങ്ങൾ തകർക്കുക എന്നതാണ് രാഷ്ട്രങ്ങളുടെ നയം. ഒരു ഗവർമ്മെന്റു് അതിന്റെ സംസ്ഥാപിതനയത്തിനെതിരായി നിൽക്കുന്ന ശക്തികളെ അമർത്താൻ ശ്രമിക്കുന്നില്ലെങ്കിൽ അതിന്റെ അർത്ഥം അതിനുതക്ക ശക്തിയില്ലെന്നതന്നെ. പ്രത്യക്ഷത്തിൽ ശക്തിഹീനത തോന്നുകയില്ലെങ്കിലും ഭാവിയിലുള്ള ഭയംകൊണ്ടു് അതു് ആവക കാര്യങ്ങളിൽനിന്നു വിട്ടുമാറി നിൽക്കുന്നതാണ്.

നിലവിലിരിക്കുന്ന ദോഷങ്ങൾക്കൊരു പരിഹാരം കാണാനാണ് ഓരോ രാഷ്ട്രീയപരിഷ്കർത്താവും ശ്രമിക്കുന്നതു്. ഭരണഘടനയെത്തട്ടിമറിക്കാൻ കഴിഞ്ഞാൽ പുതിയ നേതാവ്—അല്ലെങ്കിൽ നേതാക്കന്മാർ—തങ്ങളുടെ ലക്ഷ്യം കുറെയൊക്കെ സാധിതപ്രായമാക്കുന്നു. അവർക്കും പല ദൌർബല്യങ്ങളുമുണ്ടാകുമെന്നതു് നാം പ്രത്യേകം ഓർമ്മിക്കണം. അവരോ അവരുടെ സ്തുതിപാഠകന്മാരോ അതു തുറന്നു സമ്മതിക്കുകയില്ലെന്നതന്നെ പരമാർത്ഥം.

സ്വരാജ്യം കിട്ടിയാൽ സ്വർഗ്ഗമായില്ലേയി, ഭാരതത്തിൽ തേനും പാലും ഒഴുകുകയായി. എന്നു പറഞ്ഞു നടന്നുകൊണ്ടിരുന്ന പലരെയും ഞാൻ കണ്ടിട്ടുണ്ടു്. ഇപ്പോൾ ഭാരതത്തിനു് സ്വാതന്ത്ര്യം കരഗതമായി. നമ്മുടെ നാട്ടിലെ അവശതകളെല്ലാം അവസാനിച്ചുവോ?. ഇല്ലെന്നതന്നെ നമുക്കു് നിവർന്നുനിന്നു് ഉത്തരം കൊടുക്കാം. ബ്രിട്ടീഷ് ഗവർമ്മെന്റിന്റെ ഭരണകാലത്തുണ്ടായിരുന്ന പല അവശതകൾക്കും പരിഹാരം കാണാൻ നമുക്കു കഴിഞ്ഞിരിക്കുന്നു. അതു് യഥാർത്ഥവുമാണ്. എന്നാൽ മുമ്പുണ്ടായിരുന്നതുപോലുള്ളതോ അല്ലെങ്കിൽ അതിലും കനത്തതോ ആയ അനേകം വൈകല്യങ്ങൾ വന്നുവീണുകൊണ്ടിരിക്കുന്നു. അതിന്നൊരു പരിഹാരം കാണാൻ നാമെല്ലാം ശ്രമിക്കേണ്ടിയിരിക്കുന്നു.

നമുക്കു് ഏതിന്റെയും നല്ലവശമെടുക്കുക. ചീത്തവശം തള്ളിക്കളയുക. ഇക്കാലത്തു് ആരെങ്കിലും ഇംഗ്ലീഷുകാരുടെ നല്ലവശം പറയാൻ ആരംഭിച്ചാൽ അയാൾ ഇംപീരിയലിസ്റ്റ് ആയി വ്യാഖ്യാനിക്കപ്പെടും. യഥാർത്ഥവസ്തുത അവർക്കു പറയാൻ പാടില്ല. ഇന്നത്തെ റഷ്യയെ തെല്ലൊന്നു വിമർശിച്ചാൽ 'ബൂർഷ്വാ' ആയി ഗണിക്കപ്പെടും. തെറ്റുതിരുത്താൻ, അതു ചൂണ്ടിക്കാണിക്കുവാൻ, ആർക്കും അവകാശമുള്ളതല്ലേ? ആർക്കും പ്രമാദം വന്നുപോകാവുന്നതാണ്.

സ്വാതന്ത്ര്യത്തെപ്പററി പല നേതാക്കന്മാരും ഉച്ചൈസ്തരം വിളിച്ചുപറയുമ്പോൾ 'എങ്ങിനെയുള്ള സ്വാതന്ത്ര്യം?' എന്നു ചോദിക്കാൻ തോന്നിപ്പോകുന്നു. മററുള്ളവരുടെ മേൽ കുതിരകേറി ഒരു കൂട്ടർക്കു സ്വാതന്ത്ര്യം കൊടുക്കാനായിട്ടുള്ളതാണ് സ്വാതന്ത്ര്യത്തിന്റെ പുതിയ നിർവ്വചനമെങ്കിൽ അതു് കഷ്ടാൽകഷ്ടതരമെന്നല്ലാതെ എന്തുപറയട്ടെ.

# നിവേദനം.

(പട്ടം എൻ. ഗോപാലൻനായർ)

ദേവ, ഞാനർത്ഥിപ്പീല
മറെറാന്നും, ഭവാനെൻെറ
ജീവിതപ്പൂവിൽ നവ്യ-
സൌരഭം നിറച്ചാലും.
നിർമ്മലവിശാലമാ-
മെന്മനോവിഹായസ്സിൽ
വെൺമുകിൽച്ചാർത്തായ് ഭവാൻ
വിഹരിക്കാവൂ നിത്യം.
നിദ്രയിലെന്നാത്മാവു
പുൽകിടും സ്നേഹോജ്ജ്വല-
സ്വപ്നമായനവദ്യ-
നിർവൃതി പകർന്നാലും.
ഉദയാരുണകാന്തി-
പോലെ നിൻപ്രഭാപൂരം
പുതുചൈതന്യം മമ
ജീവനിൽ കൊളുത്താവൂ.
താരകാഖചിതമാ-
മിന്ദ്രനീലാകാശത്തിൽ
ശാരദചന്ദ്രൻ തെളി-
ഞ്ഞുല്ലസിപ്പതുപോലെ,
അഴലിൻ കരിനിഴൽ-
പ്പാടുകളകററി നീ
ആനന്ദോജ്ജ്വലകാന്തി-
ചിന്തണമെന്നകതാരിൽ
ദുർഘടമാമീലോക-
യാത്രയിലെന്നാത്മാവിൻ
വിശ്രമസ്ഥാനത്തെത്തി-
ച്ചെന്നെ നീ പിരിയാവൂ.

# ക്ഷമിക്കട്ടെ!

(എൻ. കെ. കുഞ്ഞുണ്ണിവൈദ്യൻ)

ഇൻഡ്യയൊട്ടാകെവീണ ദുഃഖമാമിടിത്തീയിൽ
വെന്തുരുകാനോദുഷ്ടാ! ചെയ്തതീ ദുഷ്കർമ്മം നീ?
എന്തിനിപ്പരിപൂതപൂർണ്ണമാം വക്ഷസ്സിൻനേ-
ർക്കേന്തിയായുക്കൊത്താക്കാഹാ! നിൻനാമം പു-
കഴ്വാമോ!
ഹന്ത! നിൻചരിതത്തിൻമാറ്റൊലിമരങ്ങത്തിൽ
മന്ത്രമായ്മാറീടുന്നിതിന്ത്യതൻ മക്കൾക്കെന്നും
ഹിന്ദുസ്ത്രീ പ്രസവിച്ച പാമ്പാണു പരമാർത്ഥ-
മെന്തിനുമറയ്ക്കുന്നു; മൂർഖനാം നഥൂരാം നീ
ശുക്രവാരത്തിൻമുച്ചുള്ളിട്ടിയതാവാം നിന്റെ
ദുഷ്കൃതംഭാരതത്തിൻ ദുഷ്കാലദുശ്ചേഷ്ടിതം
ജീവിക്കട്ടെന്നും നിന്നോടപ്പരാശക്തി,യെന്തും
ക്ഷമിക്കും മഹാത്മാവിൻ പാവനാത്മാവും-
ചിരാൽ!

—o—

# ഗാന്ധിയൻ കലണ്ടർ

—o—

ഡെഹ്‌റാഡൂണിലെ മി: ബ്രഹ്മസ്വരൂപ് റോമൻകലണ്ടറിനു പകരം ഒരു ഗാന്ധിയൻ കലണ്ടർ തയാറാക്കിയിരിക്കുന്നു.

അതിൽ 12 മാസങ്ങളുടെ പേര്:—

ജവഹർ, വല്ലഭ്, സുഭാഷ്, സരോജ്, മോതി, രാജ്ഗോപ്, ആസാദ്, ജഗ്ജീവൻ, രാജേന്ദ്രൻ, നാനാക്ക്, വിജയ്, പ്രകാശ്

എന്നിങ്ങനെ ദേശീയനേതാക്കന്മാരുടെ സങ്കുചിതനാമങ്ങൾ.

ആഴ്ചകളുടെ പേരുകൾ:—

സംഘടന, ഭക്തി, സത്യം, അഹിംസ, ത്യാഗം, ശാന്തി, ഉപവാസം.

—o—

# കേരളീയ ജ്യോതിഷ മാസിക

## 123 മീനം 1 മുതൽ

## എല്ലാ മലയാള മാസങ്ങളിലും ഒന്നാംതീയതി പുറപ്പെടും.

എഡിററർ:—

### പ്രൊഫസർ, കെ. സി. കേശവൻ.

ജ്യോതിശ്ശാസ്ത്രസംബന്ധമായ ഗവേഷണഫലങ്ങൾ, അവയെക്കുറിച്ചുള്ള നിരൂപണങ്ങൾ, ഗ്രഹസഞ്ചാരം നിമിത്തം ഓരോ നക്ഷത്രക്കാർക്കും അതാതു മാസങ്ങളിൽ നേരിടേണ്ടിവരുന്ന അനുഭവങ്ങൾ, ജ്യോതിഷപരമായ പ്രശ്നോത്തരങ്ങൾ, സംശയനിവാരണങ്ങൾ, ഗ്രഹങ്ങളുടെ ഗതിവിഗതികൾ മൂലം വ്യാപാരനിലവാരത്തിലുണ്ടാകാവുന്ന വ്യതിയാനങ്ങൾ, രാഷ്ട്രീയപരിവർത്തനങ്ങൾ മുതലായ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള കേരളത്തിലെ പ്രസിദ്ധ ജ്യോതിഷപണ്ഡിതന്മാരുടെ വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ ഓരോ ലക്കത്തിലും ഉണ്ടായിരിക്കും.

### ജ്യോതിഷ വിദ്യാർത്ഥികൾക്ക് ഒരു സുവർണ്ണാവസരം!

സാമാന്യവിദ്യാഭ്യാസമുള്ളവർക്കുപോലും ജ്യോതിഷം പഠിക്കുന്നതിനും, നിമിത്തം, മുഹൂർത്തം, ഗണിതം, ജാതകം മുതലായ എല്ലാ വകുപ്പുകളിലും പരിജ്ഞാനം സമ്പാദിക്കുന്നതിനും നവീനരൂപത്തിലുള്ള പാഠപദ്ധതികൾ അടുത്തലക്കം മുതൽ പ്രസിദ്ധീകരിക്കുന്നതാണ്. നിരാശപ്പെട്ടിടയാകാതെ ഉടൻ അപേക്ഷിക്കുക.

### വരിസംഖ്യ

| | |
|---|---|
| ആജീവനാംഗങ്ങൾക്ക് 100 രൂപാ. | 12 വർഷത്തേക്ക് 60 രൂപാ. |
| ഒരു വർഷത്തേക്ക് അഡ്വാൻസിൽ 6 രൂപാ. | ഒരു വർഷത്തേക്ക് തപാലിൽ 7 രൂപാ. |
| ആറുമാസത്തേക്ക് ,, 3 രു. 8 ണ. | ആറുമാസത്തേക്ക് ,, 4 രൂപാ. |

ഒററ പ്രതിക്ക് 10 ണ.

ഡിപ്പോസിററു വയ്ക്കുവാൻ സന്നദ്ധതയുള്ള ഏജന്റന്മാരെ എല്ലായിടത്തും ആവശ്യമുണ്ട്.

മാനേജർ,
കേരളീയ ജ്യോതിഷ മാസിക,
മുല്ലയ്ക്കൽ, ആലപ്പുഴ A. O. & P. O.

# ഹിംസേ!

(വാട്ടാളി കൊച്ചുകൃഷ്ണൻനായർ)

ശാന്തിയെബ്ഭജിക്കുന്ന ഞങ്ങളെവിട്ടു, രക്ത-
ഭ്രാന്തിയാം ഹിംസേ, പോക!; പോയിനീ മറയുക!!
ലോകസംസ്കാരം വെറും ചാരമാക്കുവാൻ നിന-
ക്കേകമാം നിമിഷത്തിൽ സാദ്ധ്യമാം, മത്യത്ഭുതം!

എന്തെന്തു ചെയ്തില്ലനീ, നിർദ്ദയ, നീചേ, കഷ്ടം!
വെന്തു വെന്തുരുകുന്ന ഹൃദന്തം സ്മരിക്കവേ;
അമ്പലം, പള്ളി, പള്ളിക്കൂടങ്ങ, ളാസ്പത്രിക-
ളമ്പമ്പ! പൊട്ടിച്ചു നീ രസിപ്പൂ വെടിക്കെട്ടായ്.

മാളികൾ നിലംപറ്റിപ്പിടഞ്ഞാൽ പുളച്ചാർക്കു-
ന്നെലിതൻ പ്രാണനോവു പൂച്ചയ്ക്കു വിളയാട്ടം
പാർത്തട്ടി, ലാകാശത്തി, ലാഴിതന്നന്തർഭാഗ-
ത്താത്തമോദനം—ഹാ! ഹാ! നിനക്കതിമനോരമം.

നീ ബാധിച്ചിടത്തു നിന്നോടുന്ന ലക്ഷക്കണ-
ക്കാബാലവൃദ്ധം ജീവരക്ഷാർത്ഥം; മഹാപാപം!
നാട്ടിലിങ്ങനെ നീളെ നരകം സൃഷ്ടിക്കുവാൻ
നീട്ടാരുനൽകീ നിന, ക്കോർക്കിൽ ഭയാനകം!

മർത്ത്യനെപ്പിശാചാക്കി മാറ്റുന്ന ഹിംസേ, നിന്റെ
നർത്തനം നിറുത്തുവാൻ പ്രാർത്ഥനചെയ്വൂ ഞങ്ങൾ.
ശാന്തിയെ ബ്ഭജിക്കുന്ന ഞങ്ങളെവിട്ടു,രക്ത-
ഭ്രാന്തിയാം ഹിംസേ, പോക; പോയിനീ മറയുക!!


SREE RAMA VILASAM BANK

ALLEPPEY.

എല്ലാവിധ ബാങ്കിടപാടുകളും,
പ്രതിമാസച്ചിട്ടിയും നടത്തുന്നതാണ്.

Proprietor N. Rama Pai.

ഏകാങ്കനാടകം

# ഉർവ്വശീശാപം.

(എസ്. പരമേശ്വരൻ ബി. എസ്. സി. (ഓണേഴ്സ്) തിരുവനന്തപുരം.)

(തുടർച്ച)

## രംഗം 3.

[അർജ്ജുനന്റെ അരമന. അദ്ദേഹം ഭാവിയെപ്പററി പര്യാലോചിച്ചുകൊണ്ട് അരമനയുടെ പ്രധാനമുറിയിൽ ഇരിക്കുന്നു; ആ വീരന് ആകാശഗംഗ ദൃശ്യമാണ്. നാകലോകാതിഥിയും, രാജകുമാരനുമായ അദ്ദേഹം വിശിഷ്ടവസ്ത്രങ്ങളാൽ അലംകൃതനല്ല; സഹോദരന്മാരൊന്നിച്ച് കാമ്യകവനത്തിൽ താമസിച്ചിരുന്ന കാലത്തെ വേഷത്തിലാണ് ഇരിപ്പ്. കുടുംബസംബന്ധമായ ദുരന്തചിന്തകളിൽ ഏർപ്പെട്ടിരുന്നതിനാൽ, സുന്ദരിമാരായ നാകസ്ത്രീകൾ ഗംഗയിൽ സ്നാനം ചെയ്യുന്ന കാഴ്ച അദ്ദേഹത്തെ ആകർഷിക്കുന്നില്ല.]

അർജ്ജുനൻ:—(ആത്മഗതം) ദേവന്മാരെല്ലാം ഒന്നുപോലെ എന്നോടു ദയയുള്ളവരാണ്. അവരുടെയെല്ലാം അനുഗ്രഹബലത്താലാണ് പലതരം സമരായുധങ്ങൾ എനിക്ക് ലഭിച്ചിരിക്കുന്നതു്. നിരവധി അമൂല്യങ്ങളായ അസ്ത്രങ്ങൾ എനിക്കു സമ്മാനിച്ച എന്റെ പിതാവിനെ ഞാൻ സദാ ആരാധിക്കതന്നെ ചെയ്യും. പുത്രനിർവ്വിശേഷമായ സ്നേഹത്തോടുകൂടി, നൃത്തസംഗീതാദികലകൾ അഭ്യസിപ്പിച്ച ചിത്രസേനനെ തികച്ചും ഗുരുഭക്തിയുള്ള ഞാൻ ഒരിക്കലും മറക്കുന്നതല്ല. ഇക്കഴിഞ്ഞ അഞ്ചു സംവത്സരംകൊണ്ട്, ഇന്ദ്രൻ സാധിച്ചതുപോലെ, ഒരു പിതാവിനും സ്വപുത്രന്റെ ജീവിതത്തെ ഇത്ര ശോഭനമാക്കുവാൻ കഴിയുന്നതല്ല. അഞ്ചു സംവത്സരം, അഞ്ചു നാഴികപോലെ പെട്ടെന്നു പറന്നുപോയി.........സ്വർഗ്ഗലോകത്തിലെത്തിയാൽ ഒരു മനുഷ്യന് സർവ്വവും സിദ്ധമായി എന്നാണ് സാധാരണമായ ബോധ്യം. എന്നാൽ ഇവിടുത്തെ ഒരു വിനോദവും എന്നെ രസിപ്പിക്കുന്നില്ല. എല്ലാം എനിക്കു ചെടിച്ചുകഴിഞ്ഞിരിക്കുന്നു. സ്വർഗ്ഗീയസംഗീതം എന്നെ അസ്വസ്ഥനാക്കുന്നു. അമർത്ത്യരുടെ ആഹാരാദികളിൽ, മർത്ത്യനായ എനിക്ക്, തീരെ രുചിയില്ല. പുരുഷന്മാരിൽ എന്റെ സഹോദരന്മാർക്കും സ്ത്രീകളിൽ ദ്രൗപദിക്കുമല്ലാതെ എന്റെ വിചാരപരിധിക്കുള്ളിൽ ആർക്കുംതന്നെ സ്ഥാനമില്ല. എന്റെ അധീനതയിലുള്ള ആയുധങ്ങളേയും കലാവിദ്യകളേയും അവരുടെ മുന്നിൽ പ്രദർശിപ്പിക്കുവാൻ ഞാൻ ത്വരിക്കുന്നു.

(ചിത്രസേനൻ പ്രവേശിക്കുന്നു)

മിത്രമേ! സ്വാഗതം.

(അർജ്ജുനൻ അതിഥിക്ക് ഇരിപ്പിടം നല്കുന്നു)

ചിത്ര—അല്ലയോ, ധനഞ്ജയ, ഒരു മംഗളവാർത്തയും കൊണ്ടാണ് ഞാൻ വന്നിരിക്കുന്നതു്.

അർജ്ജു—നിങ്ങളുടെ ആഗമനംതന്നെ മംഗളകരമാണല്ലോ. എന്റെ മാതാവിനെപ്പററി വല്ല വർത്തമാനവുമാണോ അവിടേയ്ക്കു പറയുവാനുള്ളതു്?

ചിത്ര—ഞാൻ ഇന്ദ്രസന്നിധിയിൽനിന്നു നേരെ ഇവിടെ വരികയാണ്. നിന്റെ ആചാരപരിപാടി അദ്ദേഹത്തെ അത്യന്തം ആനന്ദിപ്പിച്ചിരിക്കുന്നു.

അർജ്ജു—എന്നെക്കുറിച്ച് അദ്ദേഹത്തിനു നല്ല അഭിപ്രായമാണ് എന്നതു് എന്റെ മഹാഭാഗ്യംതന്നെ. വേറെ വിശേഷം വല്ലതുമുണ്ടോ?

ചിത്ര—അദ്ദേഹത്തിനു് നിന്നോടു അകൈതവമായ സ്നേഹമുണ്ട്. അതിനാൽ നിനക്കു താമസിയാതെ യാത്രയാകുന്നതിന് അനുമതി ലഭിക്കുന്നതാണ്.

അർജ്ജു—സന്തോഷം. വളരെ സന്തോഷം.

ചിത്ര—ഹാ, ആശ്ചര്യം. ആശ്ചര്യം. സകല ജീവികളും സ്വർഗ്ഗപ്രാപ്തിയെ തങ്ങളുടെ ലോകയാത്രയിൽ ലക്ഷ്യമാക്കുന്നു. അതിനു വേണ്ടി കൃച്ഛ്രചാന്ദ്രായണാദിവ്രതങ്ങൾകൂടിയും അനുഷ്ഠിക്കുന്നു. ആ അസുലഭമായ മഹാഭാഗ്യം നിനക്കു കരഗതമായിരിക്കുന്നു; എന്നിട്ട്, അതിനെ തിരസ്കരിക്കുകയാണോ നീ? ശരി, ശരി, മുററത്തെ മുല്ലയ്ക്കു മണമില്ലല്ലോ!

അർജ്ജു—അതല്ല കാരണം. ഭൂലോകത്തിലേപോകേണ്ട അത്യാവശ്യം എനിക്കുണ്ട്. എന്റെ സഹോദരന്മാരും പ്രാണപ്രിയയായ ദ്രൌപദിയും വളരെനാളായി എന്നെ കാണാൻ അത്യുൽക്കണ്ഠയോടുകൂടി കാത്തിരിക്കുന്നു. പിതാവിന്റെ കാരുണ്യാതിരേകം നിമിത്തം എനിക്കു ലഭിച്ച ശക്തിവിശേഷം പ്രകാശിപ്പിക്കുന്നതിനു് അവസരം നോക്കിയിരിക്കയാണു് ഞാൻ. ദുര്യോധനാദികളുടെ ദുഷ്കൃത്യങ്ങളെ അടിച്ചമർത്തുന്നതിനു കഴിവുള്ളിടത്തോളം ഞാൻ കാലവിളംബംകൂടാതെ പ്രയത്നിക്കേണ്ടതുണ്ടല്ലോ?

ചിത്ര—നിന്റെ അഭിലാഷങ്ങളെല്ലാം സഫലങ്ങളാകട്ടെ! ഉത്തമശിഷ്യനായ നിന്നോട് ഒരു സംഗതിമാത്രമേ എനിക്കു ധരിപ്പിക്കുവാനുള്ളൂ.

അർജ്ജു—ഗുരോ! അതു കല്പിക്കുവാൻ എന്തിനു സംശയിക്കുന്നു? അങ്ങയുടെ ആജ്ഞ ശിരസാ വഹിക്കുന്നതിനു ഞാൻ സദാ സന്നദ്ധനല്ലേ?

ചിത്ര—ഭൂലോകത്തിൽ ചെന്നതിനുശേഷം, ആ ലോകവാസികളെ ഗാന്ധർവ്വകലകൾ അഭ്യസിപ്പിക്കുക. അവർക്കു സ്വർഗ്ഗീയപരമാനന്ദം അനുഭവിക്കുന്നതിനുള്ള ഏകമാർഗ്ഗം അതല്ലാതെ മറെറന്താണു്?

അർജ്ജു—കല്പനപോലെ. എന്റെ പിതാമഹനായ പുരൂരവസ്സ് സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേയ്ക്കു യാഗവഹ്നി കൊണ്ടുപോയി. അതുപോലെ ഞാൻ, ദേവലോകത്തിലെ ഗാന്ധർവ്വകലകൾ ലോകവാസികൾക്കു് പ്രദാനംചെയ്തു എന്നു പറയപ്പെടട്ടെ.

ചിത്ര—"പരിപൂർണ്ണമായ ഈശാനുഗ്രഹം സിദ്ധിച്ച ഒരു ബ്രഹ്മചാരി" എന്ന അഭിധാനം നിന്റെ നാമത്തോടു ചേർന്നു വിളങ്ങട്ടെ! നിസ്തുലമായ മനശ്ശുദ്ധിനിമിത്തം ഷഡ്വർഗ്ഗങ്ങളെ ജയിച്ചും, ദിവ്യായുധങ്ങളെക്കൊണ്ടു് അനീതികളെ ഉന്മൂലനംചെയ്തും, നീ വിജയശ്രീലാളിതനായി വർത്തിക്കുക.

(ചിത്രസേനൻ പോകുന്നു)

അർജ്ജു—(ആത്മഗതം) ഈ വന്ദ്യഗുരുവിന്റെ കാരുണ്യം എനിക്കു് ഒരിക്കലും വിസ്മരിക്കാൻ സാധിക്കുന്നതല്ല.

(പരിചാരകൻ പ്രവേശിക്കുന്നു)

പരി—അല്ലയോ, സ്വാമിൻ! അപ്സരസ്സുകളിൽ അദ്വിതീയയായ ഉർവ്വശി അങ്ങയുടെ സന്നിധിയിൽ വരുവാൻ അനുവാദത്തിനു അപേക്ഷിക്കുന്നു.

അർജ്ജു—അകത്തുവരുവാൻ പറയൂ.

പരി—ഇതാ ദേവി വന്നുകഴിഞ്ഞു. (പോകുന്നു)

[സർവ്വാലങ്കാരഭൂഷിതയായ ഉർവ്വശി പ്രവേശിക്കുന്നു. ആ പൂന്നിലാവിൽ, ഉർവ്വശിയുടെ ശരീരത്തിലെ സൌരഭ്യം ചുററിലും വ്യാപിക്കുന്നു, അർജ്ജുനനും അതു് ആസ്വദിക്കുന്നു]

അർജ്ജു—(ഇരുന്ന സ്ഥലത്തുനിന്നുമിളകാതെ നോക്കിക്കൊണ്ടു്) (ആത്മഗതം) എന്തൊരു മനോമോഹനമായ രൂപം! ഇത്ര സൌന്ദര്യമുള്ള ഒരു സ്ത്രീയും ഉണ്ടോ? അഥവാ ഇതു ബ്രഹ്മസൃഷ്ടിയല്ലല്ലോ; നാരായണസൃഷ്ടിയല്ലേ? എന്റെ ഇടതുകണ്ണു് തുടിക്കുന്ന ദുശ്ശകുനം എന്താണോ? ഈ ആപത്തിൽനിന്നു എന്നെ ദേവന്മാർ രക്ഷിക്കട്ടെ! ഈ അസമയത്തു് ഇവൾ എന്റെ ശാന്തതയെ ഭഞ്ജിക്കുന്നതെന്തിനാണാവോ?

(അവളുടെ സമീപം നടന്നുചെന്നു്) (ഉറക്കെ) അല്ലയോ, ദേവി! നമസ്കാരം. ഈ ആസനം പരിഗ്രഹിക്കുക.

(ഉർവ്വശി ആസനസ്ഥയാകുന്നു)

അർജ്ജു—അവിടത്തെ നിർദ്ദേശങ്ങൾ അരുളിച്ചെയ്താലും.

ഉർവ്വശി—(കളിയൊളിപ്പുഞ്ചിരിയോടുകൂടി) അല്ലയോ, പാണ്ഡുപുത്ര! ഞാൻ ദേവലോകാതിഥിയാണു്. അവിടുന്നു് ഇവിടെ ഭൂലോ

കരുത്തയ്ക്കു മടങ്ങുമെന്നു കേട്ടു; യാത്രയാകും മുൻപു് എന്റെയും എന്റെ വർഗ്ഗക്കാരുടേയും ആശീസ്സുകൾ നല്കുവാൻ വന്നതാണു്.

അർജ്ജു—അതു് ഒരു വലിയ ബഹുമതിതന്നെ.

ഉർവ്വശി—എന്നാൽ എനിക്കു് അങ്ങയോടു ഒരു പരിദേവനം അറിയിക്കേണ്ടതുണ്ടു്.

അർജ്ജു—(സംഭ്രമത്തോടെ) ഇവിടെ വന്നതിനുശേഷം, ഞാൻ ആരെയും പീഡിപ്പിക്കുകയോ, മനസ്സുകൊണ്ടു് അങ്ങനെ ഒന്നു ചിന്തിക്കുകയോ ഒരിക്കലും ചെയ്തിട്ടില്ല. എന്തിനെപ്പററിയാണു് പരിദേവനം? ആരെയാണു് ഞാൻ സങ്കടത്തിൽ പെടുത്തിയതു്? അങ്ങനെ എന്തെങ്കിലും ഞാനറിയാതെ ഒരു പരാധം ചെയ്തുപോയിട്ടുണ്ടെങ്കിൽ അരുളിച്ചെയ്യുക. അതിനു് ഞാൻ പ്രായശ്ചിത്തം ചെയ്യുവാൻ—വേണമെങ്കിൽ ഏതു ശിക്ഷയും അനുഭവിക്കുവാൻ—സന്നദ്ധനാണു്.

ഉർവ്വശി—അങ്ങയുടെ ആഗമനം പ്രമാണിച്ചു് ദേവേന്ദ്രൻ ഒരു സല്ക്കാരം നടത്തിയതു് ഓർമ്മിക്കുന്നുണ്ടോ?

അർജ്ജു—നിശ്ചയമായിട്ടും എന്റെ സ്മൃതിപഥത്തിൽ നിന്നു് ഒരിക്കലും മാഞ്ഞുപോകാത്തതാണു് ആ സുമുഹൂർത്തം.

ഉർവ്വശി—അന്നു് ആ സഭയിൽ സിദ്ധചാരണന്മാരും, ഋഷിവര്യരും, സന്നിഹിതരായിരുന്നു. ദേവേന്ദ്രന്റെ നിർദ്ദേശപ്രകാരം ഗന്ധർവ്വന്മാർ വീണാലാപം ചെയ്തു. ഹൃദയാവർജ്ജകമായ ഗാനങ്ങൾ! ദേവാംഗനകളുടെ നേത്രാനന്ദകരമായ നൃത്തം! ഇവയെല്ലാം രംഗസ്ഥിതജനങ്ങളെ അപഹൃതചിത്തവൃത്തികളാക്കിത്തീർത്തു!

അർജ്ജു—ആ ദിവസം എന്റെ ജീവിതത്തിലെ ഏററവും ശോഭനമായ ഒരു ദിനമായിരുന്നു എന്നു് ഞാൻ എല്ലാക്കാലത്തും ഓർമ്മിക്കും.

ഉർവ്വശി—ഉമാദേവിയുടെ നൃത്തമാണു് ഞാൻ അഭിനയിച്ചതെന്നു് അങ്ങു് അറിയുന്നുണ്ടോ? താളത്തിനൊപ്പം ഞാൻ നൃത്തം ചെയ്തുകൊണ്ടിരിക്കവേ, ഒരു ബാണം പെട്ടെന്നു് എന്റെ മാറിൽ തറച്ചു. അതു് എന്നെ അത്യന്തം പീഡിപ്പിക്കുകയും, നൃത്തത്തിന്റെ ശുഭസമാപ്തിക്കു വിഘാതമായിത്തീരുകയും ചെയ്തു.

അർജ്ജു—(ആത്മഗതം) ഇവർ പറഞ്ഞുപറഞ്ഞു് എന്നെ എവിടേയ്ക്കാണോ നയിക്കുന്നതു്? (ഉറക്കെ) അതൊന്നും ഞാൻ അറിഞ്ഞതേയില്ല.

ഉർവ്വശി—അതു് മന്മഥന്റെ ബാണമായിരുന്നു. അങ്ങു് എന്നിൽ നിക്ഷേപിച്ചനോട്ടം പ്രണയാഗ്നിപോലെ എന്നെ ഗ്രസിക്കുന്നതായി തോന്നി. അല്ലയോ, ധനഞ്ജയ, അനാഥയായ ഒരു സ്ത്രീയുടെ ചാപല്യം ക്ഷമിക്കുമാറാകണം. ആ നോട്ടം രാപ്പകൽ എന്നെ ഉന്മേഷരഹിതയാക്കുന്നു. അവിടത്തെ മോഹനാകാരം എന്റെ പൂജാവിഗ്രഹമായി ഞാൻ ആരാധിച്ചുതുടങ്ങീട്ടു് ദിനരാത്രങ്ങൾ അനേകം കഴിഞ്ഞിരിക്കുന്നു. ഞാൻ അങ്ങയിൽ കാമവിവശയാണു്. ഈ വികാരത്തെ ഒതുക്കുവാൻ ഞാൻ ശ്രമിക്കുംതോറും അതു് അധികമധികമായി പൊന്തിവരുന്നു. ദാസന്മാക്കു് അങ്ങു് ഒരു കല്പവൃക്ഷമാണെന്നു് ഞാൻ കേട്ടിട്ടുണ്ടു്. എന്നെ അങ്ങയുടെ ദാസിയാക്കേണമെന്നു് ഞാൻ വീണ്ടും വീണ്ടും പ്രാത്ഥിക്കുന്നു.

അർജ്ജു—(അസഹ്യതയോടുകൂടി, ചെവിരണ്ടും പൊത്തിക്കൊണ്ടു്) ശാന്തം പാപം! അല്ലയോ, ദേവി! ഭവതി എന്തുപറഞ്ഞു? അസ്ഥാനസ്ഥമായ ആശ ഹൃദയത്തെ അപഥത്തിലേയ്ക്കു നയിക്കുന്നതാണു്. പ്രണയോദ്ദീപകമായിരുന്നില്ല എന്റെ ദൃഷ്ടിപാതം. ഭവതി നൃത്തത്തിൽ അഭിനയിച്ച ഉമാദേവിക്കും, ഇന്ദ്രന്റെ പട്ടമഹിഷിയായ ശചീദേവിക്കും, സാധ്വിയായ എന്റെ കുന്തീമാതാവിനും, തുല്യ ഭവതിക്കും ഒരേമാന്യസ്ഥാനമാണു് ഞാൻ കല്പിച്ചു നിശ്ചയിച്ചിരിക്കുന്നതു്. ഭവതിയുടെ നൃത്തം ഞാൻ ദശിച്ചപ്പോൾ എന്റെ നേത്രങ്ങൾ വിസ്തൃതങ്ങളായി എന്ന വസ്തുത പരമാത്ഥം തന്നെ. എന്നാൽ ആ സമയത്തുമാത്രമല്ല, എപ്പോഴും എന്റെ ധ്യാനം "പൂരുവംശത്തിന്റെ ജനനിയാണു് ഭവതി; ആ വംശത്തിലെ ഒരു സന്താനമാണു് ഞാൻ" എന്നാണു്. ഭവതി എന്റെ കുലത്തിന്റെ അഭിവന്ദ്യയായ മാതാവല്ലേ! ഹൃദയത്തെ ചാഞ്ചാടിക്കുന്ന ഈ ചപലവികാരത്തിനു് അടിമപ്പെട്ടു് എ

ന്നോട്ട് ഈ സാഹസവാക്കുകൾ ഉച്ചരിച്ചതിൽ ഇപ്പോൾ അമ്മ ലജ്ജിക്കുന്നില്ലേ!

ഉൎവ്വശി—ഈ നീതിന്യായങ്ങളെല്ലാം ഭൂലോകത്തിലുള്ള മനുഷ്യൎക്കുള്ളതാണു്. ദേവയോനികളായ ഞങ്ങൾക്കു ഇതൊന്നും ബാധകമാകുന്നതല്ല. ഞങ്ങൾക്കു ആരേയും വരിക്കുന്നതിനു ഏതുകാലത്തും പൂൎണ്ണസ്വാതന്ത്ര്യമുണ്ടു്. പുരുവംശത്തിലെ വീരപുരുഷന്മാർ അവരുടെ സുകൃതഫലമായി ഇവിടെവന്നു ഞങ്ങളോടു സ്വൈരസല്ലാപം ചെയ്തു് ലീലാസുഖങ്ങൾ അനുഭവിക്കുന്നതായി കേട്ടിട്ടില്ലെ?

അൎജ്ജു—സാക്ഷാത്തായ ന്യായം എവിടെയും ഒന്നേയുള്ളു. അതു് ധൎമ്മത്തിൽ നിന്നു വിഭിന്നമല്ല. അതു് വാനവന്മാരേയും മാനവന്മാരേയും ഒന്നുപോലെ ബാധിക്കുന്നതാണു്. ലോകവും ഒന്നേയുള്ളു. അതായതു് നാമെല്ലാവരും ഒന്നിച്ചുചേരുന്ന ആത്മലോകംതന്നെ. അന്യലോകങ്ങൾ മിഥ്യയാണു്. ഇന്ദ്രിയവികാരങ്ങളെ നിയന്ത്രണം ചെയ്തു് ആത്മനിൎവൃതി നേടുന്നവൎക്കു മാത്രമേ ആ ലോകത്തിൽ പ്രവേശനത്തിനു് അൎഹത സിദ്ധിക്കയുള്ളു.

ഉൎവ്വശി—പിന്നെ മനുഷ്യർ എന്തിനാണു് യാഗങ്ങൾ നടത്തുന്നതു? മരണശേഷം ഈ ലോകത്തിൽ വന്നു് ഞങ്ങളുടെ സംസൎഗ്ഗസുഖം അനുഭവിക്കുന്നതിനല്ലേ?

അൎജ്ജു—ശരിതന്നെ. പക്ഷേ, ഈ സുഖാനുഭോഗങ്ങൾ ക്ഷണഭംഗുരമാണു്. പുണ്യക്ഷയം വരുമ്പോൾ ദേവത്വം സിദ്ധിച്ച മനുഷ്യർ വീണ്ടും അധഃപതിക്കുന്നു. അവർ കൎമ്മബദ്ധരാണു്. അജ്ഞാനികളായ മനുഷ്യർ മരണത്തെ ജീവനാശമായി കരുതുന്നു; അതിൽ വളരെ ദുഃഖിക്കുകയും ചെയ്യുന്നു. എന്നാൽ ഈ മൂഢാഭിപ്രായത്തിൽ നിന്നു് എത്രയോ ഭിന്നമാണു് മരണത്തിന്റെ പാരമാൎത്ഥികത. മനുഷ്യൻ താൻ ഒരു ദിവ്യശിശുവാണെന്നും, ആത്മാവാണെന്നുമുള്ള വസ്തുത മറന്നു കാമക്രോധാദിവികാരങ്ങൾക്കു് അടിമപ്പെടുമ്പോൾ അവൻ മൃതനെക്കാൾ മരിച്ചവനായിത്തീരുന്നു. കൎമ്മബന്ധങ്ങളിൽ നിന്നു വിമുക്തനാകുക എന്നുള്ളതാണു് യഥാൎത്ഥമായ അനശ്വരത്വം.

ഉൎവ്വശി—(ക്രോധാവേശത്തോടെ) എന്തു്? ഞങ്ങളുടെ അമൎത്ത്യത കല്പിതവും കൃത്രിമവുമാണോ? തിരസ്കൃതയായ ഒരു പ്രണയാൎത്ഥിനിയുടെ പ്രതീകാരബുദ്ധിയുടെ തീക്ഷ്ണത- ഒരു സ്വൎഗ്ഗവാസിനിയുടെ സംഹാരശക്തി- നിങ്ങളെ ബോധ്യപ്പെടുത്താം. ഇന്ദ്രന്റെ നിൎദ്ദേശപ്രകാരം, സ്വവസതിയിൽ സ്വയമായി ആഗതയായ ഒരു കാമിനിയെ അവഹേളിക്കുകയും അവൾ പൂൎണ്ണമായും, ലജ്ജാവിഹീനമായും അൎപ്പിച്ച പ്രണയത്തെ ചവിട്ടിമെതിക്കുകയും ചെയ്തതുകൊണ്ടു് നിന്നെ ഞാൻ ഇതാ ശപിക്കുന്നു. നിനക്കുയോജിച്ച ശാപമായിരിക്കും അതു്. "നീ ഷ—ണ്ഡ—അതേ! ആ വാക്കു ഞാൻ നിരനുക്രോശമായിത്തന്നെ ഉച്ചരിക്കാം—ഷണ്ഡനായിത്തീരും." എന്തെന്നാൽ ഒരു കാമുകിയായ എന്നോടു്, പുരുഷന്റെ ലക്ഷണം തികഞ്ഞ നീ യോഗ്യതാനുസാരം പെരുമാറിയില്ലല്ലൊ! ആണും പെണ്ണും കെട്ടവനല്ലേ നീ?

അൎജ്ജു—ഉൎവ്വശീമാതാവേ! എത്ര ഘോരമായ അഭിശാപമാണിതു്!

ഉൎവ്വശി—വീണ്ടും കേൾക്കുക. അന്നു് നൃത്തം ചെയ്തുകൊണ്ടിരുന്നപ്പോൾ എന്റെ കടാക്ഷമാകുന്ന വല ഞാൻ സദാ നാലുപാടും വീശിക്കൊണ്ടിരുന്നു. എന്നാൽ നീയാകട്ടെ, ഒരു നൃത്താധ്യാപകന്റെ മട്ടിൽ താളമേളാദികളിൽ ബദ്ധശ്രദ്ധനായിത്തന്നെയിരുന്നതെയുള്ളു. അതിനാൽ നീ ഒരു നൃത്താധ്യാപകനായിത്തീരും. പൌരുഷം നഷ്ടപ്പെട്ടതിനാൽ സ്ത്രീജനങ്ങളുടെ നിന്ദയ്ക്കും, സ്ത്രീസഹജമായ ലാവണ്യത്തിന്റെ അഭാവംനിമിത്തം പുരുഷന്മാരുടെ പരിഹാസത്തിനും പാത്രമായിഭവിക്കും.

അൎജ്ജു—മൎമ്മഭേദകമായ ശാപം! അല്ലയോ മാതാവേ! ഈ ശാപത്തിൽ നിന്നു ദയവുചെയ്തു എന്നെ മോചിപ്പിച്ചാലും. മാതാവു് ക്ഷമാദേവിയല്ലയോ? ഭവതി പുരുവംശത്തിലെ ജനയിത്രിയും, ഞാൻ ആ വംശത്തിലെ ഒരു സന്താനവുമല്ലേ? ഞാൻ ഒരു ഷണ്ഡൻ! ക

ഷ്ടം. ഹാ ഞാൻ ഇനി എന്തുചെയ്യണം? കൌരവാദികളെ അമർച്ചവരുത്തുന്നതിനു് അ ധീനമാക്കിയ ആയുധങ്ങൾ എനിക്കു് എ ന്തിനു്? അല്ലയോ അമ്മേ! ഒരു മാതൃഹൃദയം ഇത്ര കഠിനമാകാമോ?

ഉർവ്വശി—മാതാവോ? നിൻെറ—ഞാൻ—മ ഹാവിഡ്ഢി. നീ എന്തുപറഞ്ഞു? ജഡ ങ്ങളായ ശിശുക്കളെ സ്തന്യംനല്കി ഞാൻ വളർത്തിയിട്ടുണ്ടോ? ഇല്ല. ഒരിക്കലും ഇല്ല. നീ ഈ ദുരിതം അനുഭവിക്കുകതന്നെ വേണം. എൻെറ ശാപം ഫലിക്കുകതന്നെ ചെയ്യും! (ക്രോധാവേശത്താൽ അധരം വിറപ്പിച്ചും, ദീ ർഘശ്വാസം വിട്ടുകൊണ്ടും പോകുന്നു).

അർജ്ജു—ഹാ! സ്വർഗ്ഗത്തിൻെറ കൃതജ്ഞത! അ ഥവാ എൻെറ ദുർവ്വിധി!

രംഗം 4.

[അർജ്ജുനൻെറ അരമന അർജ്ജുനനും ഇന്ദ്ര നും ആസനസ്ഥരായി സംഭാഷണം ചെയ്യുന്നു].

ഇന്ദ്രൻ—(അർജ്ജുനൻെറ ശിരസ്സുതൊട്ടു് ആശീ ർവ്വദിക്കുന്നു). നിന്നെ പ്രസവിച്ച കുന്തീ ദേവി നിശ്ചയമായിട്ടും ഒരു മഹാഭാഗ്യവതി തന്നെ. പരിശുദ്ധി, ക്ഷമ, ആത്മസംയമ നം, ഈ ഗുണവിശേഷങ്ങളാൽ നീ ഒരു യ തിവര്യനെക്കാൾ ഉൽകൃഷ്ടനായി ഭവിച്ചി രിക്കുന്നു. എന്നിൽ നിന്നു സ്വാധീനമാക്കി യ ആയുധങ്ങളും അവയുടെ പ്രയോഗതന്ത്ര ങ്ങളും നിന്നെ ത്രിലോകത്തിലും അജയ്യനാ ക്കും. പക്ഷെ, ഉപദേഷ്ടാവിനു് പ്രതിഫ ലം കൊടുക്കേണ്ടതായുണ്ടു്. (മന്ദഹസി ക്കുന്നു)

അർജ്ജു—ഗുരുദക്ഷിണയായി ഞാൻ എന്തു പ്ര തിഫലവും സമർപ്പിക്കാം. സ്വാമിൻ ആ ജ്ഞാപിച്ചാലും.

ഇന്ദ്രൻ—ഈ ആയുധങ്ങൾകൊണ്ടു് മൂന്നുകോ ടി ദാനവന്മാരേയും, ആഴിയുടെ അടിത്ത ട്ടിൽ വസിക്കുന്ന നിവാതകവചന്മാരെയും കൊന്നൊടുക്കണം. ആസന്നമായ ഭാരതയു ദ്ധത്തിൽ ഭീഷ്മ ദ്രോണ കർണ്ണാദികൾ നി ൻെറ വീര്യപരാക്രമങ്ങൾകൊണ്ടു് തിരോഭൂ തരാകും. പക്ഷെ, ഒരുകാര്യം മാത്രം സദാ ഓർമ്മിക്കണം "ഈ വിശിഷ്ടായുധങ്ങൾ സാ ധാരണ മനുഷ്യരുടെ നേരെ ഒരിക്കലും പ്ര യോഗിക്കാതെ ഭദ്രമായി സൂക്ഷിച്ചുകൊള്ള ണം" ഇതാണു് ഞാൻ ആവശ്യപ്പെടുന്ന പ്ര തിഫലം—വെറും വാഗ്ദാനം.

അർജ്ജു—ഞാൻ ശപഥം ചെയ്യുന്നു "അപാത്ര ത്തിൽ ദാനം ചെയ്യരുതു്" എന്നതുപോലെ തന്നെ "അയോഗ്യരിൽ ഒരിക്കലും ദിവ്യായുധ ങ്ങൾ പ്രയോഗിക്കുന്നതല്ല. നിശ്ചയംതന്നെ സത്യം-സത്യം-സത്യം."

ഇന്ദ്രൻ—എന്നാൽ ദുഷ്ടരോടും ഘാതകരോടും കാരുണ്യം ലവലേശം അരുതു്. അപരാധ ത്തിൻെറ ഗുരുലഘുത്വമനുസരിച്ചു്, കുറ്റ ക്കാരെ തിരിച്ചറിഞ്ഞു്, അവരെ ശിക്ഷിക്കു കയോ വേണ്ടിവന്നാൽ വധിക്കുകയോ ചെ യ്യുന്നതാണു് ധർമ്മനീതി. ഇതിനെപ്പറ്റി കൂ ട്ടതലായി സർവ്വജ്ഞനും അവതാരപുരുഷനു മായ ശ്രീകൃഷ്ണൻ നിന്നെ യഥാകാലം ഉപ ദേശിച്ചു് അനുഗ്രഹിക്കും.

അർജ്ജു—അഭിവന്ദ്യപിതാവേ! സങ്കടത്തിനു് സ്ഥാനമില്ലാത്ത ഈ സ്വർഗ്ഗലോകത്തുവെ ച്ചു് ഒരു വ്യാധി—അല്ല ആധി—എന്നെ സദാ അലട്ടുന്നു.

ഇന്ദ്രൻ—ഉർവ്വശീശാപമല്ലേ?

അർജ്ജു—അതേ. അതുതന്നെ. അവിടുന്നു് അ റിഞ്ഞുകഴിഞ്ഞോ അതു്.

ഇന്ദ്രൻ—ചിത്രസേനൻ എന്നെ അതെല്ലാം ധ രിപ്പിച്ചു. നിൻെറ മാളികയിൽനിന്നു ക്രോ ധപരവശയായി പുറത്തുവന്ന ഉർവ്വശിയെ ചിത്രസേനൻ കണ്ടു.

അർജ്ജു—ആ ശാപം എന്നെ വല്ലാതെ വിഷ മിപ്പിക്കുന്നു, അത്യന്തം വേദനപ്പെടുത്തുന്നു. അതു് എന്നുമുതൽ പ്രവർത്തിച്ചുതുടങ്ങും? അ വിശാലഹൃദയയായ ഒരു മാതാവിൻെറ ധർമ്മം മുൻനിർത്തി ഉർവ്വശീമാതാവു് അതു പിൻവലിച്ചുകഴിഞ്ഞോ?

ഇന്ദ്രൻ—ഇല്ല ഇല്ല. അവൾ അതു് ചെയ്തി ല്ല. ഒരിക്കലും ചെയ്കയുമില്ല. ശാപങ്ങളൊ ന്നും വീണ്ടെടുക്കാവുന്നതല്ല. എന്നാൽ നി നക്കു് ആ ശാപം ഗുണകരമായിത്തന്നെ ഭ വിക്കും. അതു് ഒരു വർഷത്തേയ്ക്കു നില നില്ക്കുകയുമുള്ളൂ. രക്ഷാമാർഗ്ഗം തിരയേണ്ട

ആവശ്യം നേരിടുമ്പോൾ ഉർവ്വശീശാപം നിനക്ക് ഒരു ഉപകാരമാകും.

അർജ്ജു—ആവശ്യപ്പെടുമ്പോൾ—അല്ലേ? അതായതു് ഞാൻ ഇച്ഛിക്കുമ്പോൾ,—എന്നാൽ ഞാനായിട്ട അതു ഒരിക്കലും കാംക്ഷിക്കുകയില്ല അങ്ങനെ അതിൽനിന്നു ഞാൻ ഒഴിഞ്ഞുമാറും.

ഇന്ദ്രൻ—എന്തിനു് ഒഴിഞ്ഞുമാറുന്നു? പന്ത്രണ്ടു വർഷത്തെ വനവാസശേഷം നിങ്ങൾക്ക് അറുഃപക്ഷം പന്ത്രണ്ടുമാസം അജ്ഞാതമായി പാർക്കണമെന്നില്ലേ. അക്കാലത്തു് ഉർവ്വശിയുടെ ശാപം ആരംഭിക്കും. അപ്പോൾ അതു നിനക്കു് ഒരു ഉപകാരമായിത്തോന്നും. ആ ഒരു സംവത്സരം നീ ഒരു കൊട്ടാരത്തിലെ രാജകുമാരിമാരുടെ ഒരു നട്ടുവനായിക്കഴിഞ്ഞുകൂടുകയാണു വേണ്ടതു്. അജ്ഞാതവാസംഘട്ടത്തിൽ, രണാങ്കണങ്ങളിൽ ധീരമായി പൊരുതുകനിമിത്തം നിന്റെ ശരീരമാസകലം ഇടതടവില്ലാതെ അലങ്കാരരൂപത്തിൽ പരിലസിക്കുന്ന തഴമ്പുകൾ ലോകരുടെ ദൃഷ്ടിയിൽ പെടുന്നതല്ല.

അർജ്ജു—എന്റെ ഭയമെല്ലാം അസ്തമിച്ചിരിക്കുന്നു. ഞാൻ ഏററവും സന്തുഷ്ടനായി.

ഇന്ദ്രൻ—ഒരു വാക്കുകൂടി (അർജ്ജുനന്റെ ശിരസ്സിൽ ഒരു മകുടം വച്ചിട്ടു്) ഈ കിരീടം ധരിച്ചുകൊള്ളുക. ഈ മുത്തുകളും പവിഴങ്ങളുംകൂടെ കൊണ്ടുപോയിക്കൊള്ളുക. ഈ അമൂല്യരത്നങ്ങൾ ഭൂലോകത്തു കിട്ടാത്തവയാകയാൽ ദ്രൗപദിക്കു് അതീവസന്തോഷം നല്കും. നിന്റെ ഇതുവരെയുള്ള വൃത്താന്തം മുഴുവനും നിന്റെ സഹോദരന്മാരെ ഗ്രഹിപ്പിക്കുന്നതിനു്, ഞാൻ രോമശൻ എന്ന മഹർഷിയെ നിയോഗിച്ചിട്ടുണ്ടു്. നീ അവരുടെ സമീപത്തിൽ എത്തുന്നതിനു മുൻപു എന്റെ ചില ശത്രുക്കളോടു ഒരു ഭയങ്കരമായ സമരം ചെയ്യേണ്ടിവരും. ഭൂലോകത്തേക്കുള്ള നിന്റെ യാത്ര സുഗമവും മംഗളവുമായി ഭവിക്കട്ടെ! കിരീടിയായ നിന്നെ ഏ

തവസരത്തിലും സഹായിക്കാൻ ദേവന്മാർ സന്നദ്ധരായിരിക്കും.

അർജ്ജു—ഞാൻ ഇപ്പോൾ ആനന്ദഭരിതനായിത്തീർന്നിരിക്കുന്നു. അങ്ങു് എനിക്കു് ഒരു നവചൈതന്യം നല്കിയിരിക്കുന്നു. അതിനെല്ലാം ഞാൻ യോഗ്യനായി വരേണമേ! എന്റെ ആയുധശാലയിൽ ഇപ്പോൾ അഭൗമങ്ങളായ ആയുധങ്ങൾ പലതുമുണ്ടു്. അവയെല്ലാം അച്ഛന്റെ സമ്മാനങ്ങൾ! ഇതിനെല്ലാം ഉപരിയായി ഉർവ്വശീമാതാവിന്റെ ശാപം. ഒരു വ്യക്തിക്കും എന്നെ തിരിച്ചറിയാൻ അസാദ്ധ്യമായ ഒരു പ്രച്ഛന്നവേഷം. എല്ലാം നന്മയ്ക്കുതന്നെ! ഈശ്വരാ രക്ഷതു. ഹരേ! കൃഷ്ണ ഹരേ കൃഷ്ണ!

—കൈരളി—

---

# കുടി നിറുത്താൻ പുതിയ ചികിത്സ

—o—

ശീലിച്ചു പഴകിപ്പോയ ഏതു കുടിയനേയും അതിൽനിന്നു നിശ്ശേഷം പിന്മാറാനുള്ള ചികിത്സ പാരീസിലെ ഒരു ഡാക്ടറായ ബ്രസൽ കണ്ടുപിടിച്ചിരിക്കുന്നുവത്രേ. അവർ പിന്നീടൊരിക്കലും യാതൊരു മദ്യവും തൊടുകയില്ലെന്നു് അദ്ദേഹം ഉറപ്പുനൽകുന്നു.

ഇതൈൽ ആൽക്കഹോൾ (Ethyl Alcahol) ആണു് അതിനുപയോഗിക്കുന്നതു്. 36 മണിക്കൂറിനുള്ളിൽ തുടരെ കുത്തിവയ്പുകൾ വേണ്ടിവരും. പാരീസ് മെഡിസിൻ ഫാക്കൽററിയിൽ ബ്രസൽ ചികിത്സ രജിസ്റ്റർചെയ്യപ്പെട്ടുകഴിഞ്ഞു.

---

## ചില അപൂർവ്വൗഷധങ്ങൾ

മനുഷ്യൻ മുൻകാലങ്ങളിലെ ആഹാരക്രമങ്ങളിലും ജീവിതരീതികളിലുംനിന്ന് ഇന്നത്തെ പരിതഃസ്ഥിതികളുടെ സുശക്തമായ പ്രേരണമൂലം വളരെ അകന്ന ഒരു മാർഗ്ഗത്തെ അവലംബിക്കാൻ നിർബ്ബന്ധനായി ഭവിച്ചതിനാൽ, മനുഷ്യന്റെ ശരീരത്തിനും ശരീരത്തെ ബാധിക്കുന്ന രോഗങ്ങൾക്കും പണ്ടത്തേതിൽനിന്നു വ്യത്യസ്തമായ ഒരു സ്വഭാവം സംഭവിച്ചിരിക്കുന്നു എന്നു വൈദ്യബുദ്ധിയില്ലാത്തവർക്കും കുറച്ചൊന്നാലോചിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ യാഥാർത്ഥ്യത്തെ, ചികിത്സാമാർഗ്ഗത്തിലുള്ള ചിരകാലപരിചയത്തിൽനിന്നും ശരിക്കു മനസ്സിലാക്കി, ആ അടിസ്ഥാനത്തിൽ തയാറാക്കിയിട്ടുള്ളതും അതിശ്രേഷ്ഠമായ ഫലത്തെ പ്രദാനം ചെയ്യുന്നതുമായ ചില വിശിഷ്ടൗഷധങ്ങളാണ് ഞങ്ങൾ ഇതിനടിയിൽ ചേർത്തിരിക്കുന്നത്.

**ഗുരുകല്പം.** മധുരരസത്തോടുകൂടിയ എല്ലാ മൂത്രദോഷങ്ങൾക്കും ആരംഭക്ഷയത്തിനും
(30 നേരം—16 ദിവസത്തേക്കുള്ള) കുപ്പി 1-ക്കു വില രൂ. 5.

**കല്പരേണു.** മധുരരസം ഒഴിച്ചുള്ള എല്ലാ മൂത്രദോഷങ്ങൾക്കും ഗർഭാശയരോഗങ്ങൾക്കും ശുക്ലസ്രാവം, അസ്ഥിസ്രാവം എന്നിവയ്ക്കും
(40 നേരം—20 ദിവസത്തേക്കുള്ള) കുപ്പി 1-ക്കു വില രൂ. 5.

**കനകകാന്തം.** മെല്ലറഞ്ഞ രോഗികളുടെ മൂർദ്ധന്യനിലയിൽ ഗുരുകല്പത്തോടും കല്പരേണുവിനോടും കലർന്നു സേവിക്കാവുന്നതും, വാതക്കഴപ്പ്, വായുകോപം, ഗ്രഹണി സംബന്ധമായ രോഗങ്ങൾ എന്നിവയ്ക്കു തനിയേ സേവിക്കാവുന്നതും
(30 നേരത്തേക്കുള്ള) പാക്കററ് 1-ക്കു വില രൂ. 4.

**സിദ്ധകല്പം.** എല്ലാ ധാതുക്കളുടെയും മൂത്രാശയത്തിന്റെയും ബലക്ഷയത്തെ നീക്കുന്ന സിദ്ധരസായനം. ഏററവും ഫലപ്രദമായ ഇൻഡ്യൻ ടാണിക്ക്. സ്ത്രീകൾക്കും പുരുഷന്മാർക്കും (40 നേരത്തേക്കുള്ള) ടിൻ 1-ക്കു വില രൂ. 3ൾ.

**സോമകല്പം.** പഴയ ജ്വരം, ഗർഭാശയരോഗങ്ങൾ, വാതം, ചുമ, അഗ്നിമാന്ദ്യം ഇവയ്ക്കും പ്രസവാനന്തരം ഈ രസായനം സേവിച്ചാൽ വേറെ "പേററുചികിത്സ" നടത്തേണ്ടതില്ല. ആ പ്രസവത്തിൽനിന്നും നേരിട്ട അകത്തെയും പുറത്തെയും കുറവുകൾ സവിശേഷം പരിഹരിക്കപ്പെടുകയും ചെയ്യും.
അര റാത്തൽ ടിൻ 1-ക്കു വില രൂ. 3.

ഇവ കൂടാതെ വേറെയും പല മരുന്നുകളുണ്ട്. രോഗവിവരം വിശദമായി അറിയിച്ചാൽ ഉചിതമായ മരുന്ന് അയയ്ക്കുന്നതാണ്.

കമ്പനി വക എല്ലാ ഔഷധങ്ങളുടെയും വിശദവിവരങ്ങൾ ഗുരുകല്പം എന്ന ഞങ്ങളുടെ പ്രസിദ്ധീകരണത്തിന്റെ അനുബന്ധത്തിൽ അടക്കിയിട്ടുണ്ട്. കുത്തിവയ്പിന്റെ ദോഷവശങ്ങളെ പൌരസ്ത്യശാസ്ത്രം അനുസരിച്ചു നിരൂപണം ചെയ്തു യുക്തിയുക്തമായി സമർത്ഥിച്ചിട്ടുള്ള പ്രബന്ധവും അതിൽ അടങ്ങിയിട്ടുണ്ട്. ഗുരുകല്പം എന്ന പ്രസ്തുത പുസ്തകം, ആവശ്യക്കാർക്കു വില കൂടാതെ അയച്ചുകൊടുക്കുന്നതാണ്.

മേൽവിലാസം:—

ഗുരുകല്പം ഫാർമസ്യൂററിക്കൽ കമ്പനി

കൊട്ടാരക്കര (TRAVANCORE)

# മഹത്ത്വത്തിന്റെ മറവിൽ

(കോന്നിയൂർ കെ. മീനാക്ഷിഅമ്മ, എം. എ)

(തുടർച്ച)

"ഭാര്യാഭർത്താക്കന്മാരായിട്ടോ?" ആർത്തിയോടെ ഞാൻ ചോദിച്ചു.

സുരേശൻ:—"അല്ല, കാമുകീകാമുകന്മാരായിട്ടു നാം പരസ്പരം പ്രേമിക്കുന്നു; അതുപോരെ, ജീവിതം ആനന്ദപൂർണ്ണമാക്കാൻ? മററു കാര്യങ്ങളെപ്പററി എന്തിനു ചിന്തിക്കുന്നു? പല കാരണങ്ങൾകൊണ്ടും ഒരു വിവാഹബന്ധത്തിലേർപ്പെടാൻ എന്റെപരിതഃസ്ഥിതികൾ എന്നെ തൽക്കാലം അനുവദിക്കുന്നില്ല."

അല്പം സംശയത്തോടെയെങ്കിലും ഞാൻ സമ്മതിച്ചു. അദ്ദേഹത്തിന്റെ മഹത്തായ പ്രണയശക്തിയിൽ എന്റെ സ്വാത്മത മുഴുവൻ നശിച്ചുപോയിരുന്നു. മററുള്ളവർ പറയുന്നതിനെപ്പററിയോ, അതുമാതിരി ഒരു ബന്ധത്തിന്റെ ധാർമ്മികവശത്തെപ്പററിയോ ഞാൻ അധികമായിട്ടൊന്നും അപ്പോൾ ആലോചിച്ചില്ല.

ഞാൻ ഡാക്ടർ സുരേശന്റെ ബംഗ്ലാവിൽ അദ്ദേഹവുമൊത്തു് സകല സൗഭാഗ്യങ്ങളും അനുഭവിച്ചുകൊണ്ടു് സ്ഥിരതാമസമാക്കി. മാസങ്ങൾ, മാത്രകൾ എന്നപോലെ അഞ്ചോ ആറോ ഇതിനിടെ കടന്നുപോയി. എന്റെ അറപ്പുതോന്നിക്കുന്ന മുഖവും അധരങ്ങളും അദ്ദേഹത്തിനു രാത്രിയുടെ പ്രശാന്തതയിൽ—വികാരനിർഭരമായ നിമിഷങ്ങളിൽ—സുന്ദരങ്ങളായി അനുഭവപ്പെട്ടിരിക്കണം. പ്രണയത്തിന്റെ മാദകലഹരിയിൽ ഞങ്ങൾ അങ്ങനെ സകലതും വിസ്മരിച്ചുകഴിഞ്ഞു.

ഗംഭീരനും പ്രശസ്തനുമായ ഡാക്ടർ സുരേശനും വികൃതയും ബന്ധുവിഹീനയുമായ ഈ ഏഴയും തമ്മിൽ യജമാനഭൃത്യഭാവത്തിൽക്കവിഞ്ഞു് ഒരു ബന്ധവും ഉണ്ടെന്നു അദ്ദേഹത്തിന്റെ ഭവനത്തിലെ മററു പരിജനങ്ങൾക്കുപോലും തോന്നിയിരിക്കയില്ല.

അദ്ദേഹം ചിലപ്പോൾ ഇങ്ങനെ പറയാറുണ്ടായിരുന്നു "ലക്ഷ്മിക്കുട്ടീ! പകലത്തെ അവിശ്രമജോലികൾക്കു ശേഷം നിന്റെ സ്വകീയപ്രേമസാമ്രാജ്യത്തിലെ ആനന്ദാനുഭൂതിയാണു് എന്റെ ആത്മാവിനെ കുളുപ്പിക്കുന്നതു്" ഈദൃശവാക്കുകൾ ആത്മാർത്ഥമല്ലെന്നു ഞാൻ എങ്ങനെ ധരിക്കും?

മററു ചില സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടു്. എന്റെ പ്രേമപ്രകടനത്തിൽ അദ്ദേഹം അകാരണം അരിശം കൊള്ളുന്നതായി; എന്റെ സ്പർശനംപോലും അദ്ദേഹത്തിനു അസഹ്യത ഉളവാക്കുന്നതായി; എന്നെ കാണുന്ന മാത്രയിൽ ചീറിക്കൊണ്ടടുക്കുന്നതായി. ഇങ്ങനെയുള്ള വേളകളിൽ നിർദ്ദയനായ ആ ഡാക്ടർ പറയും. "എന്തൊരു നാശം; എന്റെ കഴുത്തിൽ നിന്നും ഒഴിയാത്ത ഒരു ഭാരം." ആത്മാവിനെ പിളക്കാൻ പോരുന്ന ഈദൃശ വാക്ശരങ്ങൾ അനവധി പകലും രാത്രിയും എന്നെ അതിയായി തപിപ്പിച്ചിട്ടുണ്ടു്. അഭിമാനക്ഷയമാണു് എനിക്കു് തീരെ സഹ്യമല്ലാതിരുന്നതു്. ആത്മഹത്യ കാര്യമാണെന്നുകൂടി അപ്പോൾ ഞാൻ വിചാരിച്ചിട്ടുണ്ടു്. എന്നാൽ അങ്ങനെ അധികം ദിവസം കഴിയാൻ അദ്ദേഹത്തിന്റെ മഹനീയഭാവം, ആ മറുവശം അനുവദിക്കയില്ല. ദീനവത്സലനായ ഡാക്ടർ പുഞ്ചിരി തൂകി കണ്ണിൽ നിറഞ്ഞ പ്രേമഭാവങ്ങളോടെ അടുത്തുതന്നെ എന്നെ സമീപിക്കും. അങ്ങനെ എന്നെ വീണ്ടും ആനന്ദവതിയാക്കും. ദുസ്സഹമായ ആ മറുവശത്തെപ്പററി ഞാൻ അപ്പോൾ പാടേ വിസ്മരിക്കും. എനിക്കറിഞ്ഞുകൂടാ,

ഞാൻ എന്റെ അഭിമാനത്തെപ്പോലും ഇങ്ങനെ ബലി അർപ്പിച്ചതെന്തിനെന്നു്?

ഒരു നിശീഥിനിയുടെ അന്ത്യയാമത്തിൽ അദ്ദേഹത്തെ വേണ്ടപോലെ ആനന്ദിപ്പിച്ചതിനുശേഷം ഞാൻ ഒരു പരമരഹസ്യം അദ്ദേഹത്തിന്റെ ചെവിയിൽ പകർന്നു. "നമ്മുടെ വിവാഹം ഉടൻ നടത്തേണ്ടിയിരിക്കുന്നു. ഏറെത്താമസിയാതെ ഞാനൊരു മാതാവാകുന്ന ലക്ഷണങ്ങൾ കാണുന്നുണ്ടു്.

ഒരു ഭ്രാന്തനെപ്പോലെ എന്റെ പിടിയിൽനിന്നും കുതറി എണീററിട്ടു നാരകീയരൂക്ഷതയോടെ അദ്ദേഹം പറഞ്ഞു. "നടപ്പില്ല, വിവാഹം ഒരിക്കലും സാദ്ധ്യമല്ല. എന്നെ നീ ചതിച്ചു. എന്തുകൊണ്ടു് നീ ഇതെന്നോടു് ആരംഭത്തിലേ പറഞ്ഞില്ല?" അദ്ദേഹം മുഷ്ടിചുരുട്ടി എന്നെ ഇടിക്കാൻ അണഞ്ഞു. ആ മുഖത്തു തെളിഞ്ഞുകണ്ട മൃഗീയതാ! ഞാൻ ഭയംകൊണ്ടു കിടുകിടാ വിറച്ചു. എന്റെ കണ്ണുകൾ താനേ അടഞ്ഞു. പിന്നീടെന്തുണ്ടായി എന്നു് എനിക്കോർമ്മയില്ല. എനിക്കു് പരിചയമില്ലാത്ത ഒരു ചെറുവീട്ടിലേക്കു് ഞാൻ മാററപ്പെട്ടിരുന്നു. ഗത്യന്തരമില്ലാതെ എന്റെ ദുഃഖഭാരവുമായി ഞാൻ അവിടെ കഴിച്ചുകൂട്ടി. ഹാ! എന്തൊരു നിർഭാഗ്യകരമായ അവസ്ഥ. ആപത്തിൽനിന്നും അനാഥപിഞ്ചുപൈതങ്ങളെ രക്ഷിച്ചതിനു പ്രതിഫലമായി ആജീവനാന്തവൈരൂപ്യം! അഭിമാനംപോലും ത്യജിച്ചു ഒരു പുരുഷനിൽ ഹൃദയാർപ്പണം ചെയ്തതിനു പ്രതിഫലം ക്രൂരമായ നൃശംസത! ഈശ്വരനും മനുഷ്യനും ഒന്നുപോലെ ഹൃദയശൂന്യർ!! ഞാൻ മരിക്കാൻ ആത്മാർത്ഥമായി ആഗ്രഹിച്ചു. എന്റെ ഗർഭത്തിലെ ആ ജീവനെ സ്മരിച്ചപ്പോൾ അതു കഷ്ടമെന്നു തോന്നാതിരുന്നില്ല.

ദിവസങ്ങൾ ആണ്ടുകൾ എന്നപോലെ ആ അപരിചിതദേശത്തു ഞാൻ നയിച്ചു. വിദൂരമായ ചക്രവാളത്തിൽ അനുനിമിഷം നിഴലിച്ച മേഘശകലങ്ങൾ ഓരോ രൂപം പകരുന്നതും വീണ്ടും മറയുന്നതും വീക്ഷിച്ചു് ഞാൻ പകൽ കഴിക്കും. ഇതിനിടെ മാസങ്ങൾ രണ്ടു മൂന്നു് ഇഴഞ്ഞിഴഞ്ഞു കടന്നുപോയി. അഭാഗിനിയായ ഞാൻ ഒരു ദിവസം മുറിയുടെ ഒരു കോണിൽ അലസമായി അങ്ങനെ കോടിമടങ്ങി ഇരിക്കയായിരുന്നു. സുരേശന്റെ രൂപം ആ അവസരത്തിലും എന്റെ ഹൃദയതളിമത്തിൽ പ്രഭയോടെ പ്രകാശിച്ചു. ഒരു പക്ഷേ ശിശു ജനിച്ചുകഴിഞ്ഞാൽ അദ്ദേഹം എന്നെ തിരിയെ സ്വീകരിച്ചേക്കാം. തന്റെ ഓമനപ്പുത്രന്റെ അമ്മയെ അദ്ദേഹം എങ്ങിനെ ബഹിഷ്കരിക്കാതിരിക്കും? ഗർഭത്തിലെ ആ ശ്രീമാൻ ഒന്നാന്തരം ഒരാൺകുട്ടിയായിരിക്കുമെന്നു് എനിക്കു നിശ്ചയമുണ്ടായിരുന്നു മഹാനും സത്സ്വഭാവിയും ഉദാരനുമായ ഡാക്ടർ സുരേശന്റെ തത്സ്വരൂപത്തിൽ സുന്ദരനായ ഒരു പുത്രൻ!

ഞാൻ ഭാവിയെപ്പററി ഓരോ മോഹനസ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കവേയാണു് എന്റെ ആത്മനാഥൻ അന്നു് ആ മുറിയിൽ യാദൃച്ഛികമായി കടന്നുവന്നതു്. അദ്ദേഹത്തിന്റെ പുഞ്ചിരിപൂരണ്ട വദനം കണ്ടപ്പോഴേ എന്റെ ഹൃദയഭാരമെല്ലാം അസ്തമിച്ചു. അദ്ദേഹം പഴയപടി എന്നെ സ്നേഹപൂർവ്വം തലോടിക്കൊണ്ടു് നെററുകയിൽ ചുംബിച്ചു. എന്റെ പ്രസവത്തിനാവശ്യമുള്ള കാര്യങ്ങൾ സകലതും ഏർപ്പാടുചെയ്തു പോകുമ്പോൾ എന്നെ മുറുകെ മുകർന്നുകൊണ്ടു് "എന്റെ ഓമനക്കുട്ടന്റെ അമ്മ" എന്നു പലവുരു ചെവിയിൽ മന്ത്രിച്ചു. അതോടെ, അതുവരെ എന്നെ മർദ്ദിച്ചിരുന്ന നിരാശ വിട്ടുമാറി. ഞാൻ വീണ്ടും ഉന്മേഷവതിയായി.

പ്രസവാനന്തരം ഒരാഴ്ചകഴിഞ്ഞാണു് പിന്നെ അദ്ദേഹത്തെ ഞാൻ കണ്ടതു്. എന്റെ കുഞ്ഞു്! അവനൊരു സുന്ദരനായിരുന്നു! കറുത്ത നിബിഡമായ മുടിയും പ്രകാശമേറിയ കുവലയവിലോചനങ്ങളും! അച്ഛന്റെ നിറത്തെ ജയിക്കുന്ന വർണ്ണം! ഞാൻ എന്റെ നിർഭാഗ്യങ്ങളെല്ലാം മറന്നതിൽ അതിശയിക്കാനുണ്ടോ? എന്റെ ഹൃദയനാഥന്റെ ക്രൂരമായ പെരുമാററവും ഞാൻ ഓർത്തില്ല. ഇങ്ങനെ ഒരു പുത്രനെ എനിക്കുതന്ന എന്റെ ആത്മവല്ലഭൻ! ഞാൻ അഭിമാനംപൂണ്ടു.

ഒരു പ്രഭാതത്തിൽ ഞാനുണർന്നുനോക്കിയതു ഡാക്ടർ സുരേശൻെറ ഗംഭീരവദനത്തിലേക്കായിരുന്നു. അവിടെ ചിന്തയുടെയും ശോകത്തിൻെറയും നിഴൽ പതിഞ്ഞിരുന്നു. പുത്രനെപ്പററി സ്മരിക്കുന്നതിനു ഞാൻ കുഞ്ഞിൻെറ കട്ടിലിലേക്കു നോക്കി. എൻെറ ഓമനയെ അവിടെ കാണ്മാനില്ലായിരുന്നു. പരിഭ്രമത്തോടെ ഞാൻ നെഴ്സിനെ വിളിച്ചു. പിടഞ്ഞെഴുന്നേൽക്കുവാൻ തുടങ്ങി. എന്നെ തിരിയെ മെത്തയിലേക്കു കിടത്തിക്കൊണ്ടു് അദ്ദേഹം പറഞ്ഞു. "മിണ്ടാതെ കിടക്കു ദേഹം ഇളക്കരുതു്. കുഞ്ഞിനെ ഓർത്തു വ്യസനിക്കേണ്ട. അതു് ഇന്നലെ രാത്രി പെട്ടെന്നു മരിച്ചുപോയി. ഹൃദയസ്തംഭനംകൊണ്ടു് സാമാന്യത്തിൽ കവിഞ്ഞ അവൻെറ പുഷ്ടി കണ്ടപ്പോഴേ ഞാൻ നിശ്ചയിച്ചു ഹൃദയം ദുർബ്ബലമെന്നു്. വ്യസനിക്കേണ്ട. ഈശ്വരകൃപയുണ്ടെങ്കിൽ നിനക്കു് വീണ്ടും ഓമനയാകാം."

ഞാൻ ജീവച്ഛവംപോലെ വളരെനേരം കിടന്നുപോയി. ലോകത്തിൽ എനിക്കുള്ളതെല്ലാം—സൗന്ദര്യം—അഭിമാനം—പ്രണയം എല്ലാം നശിച്ചു. എന്നാലും എൻെറ ഓമന എനിക്കുണ്ടല്ലോ എന്നൊരു സമാധാനം ഉണ്ടായിരുന്നു. ദൈവമേ! എനിക്കു് അവസാനമതും നഷ്ടമായിരിക്കുന്നു. ഈശ്വരൻ ഇത്ര നിർദ്ദയനോ? ഒരിക്കലുമല്ല. എൻെറ കുഞ്ഞു് മരിച്ചു എന്നു് എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല.

ഡോക്ടർ പലതും പറഞ്ഞു എന്നെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. ആ വാക്കുകൾ കേവലം ശുഷ്കമായി എനിക്കു തോന്നി. എൻെറ കുഞ്ഞിൻെറ ജഡമെങ്കിലും എനിക്കു കാണണമെന്നു്—ഒരിക്കൽക്കൂടി ആ കൊച്ചു ഓമനമുഖത്തു് ഒരു ഉമ്മവയ്ക്കണമെന്നു്—ഞാൻ ശഠിച്ചു. ഞാൻ എഴുന്നേററു ഓടാൻ ഭാവിച്ചു. ഡാക്ടർ എന്തോ ഒരു മരുന്നു കുത്തിവച്ചു. എനിക്കു് പിന്നീടു ഓർമ്മയുണ്ടായതു പിറേറദിവസം ഉച്ചയ്ക്കാണു്; അപ്പോഴേയ്ക്കു അദ്ദേഹം പോയിരുന്നു.

ഞാൻ പ്രസവക്കിടക്കയിൽനിന്നും എഴുന്നേററതു് ഒരു ദുർബ്ബലയായിട്ടാണു്; ജീവിതലക്ഷ്യമില്ലാതെ നീങ്ങുന്ന ഒരു പൊങ്ങുതടിയായിട്ടു്.

മാസങ്ങൾ പിന്നെയും പലതു കഴിഞ്ഞു. ഇതിനിടെ എൻെറ പ്രാണേശൻ ഒരിക്കൽപോലും എന്നെ അന്വേഷിച്ചു വന്നില്ല. എൻെറ ആവശ്യങ്ങൾക്കായി ഏല്പിച്ചിരുന്ന പണവും ഏതാണ്ടവസാനിച്ചു. പുറത്തിറങ്ങി വേല ചെയ്യാതെ വിശപ്പടക്കാൻ നിവൃത്തിയില്ലെന്ന പതനമായി. പത്രങ്ങളിൽ "ആവശ്യമുണ്ടു്" എന്നു കാണുന്ന പരസ്യമൊക്കെ ഞാൻ നോക്കി. ഒരുദിവസം എന്നെ ഞെട്ടിച്ച ഒരു വാർത്ത ഞാൻ പത്രത്തിൽ കണ്ടു. "ഡാക്ടർ സുരേശൻെറ മഹനീയ സമുദായസേവനത്തിൻെറ സമുജ്ജ്വലമായ മറെറാരു ലക്ഷ്യം! അനാഥകളോടു അദ്ദേഹത്തിനുള്ള സ്നേഹത്തിൻെറ പ്രത്യക്ഷപ്രകടനം! ഒരനാഥശിശുവിനെ അദ്ദേഹം ദത്തെടുത്തു് വളർത്തുന്നപോലും! ആ ശിശുവിൻെറ ഫോട്ടോയും അതിലുണ്ടായിരുന്നു. ഒററനോട്ടത്തിൽ എനിക്കു് ഗ്രഹിക്കാൻ കഴിഞ്ഞു അതെൻെറ ഓമനയാണെന്നു്. സുന്ദരമായ ആ വദനം! നിബിഡമായ കേശം! നീലനയനങ്ങൾ! പേലവാധരങ്ങൾ! എൻെറ ഓമനയുടെ മാതൃക! സംശയമില്ല എൻെറ ദേഹം കോരിത്തരിച്ചു. "രാക്ഷസൻ! എന്തു ഭീമമായ വഞ്ചന! ഞാനിതു ലോകസമക്ഷം പ്രത്യക്ഷമാക്കും!

ചോദിച്ചും പറഞ്ഞും ഞാൻ രണ്ടുദിവസത്തെ യാത്രകൊണ്ടു് അദ്ദേഹത്തിൻെറ മോഹനസൗധസീമനി എത്തിച്ചേർന്നു. ഉദ്യാനത്തിലേക്കുള്ള വഴിയരികിൽ ഞാൻ പതുങ്ങിയിരുന്നു. മണി നാലായതോടുകൂടി ഉന്തുവണ്ടിയിൽ സുന്ദരനായ ഒരു ശിശുവിനെ വച്ചുകൊണ്ടു് ഒരു വേലക്കാരി ഉദ്യാനത്തിലേക്കു പ്രവേശിച്ചു. ഞാനറിയാതെതന്നെ എൻെറ കൈകൾ നീണ്ടു് ആ മോഹനവിഗ്രഹത്തെ കരസ്ഥമാക്കാൻ, മാറോടണച്ചു താലോലിക്കാൻ.

ഞാൻ:—(വേലക്കാരിയോടു്!) ഹാ! എന്തോരോമനക്കുഞ്ഞു്! അല്പസമയത്തേക്കു അതിനെ ഞാനൊന്നെടുത്തുകൊള്ളട്ടെ?

വേലക്കാരി:—(എൻെറ വൃത്തികെട്ട മുഖവും, അഴുക്കടഞ്ഞ വസനവും നോക്കിക്കൊണ്ടു്) ഓഹോ, കുഞ്ഞു്, പരിചയമില്ലാത്തവരുടെ കൈയിൽ വരികയില്ല.

അവളുടെ വാക്കുകൾ കൂട്ടാക്കാതെ ഞാൻ വണ്ടിയുടെ സമീപം അണഞ്ഞു് കുഞ്ഞിന്റെ കൈകളിൽ തലോടി. വേലക്കാരി സഗൗരവം പറഞ്ഞു. "കുഞ്ഞിനെ തൊടാതെ മാറിനില്ക്കൂ! ഡോക്ടറദ്ദേഹം കണ്ടാൽ നിങ്ങളെ—" അവൾ ആ വാചകം പൂർത്തിയാക്കുന്നതിനു മുൻപ്, ക്രോധാവേശത്തുള്ളലിൽ ഞാൻ "ഇതെന്റെ കുഞ്ഞാണു്, എന്റെ സ്വന്തം ഓമനമകൻ" എന്നു പറഞ്ഞു് ഒരു ഞൊടിയിടയിൽ കുഞ്ഞിനെ കോരിഎടുത്തുകൊണ്ടു് റോഡിൽക്കൂടി അതിവേഗം ഓടി. പക്ഷെ ഇതുകൊണ്ടു് ഫലം ഒന്നും ഉണ്ടായില്ല. വിവരമറിഞ്ഞു് ഡോക്ടർ ഫോണിൽ പോലീസിനു അറിവുകൊടുത്തു. കേവലം അപരിചിതയായ എന്റെ കൈത്തലത്തിൽ അമർന്ന ഭീതിമൂലം ഞെരിച്ചു കരയുന്ന കുഞ്ഞിനേയുംകൊണ്ടു് ഞാൻ ഏകദേശം ഒരു മൈൽ ഓടിയിരിക്കണം. അപ്പോഴേയ്ക്കും രണ്ടു മൂന്നു പോലീസുകാർ സൈക്കിളിൽ വന്നു എന്നെ വട്ടമിട്ടു പിടികൂടി. അവർ ബലം പ്രയോഗിച്ചു് കുഞ്ഞിനെ എന്റെ കയ്യിൽനിന്നും വാങ്ങി. എന്നെ വലിച്ചിഴച്ചു സ്റ്റേഷനിലേക്കു കൊണ്ടുപോയി.

എന്റെ കേസുവിസ്താരസമയത്താണു് ഞാൻ പിന്നീടു് ഡാക്ടർ സുരേശനെക്കണ്ടതു്. അദ്ദേഹം സാചീകൃതദൃഷ്ടിയോടെ ഇങ്ങോട്ടു നോക്കി. എന്നെ ഒരിക്കലെങ്കിലും പരിചയമുള്ള ഭാവംപോലും ആ ക്രൂരമായ വദനത്തിൽ കാണ്മാനുണ്ടായിരുന്നില്ല

പത്തുനാനൂറുരൂപാ ശമ്പളം വാങ്ങുന്ന ഡാക്ടരുടെ മൊഴിയെ വിശ്വസിച്ചും ഇതരതെളിവുകൾ അടിസ്ഥാനപ്പെടുത്തിയും എനിക്കു് കോടതിയിൽ നിന്നും "ദയവായി" മൂന്നുകൊല്ലത്തെ കഠിനതടവു വിധിച്ചു. വിധിപ്രസ്താവിച്ചു കേട്ടപ്പോൾ ഡോക്ടർ സ്വയം ഇങ്ങനെ പറയാതിരുന്നില്ല.

"ശിക്ഷ കുറച്ചു് കടന്നുപോയി. സാധുസ്ത്രീ അവൾ ഒരു ഭ്രാന്തയായിരിക്കാം. ഒരുപക്ഷേ സ്വന്തം ശിശു പെട്ടെന്നു മരിച്ചതുകൊണ്ടുള്ള മനഃക്ഷോഭമായിരിക്കാം അവളെ ഇതിലേക്കു പ്രേരിപ്പിച്ചതു്."

ഉദാരതയും മഹാമനസ്കതയും പ്രശസ്തികേട്ട ശ്രീമാനായ ഡാക്ടരുടെ കാരുണ്യം! ഞാൻ ആ വദനത്തിൽ ഒന്നുകൂടി നോക്കി. ദുർമ്മദാന്ധനും ദുഷ്ടനുമായ ഡോക്ടരുടെ സ്വഭാവത്തിന്റെ ആ മറുവശമാണു് അവിടെ തെളിഞ്ഞു കണ്ടതു്.

"നീചാ! എന്റെ മുഖത്തു നോക്കി, ഈ കള്ളമെല്ലാം പറയുന്നോ? ഞാൻ ഒരു ഈററപ്പുലിയെപ്പോലെ മുന്നോട്ടടുത്തു്. എന്റെ കഥപറയാനുള്ള അവസരം തരാതെതന്നെ എന്നെ പോലീസുകാർ അവിടെ നിന്നും ജയിലിലേക്കു മാററി. എന്റെ ദീനരോദനം അന്തരീക്ഷത്തെ പിളർന്നുകൊണ്ടു് വളരെനേരം പ്രതിധ്വനിച്ചു.

മൂന്നു നീണ്ട സംവത്സരങ്ങൾക്കു ശേഷം എന്നെ വീണ്ടും അധികാരികൾ സ്വതന്ത്രയാക്കി വിസ്തൃതലോകരംഗത്തേക്കിറക്കിവിട്ടു. ആജീവനാന്തം അവശയായിത്തീർന്ന ഒരു ദുർഭഗ! അഭ്യന്തരമായും ബാഹ്യമായും തകർന്ന ഒരു ജീവിതത്തിന്റെ പ്രതിരൂപം! ഞാൻ എങ്ങോട്ടെന്നില്ലാതെ നടന്നു.

എന്റെ ഹൃദയത്തിൽ ഒരാഗ്രഹം മാത്രം ഒഴിയാതെ തങ്ങിനിന്നു; എന്റെ കുഞ്ഞിനെ എങ്കിലും എനിക്കായിട്ടുവേണമെന്നു്. എങ്ങിനെയോ ഞാൻ വീണ്ടും ഡോക്ടർ സുരേശന്റെ മന്ദിരസൗധം പ്രാപിച്ചു. അന്നൊരു ചിങ്ങമാസത്തിലെ സുപ്രസന്നമായ പ്രഭാതമായിരുന്നു. ഡാക്ടരദ്ദേഹം സർക്യൂട്ടിലാണെന്നും കൊച്ചമ്മ അകത്തുണ്ടെന്നും വേലക്കാരിൽനിന്നും അറിവുകിട്ടി

ഞാൻ ആ സ്ത്രീയെ—അദ്ദേഹത്തിന്റെ "കൊച്ചമ്മ" പദം അലങ്കരിക്കുന്ന ദുഷ്ടയെ വെറുക്കാൻതന്നെ നിശ്ചയിച്ചു. എനിക്കവരെ കാണേണ്ട. എന്റെ കുഞ്ഞിനെ ഒന്നു കണ്ടു് ജന്മസാഫല്യം അടഞ്ഞാൽ മതി. ഈവിധ ചിന്തകളിൽ മുഴുകിയിരിക്കെ അകത്തുപോയി, കൊച്ചമ്മയെ വിവരം ധരിപ്പിച്ചു് അവരുടെ നിർദ്ദേശവുമായി മടങ്ങിവന്ന വേലക്കാരൻ, എന്നെ അകത്തേക്കു ക്ഷണിച്ചു. സന്ദർശകമുറിയിൽ, ഏകദേശം മൂന്നുവയസ്സു പ്രായംവരുന്ന ഒരു ചെറുപൈതലിന്റെ ഫോട്ടോ തൂക്കിയിരുന്നു. ആ നീലനേത്രങ്ങളും, തുടുത്ത കവിളും, ചുരുണ്ട കേശവും! എന്റെ ഓമന! ഞാൻ ചിത്രമെടുത്തു് ആർത്തിയോടെ ചുംബി

ച്ചുകൊണ്ടു് നിൽക്കവേ, അവർ—ഡോക്ടരുടെ പത്നി—അകത്തേക്കു കടന്നുവന്നു. അനവദ്യരൂപവതിയായ ആ കുലീനയെ ദർശിച്ച മാത്രയിൽത്തന്നെ എന്റെ വെറുപ്പെല്ലാം അസ്തമിച്ചു. അവരുടെ സുന്ദരവും ശാലീനവുമായ വദനത്തിൽ ദിവ്യമായ ഒരു പുഞ്ചിരി കളിയാടിയിരുന്നു. ധവളമായ ഒരു പട്ടുസാരി ചുററി ഏതോ ദേവാംഗനയെപ്പോലെ ചുററും പ്രശാന്തി വിതറിക്കൊണ്ടാണു് അവർ അവിടെ കടന്നുവന്നതു്. എന്നെക്കണ്ടു് സൗഹാർദ്ദപൂർവ്വം ചിരിച്ചുകൊണ്ടു് അവർ പറഞ്ഞുതുടങ്ങി. തനിയേ ഇരുന്നു മുഷിഞ്ഞു അല്ലേ; ആ ഫോട്ടോ നന്നായിരിക്കുന്നില്ലേ? അദ്ദേഹത്തിന്റെ വളത്തുപുത്രൻ—ഞങ്ങളുടെ വാത്സല്യനിധി—മധുവിന്റെ ചിത്രമാണിതു്.

എന്റെ വൈരൂപ്യാവസ്ഥ ആ ശീലവതിയിൽ യാതൊരു വ്യത്യാസവും വരുത്തിയില്ല. എനിക്കതിൽ അത്ഭുതവും അനല്പമായ ആശ്വാസവും തോന്നി. ഉത്തരം ഒന്നും പറയാതെ ഞാൻ മിഴിച്ചുനിന്നതേയുള്ളു. കാണുന്നതിനു മുൻപേ വെറുക്കാൻ നിശ്ചയിച്ചിരുന്ന, ആ സ്ത്രീയുടെ സൗമനസ്യം എന്നെ വല്ലാത്തൊരവസ്ഥയിൽ എത്തിച്ചേർത്തു. അവർ ചിരിച്ചുകൊണ്ടു് വീണ്ടും പറഞ്ഞു. ഡോക്ടരെ കാണാൻ വന്നതാണോ? അദ്ദേഹം വരാൻ കുറെ അമാന്തിക്കും. നിങ്ങൾ വളരെ വഴിനടന്നതുപോലിരിക്കുന്നല്ലോ? കുറച്ചു ചായകൊണ്ടുവരാൻ പറയട്ടോ? ഒട്ടും മടിക്കേണ്ട. ആ കസേരയിൽ ഇരുന്നു വിശ്രമിക്കൂ.

എന്തു പറയണമെന്നറിയാതെ ഞാൻ പതറി. അദ്ദേഹത്തിന്റെ ഭാര്യ ഇത്ര സുശീലയല്ലായിരുന്നെങ്കിൽ—എന്നോടുള്ള പെരുമാററത്തിൽ ഇത്ര കാരുണ്യവതിയായിരുന്നില്ലെങ്കിൽ—ഞാൻ മറെറാരുതരത്തിലായിരുന്നേനെ അവരോടു പെരുമാറുന്നതു്. അവരുടെ പ്രശസ്തനും മഹാനുമായ ഭർത്താവിന്റെ യഥാർത്ഥരൂപം ഞാൻ ശരിക്കു അവക്കു മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. അദ്ദേഹത്തിന്റെ മഹത്വത്തിന്റെ മറുവശം ഒന്നു നല്ലവണ്ണം ബോദ്ധ്യപ്പെടുത്തിക്കൊടുക്കുമായിരുന്നു. ആ പേലവാധരങ്ങളെ പ്രേമപൂർവ്വം ചുംബിക്കുന്ന വദനം, മറെറാരു വികൃതാധരത്തെ ചുംബിച്ചാസ്വാദിച്ചിട്ടുള്ള വിവരം അവരെ ധരിപ്പിക്കുമായിരുന്നു!

ഛേ! പാടില്ല, ആ മൃദുലഹൃദയം ഇത്ര കഠിനമായ ഒരു പരമാർത്ഥം ഗ്രഹിച്ചാൽ വാടിപ്പോകും! ആ മോഹനനയനങ്ങളിൽ നിരാശയുടെ ചുട്ടബാഷ്പം ഉളവാകുന്നതു് കഷ്ടമാണു്. ഞാൻ എന്റെ സപത്നിയെ കണ്ടമാത്രയിൽ തന്നെ സ്നേഹിച്ചുപോയി.

മേശപ്പുറത്തു കൊണ്ടുവെച്ച പലഹാരങ്ങൾ തിന്നുന്ന ഭാവത്തിൽ ഞാൻ കുനിഞ്ഞിരുന്നു. മിസ്സിസ്സ് സുരേശൻ, മധുവിന്റെ ബുദ്ധിശക്തിയെപ്പററിയും, അത്ഭുത ചെയ്തികളെപ്പററിയും ഒട്ടുവളരെ കീത്തിച്ചു. പെട്ടെന്നു് "അമ്മാ! അമ്മാ!" എന്നു വിളിച്ചുകൊണ്ടു് മൂന്നു വയസ്സുള്ള ഒരു ഓമനബാലൻ ഓടിക്കിതച്ചു് അകത്തുവന്നു. അവനു് പല കഥകളും, അവലാതികളും അമ്മയോടു പറയാനുണ്ടു്. അവരുടെ മടിയിൽ കയറി മുഖത്തുമ്മവെച്ചുകൊണ്ടു് അവന്റെ സ്വന്തം ഭാഷയിൽ എന്തൊക്കെയോ പുലമ്പാൻ തുടങ്ങി.

മധുവിന്റെ രൂപമാധുരിയിൽ എന്റെ നയനങ്ങൾ സായൂജ്യമടഞ്ഞു. ദേഹം പുളകംപൂണ്ടു. അവന്റെ ദർശനത്തിൽ എന്റെ മുല താനേ ചുരന്നു.

മിസ്സിസ് ഡോക്ടർ—"മധു, നോക്കൂ! ആ അമ്മായെ തൊഴു. അവക്കു നിന്നെ വലിയ ഇഷ്ടമാണു്.

അവൻ അപരിചിതയായ എന്റെ മുഖത്തേക്കു് ഒന്നു നോക്കി. എന്റെ വൃത്തികെട്ട മുഖംകണ്ടു് ഭയന്നിട്ടായിരിക്കണം കുഞ്ഞു് അമ്മയോടു കൂടുതൽ ചേർന്നിരുന്നതു്.

"മധൂ! ഇതെന്തു രീതിയാണു്. അമ്മ പറഞ്ഞിട്ടില്ലേ ആരുവിളിച്ചാലും പോകണമെന്നു്." അവർ അല്പം ദേഷ്യഭാവത്തിൽ അവനെ പ്രേരിപ്പിച്ചുകൊണ്ടു പറഞ്ഞു.

മനസ്സില്ലാമനസ്സോടെ മധു എന്റെ സമീപത്തേക്കു മന്ദം നടന്നുവന്നു. അത്യാർത്തിയോടെ ഞാൻ എന്റെ അരുമക്കുഞ്ഞിനെ വാരിയെടുത്തു് ചുംബനശതംകൊണ്ടു് അഭിഷേകം ചെയ്തു. അവനെയുംകൊണ്ടു് എങ്ങിനെഎങ്കിലും രക്ഷപ്പെട്ടാലോ എന്നൊരു ചിന്ത ക്ഷണനേരത്തേക്കു എന്റെ ഹൃദയത്തിൽ ഉദിച്ചു

മറഞ്ഞു. ഒരു ദീർഘനിശ്വാസത്തോടെ ഞാൻ സാവധാനം അവനെ തറയിൽ നിറുത്തി. എന്റെ വികൃതനയനങ്ങളിൽനിന്നും അനർഗ്ഗളമായി കണ്ണുനീർ വർഷിക്കാൻ തുടങ്ങി. വികാരവൈവശ്യം അടക്കാൻ കഴിയാതെ ഞാൻ കുഴങ്ങി. ഇതുകണ്ടു് മിസ്സസ്സ് സുദർശൻ ദയാപുരസ്സരം എന്നോടു ചോദിച്ചു. "നിങ്ങൾക്കു കുട്ടികൾ വല്ലവരും മരിച്ചിട്ടുണ്ടോ? ഞാൻ മറുപടി ഒന്നും പറഞ്ഞില്ല. ഹൃദയം പിളർക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു.

എനിക്കു കുഞ്ഞുങ്ങൾ വല്ലവരും മരിച്ചിട്ടുണ്ടോ? ഞാൻ സ്വയം ചോദിച്ചു. ഈ നിങ്ങളുടെ മധു, എന്റെ മരിച്ച മകനല്ലാതെ പിന്നെ ആരാണു്, എന്നു് അവരോടു ചോദിക്കുവാൻ എന്റെ നാവു ചലിച്ചു. പക്ഷെ എന്റെ മാതൃഭാവം പുത്രവാത്സല്യത്തെ അമർത്തി. വേണമെങ്കിൽ എനിക്കു പരസ്യമായി എന്റെ കുഞ്ഞിനെ അവകാശപ്പെടാം. ലോകത്തുള്ള യാതൊരു ന്യായാധിപതിക്കും എന്റെ അവകാശം തിരസ്കരിക്കാൻ സാദ്ധ്യമല്ല.

പക്ഷെ, ജീവിതത്തിൽ യാതൊന്നുമില്ലാത്ത എനിക്കു് എന്റെ പുത്രനു് എന്തു നൽകാൻ സാധിക്കും? ഞാൻ ആലോചിച്ചു. ജീവിതസുഖമോ? വിദ്യാഭ്യാസമോ? സ്ഥാനവലിപ്പമോ? ഉദ്യോഗസമ്പത്തോ? എന്തെങ്കിലും ഒന്നു നല്കാൻ എനിക്കു സാദ്ധ്യമാണോ? അവന്റെ ഭാവിയെപ്പററി ഞാനോർത്തു. ഞാനെന്തിനവനെ അന്ധകാരവും അനിശ്ചിതവുമായ ഭാവിയിലേയ്ക്കു് വലിച്ചിഴയ്ക്കണം? അവനാണെങ്കിൽ എന്റെ മുഖം കാണുമ്പോൾതന്നെ അറപ്പോടു പിൻമാറുന്നു.

പെട്ടെന്നു് ഞാൻ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു. എന്റെ ഓമനയെ ആ വാത്സല്യസമൃദ്ധിയിൽ വിട്ടിട്ടു പോരുന്നതിനു്. അതേ, എന്റെ ഹൃദയം ആ നല്ല സ്ത്രീയെ ഏൽപിച്ചിട്ടു് നിർജ്ജീവമായ ജഡവുമായി ഡോക്ടർ വരുന്നതിനു മുൻപു് അവിടം വിടുന്നതിനു് ഞാൻ യാത്ര പറഞ്ഞു പിരിഞ്ഞപ്പോൾ അവരുടെ അനുമതിയോടുകൂടി ആ ഫോട്ടോകൂടി കൊണ്ടുപോരാതിരുന്നില്ല.

—*—


## അസ്ഥിസ്രാവത്തിനു 'സ്രാവാമൃതം.'

അസ്ഥിസ്രാവം, വെള്ളംപോക്കു്, ശുക്ലസ്രാവം, തൽസംബന്ധമായി വയറുകത്തൽ, തണ്ടൽകഴപ്പു്, കൈകാൽ തളച്ച, നെഞ്ചിടിപ്പു, വിളച്ച, തലച്ചുററൽ, രാത്രിജ്വരം തുടങ്ങിയ ഉപദ്രവങ്ങളാൽ ശരീരം ശോഷിച്ചു ആരോഗ്യം നശിച്ചു കണ്ണുകൾ കുഴിഞ്ഞു കവിളൊട്ടി വികൃതരൂപികളായി ജീവിതം തള്ളിനീക്കുന്നതു എന്തിനു്? സ്ത്രീപുരുഷന്മാർ ഒന്നുപോലെ ആശ്വാസപ്രദമായ സ്രാവാമൃതം സേവിച്ചു രോഗവിമുക്തരാകുവിൻ.

ഈ സിദ്ധൌഷധത്തിനു റാത്തൽ 1-ക്കു് 5 ക. മാത്രം.

**രജഃപ്രവർത്തിനി.** ഇതു് സ്ത്രീകൾക്കു് ഒരു അനുഗ്രഹമാണു്. അല്പമായും ഭയങ്കര വേദനയോടും ഋതുകാലം തെററിയും ഉണ്ടാകുന്ന ആർത്തവത്തെ ക്രമപ്പെടുത്തി ശരീരത്തിനുള്ള വിളച്ച, അടിവയററിൽ ഘനം, വയററിൽ വേദന, ഗുന്മം മുതലായവയെ ക്ഷണത്തിൽ മാററുന്നതിനുള്ള ഒരു ദിവ്യൌഷധം. മൂന്നുമാസത്തെ ഉപയോഗത്തിനു് 4 രൂപാ 8 അണ.

N. B. ഈ മരുന്നു് ഗർഭിണികൾ ഒരിക്കലും ഉപയോഗിക്കരുതു്.

**ഊക്കൻസ്, എ. എസ്സ്. പൽപൊടി.**

പല്ലിലും ഊനിലും ഉണ്ടാകുന്ന എല്ലാരോഗങ്ങളെയും മാററി പല്ലിനു് ഉറപ്പും വായ്ക്കു് നല്ല രുചിയും ഉണ്ടാക്കും.

പോക്കററ് 2 അണ. കച്ചവടക്കാർക്കു് ഗ്രോസിനു് 12 ക.

എഴുത്തുകൾ പോസ്റ്റാപ്പീസ്സുമുഖേന അയയ്ക്കേണ്ടതാണു്.

പാക്കിംഗും തപാലും പുറമെ.

**സെൻറു് ജോസഫ് ഔഷധശാല.**

P. O. മുല്ലശ്ശേരി S. മലബാർ.

# പുതിയ പ്രസിദ്ധീകരണങ്ങൾ!!

## ഡിററക്ടീവുനോവൽ.

| | രൂ. | ണ |
|---|---|---|
| അത്ഭുതമോഹിനി | 2 | 0 |
| കോമളനന്ദിനി | 2 | 0 |
| രാജം | 1 | 8 |
| മിന്നൽകേസരി | 1 | 4 |
| കുമാരിതങ്കം | 1 | 0 |
| കനകസുന്ദരി | 1 | 4 |
| പ്രേമപ്രദീപം | 1 | 8 |
| വിജയവീരൻ | 0 | 8 |

## സാമുദായികനോവൽ.

| | | |
|---|---|---|
| വിവാഹം | 1 | 0 |
| ഭാരതി | 1 | 0 |
| ദേവമ്മാൾ | 0 | 8 |
| ഓമനമകൾ | 0 | 8 |
| ചന്ദ്രിക | 1 | 0 |
| റാണിമല്ലിക | 1 | 8 |
| വേലക്കാരി | 1 | 0 |
| പ്രഭുകുമാരി | 1 | 8 |
| സിനിമാനടി | 1 | 0 |
| മനോഹരി | 2 | 4 |
| രക്തബാഷ്പം | 1 | 0 |
| ലളിത | 1 | 8 |
| അമ്മായിഅമ്മ | 0 | 4 |
| അപരാധിനി | 0 | 4 |
| കല്യാണി | 0 | 6 |
| കടൽക്കള്ളൻ | 0 | 6 |
| പ്രേമസദനം | 0 | 6 |
| അന്നത്തെ സൂത്രം | 0 | 3 |
| മദനഭൂഷണൻ | 0 | 3 |
| ശാരദാമ്മ | 0 | 4 |
| ശിശുപാലൻ | 0 | 4 |
| വിശ്വമോഹിനി | 0 | 4 |
| കനകമ്മ | 0 | 4 |
| അനുരാഗം | 0 | 4 |
| കുട്ടിത്തങ്കമ്മ | 0 | 12 |
| രാജേശ്വരി | 0 | 8 |
| പതിവ്രതകൾ | 0 | 6 |
| കാഞ്ചനവല്ലി | 0 | 3 |
| മാലതി | 0 | 3 |

## ഗദ്യനാടകങ്ങൾ.

| | രൂ. | ണ |
|---|---|---|
| കുലാംഗന | 1 | 4 |
| മഹിള | 1 | 0 |
| പ്രേമയാചകി | 1 | 0 |
| അമ്മ | 0 | 12 |
| രംഗസുഷമ | 0 | 12 |
| ശാരദ | 1 | 8 |
| സഹോദരി | 1 | 0 |
| അനിയത്തി | 1 | 0 |

## ഖണ്ഡകാവ്യങ്ങൾ.

| | | |
|---|---|---|
| സ്നേഹശൃംഖല | 0 | 8 |
| കാമുകന്റെ കണ്ണുനീർ | 0 | 8 |
| കൈരളീമുരളി | 0 | 6 |
| ദുഷ്ടസംഹാരം ഭാഷ | 0 | 6 |
| ശ്രീകൃഷ്ണവിലാസം ഭാഷ 6-ാംസർഗ്ഗം | 0 | 4 |
| മാധവി | 0 | 6 |
| കാളിയമർദ്ദനം | 0 | 6 |
| മനോരമ | 0 | 6 |
| പൂനിലാവ് | 0 | 6 |
| കുസുമം | 0 | 6 |
| പത്മിനി | 0 | 6 |
| പത്മിനി | 0 | 3 |
| വനിതാമണി | 0 | 8 |
| രമ | 0 | 3 |
| വ്യാസോത്സവം | 0 | 3 |
| വിലസിയപൂവ് | 0 | 4 |
| വാമനവൃത്തം | 0 | 6 |
| നീതിസാരം ഭാഷ | 0 | 4 |
| ബാലഹാരം | 0 | 6 |
| ശൃംഗാരതിലകം ഭാഷ | 0 | 4 |
| സരസകവനങ്ങൾ | 1 | 0 |
| സാവിത്രി | 0 | 6 |

## ചെറുകഥകൾ.

| | | |
|---|---|---|
| ശൈഥില്യങ്ങൾ 10 കഥ | 1 | 0 |
| മുതലാളി 5 കഥ | 0 | 8 |
| മന്ദഹാസം 5 കഥ | 0 | 8 |

## ദാമ്പത്യവും മററും.

| | | |
|---|---|---|
| പാചകമനോരമ | 1 | 0 |
| അംഗലക്ഷണം | 0 | 8 |
| രതിരസാർണ്ണവം | 0 | 12 |
| കന്ദർപ്പചൂഡാമണി | 1 | 8 |
| മദനസാമ്രാജ്യം | 2 | 0 |
| രതിമനോരമ | 0 | 12 |
| മദനമണ്ഡലം | 0 | 8 |

N. B ഒരു രൂപായിൽ കുറഞ്ഞു വി. പി. അയയ്ക്കുന്നതല്ല. ഒരു രൂപായിൽ കുറഞ്ഞ പുസ്തകം വേണ്ടവർ പുസ്തകവിലയും, അഞ്ചലിൽ 5 ചക്രവും, തപാലിൽ 5 അണയുംകൂടി മുഴുവൻസംഖ്യയും സ്റ്റാമ്പായയയ്ക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

വിദ്യാരംഭംപ്രസ്സ്, & ബുക്കഡിപ്പോ,
മുല്ലയ്ക്കൽ—ആലപ്പുഴ.

# വായിക്കുക! രസിക്കുക!

| | | രൂ. | ണ. |
|---|---|---|---|
| സ്വാതന്ത്ര്യോദയം | ലഘുകാവ്യം By ജി. ശങ്കരക്കുറുപ്പ്. | 0 | 4 |
| ആഗസ്റ്റ് 15 | ഏകാങ്കനാടകം By ജി. ശങ്കരക്കുറുപ്പ് | 0 | 6 |
| പൂഞ്ചോല | കഥകൾ By S. K. R. കമ്മത്ത് | 1 | 4 |
| അശ്രുധാര | കഥകൾ By G. P. K. കടക്കരപ്പള്ളി | 1 | 0 |
| ലീലാഞ്ജലി | കഥകൾ By കുമാരി L. ലീലാബായി | 1 | 4 |
| കഥാകുസുമങ്ങൾ | കഥകൾ By സ്വർണ്ണകുമാരീദേവി പരിഭാഷകൻ, പണ്ഡിതർ R. C. ശർമ്മ | 0 | 8 |
| മലഞ്ചെരിവിലെ ഭൂതം | അപസർപ്പകകഥ By സാഹിത്യകുശലൻ, A. D. ഹരിശർമ്മ | 0 | 10 |
| അമ്മായിഅമ്മ | ഒരു ചെറിയ നോവൽ | 0 | 4 |
| അപരാധിനി | ” | 0 | 4 |
| അംബുജം | ” | 0 | 3 |
| പ്രേമമുദ്ര | ” | 0 | 6 |
| മഹാത്മജി | ജീവചരിത്രകാവ്യം By ഗായകകവി V. S. ആൻഡ്രൂ | 0 | 10 |
| സന്ദേശം | കവിതാസമാഹാരം By M. S. ചന്ദ്രശേഖരവാര്യർ | 0 | 12 |
| വേദവ്യാസൻ | പൗരാണികചരിത്രം By M. ശേഷഗിരിപ്രഭു M. A. | 0 | 4 |
| വിശപ്പ് | ജീവൽസ്പർശിയായ കഥകൾ By A. K ബാലകൃഷ്ണപിള്ള | 1 | 8 |
| പ്രണാമം | കഥകൾ By ചെറിയാൻ ആൻഡ്രൂസ് | 1 | 8 |
| ജീവിതവല്ലി | പ്രസിദ്ധ കഥാകൃത്തുകളുടെ ഒൻപതു കഥകൾ | 1 | 0 |
| ബാലാരാമം | കുട്ടികൾക്കുള്ള കഥകൾ (കളർചിത്രങ്ങളടങ്ങിയതു്) | 0 | 3 |
| കളികൾ | കുട്ടികൾക്ക പറ്റിയ ഇരുപതു കളികളുടെ വിവരണം | 0 | 4 |
| ജാലവിദ്യകൾ | ചിത്രങ്ങളോടുകൂടിയ വിശിഷ്ടഗ്രന്ഥം | 0 | 8 |
| ഭടൻെറ ഓമന | ലഘുകാവ്യം എം. കെ. വാസുദേവൻ | 0 | 4 |

മറ്റെല്ലാത്തരം മലയാള പുസ്തകങ്ങൾക്കും ഞങ്ങൾക്കെഴുതുക:—

മാനേജർ,

## ശ്രീ നരസിംഹവിലാസം ബുക്കുഡിപ്പോ,

തുറവൂർ A. O. കുത്തിയതോട് P. O.

# വള്ളത്തിൻെറ കൃതികൾ.

പാരതന്ത്ര്യത്തിൻെറ ചങ്ങലക്കണ്ണികൾ മുറിഞ്ഞുവീഴുന്ന ശബ്ദം, പൗരുഷത്തിൽ കൈവാളിളക്കം, വേലക്കാരുടെ വിയപ്പുതുള്ളികളെക്കൊണ്ടു് വെള്ളിവാക്കുന്നതു്, പാവങ്ങളുടെ കണ്ണുനീർ, അസമത്വത്തിൻെറ അന്തിമശ്വാസം, ഭാരതമാതാവിൻെറ തൃക്കൈകളിൽ ചുററികയും അരിവാളും ഇങ്ങനെ ഹൃദയഹാരികളായ നിരവധി അമ്ലാനമലരുകൾ—ഒരു മഹാകവിയുടെ ഹൃദയകേദാരത്തിൽ വിളഞ്ഞ മധുരഫലങ്ങൾ—കൈരളിക്ക് ഇതാ ഒരു തിരുമുൽക്കാഴ്ച.

ഈ പന്ത്രണ്ടു പുസ്തകവും രണ്ടു വാല്യമായി ബയൻറുചെയ്തതു്.

ഓരോ വാല്യത്തിനും ൩ രൂപാവീതം.

12 പദ്യകൃതികൾ.

| | | | |
|---|---|---|---|
| 1 സ്വാഗതം | 0 10 0 | 7 രക്തവേദി | 0 10 0 |
| 2 സ്വാതന്ത്ര്യഭിക്ഷ | 0 10 0 | 8 തൊഴിൽശാലയിലേക്കു് | 0 10 0 |
| 3 സാത്യപ്രഭ | 0 10 0 | 9 കാലകല്ലോലം | 0 10 0 |
| 4 ഹൃദയമർമ്മരം | 0 10 0 | 10 ഇരുട്ടിലെ വെളിച്ചം | 0 10 0 |
| 5 മധുരസ്വപ്നം | 0 10 0 | 11 ഭാരതബന്ധു | 0 10 0 |
| 6 പുഷ്പവർഷം | 0 10 0 | 12 വള്ളിവാൾ | 0 10 0 |

മഹാകവി വള്ളത്തോൾ, മഹാകവി എൻ. കുമാരനാശാൻ, ഈ. വി. കൃഷ്ണപിള്ള ഇവരുടെ എല്ലാ കൃതികളും വില്പനയ്ക്കുണ്ടു്.

കൂടാതെ വേദാന്തപുസ്തകങ്ങൾ, ദാമ്പത്യപുസ്തകങ്ങൾ, തുള്ളൽക്കഥകൾ, കഥകളിപ്പുസ്തകങ്ങൾ, വടക്കൻപാട്ടുകൾ, വഞ്ചിപ്പാട്ടുകൾ, കുറത്തിപ്പാട്ടുകൾ മുതലായവ എപ്പോഴും വില്പനയ്ക്കു തയാർ!

(കൂടുതൽ വിവരങ്ങൾ ഞങ്ങളുടെ വലിയ ക്യാററ്ലാഗിൽ)

മാനേജർ, വി. വി. പ്രസ്സ്, കൊല്ലം

---

വാങ്ങുവിൻ! വായിപ്പിൻ!

തിരുവല്ലാ മഹാക്ഷേത്രത്തിൻെറ സ്ഥലപുരാണം അടിസ്ഥാനമാക്കി സ്വതന്ത്രമായി രചിച്ചിട്ടുള്ള

# ശ്രീവല്ലഭചരിതം

ലഘുകാവ്യം വില രൂപാ ഒന്നുമാത്രം.

വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി, M. R. A. S.
തൃകലൊശ്ശേരി, തിരുവല്ലാ A. O. & P. O.

**VIDYABHIVARDHINI**

License No. 455. Regd. No. T. 116.
Dated 28 - 11 - 1945 Regd. No. M. 4891.

| വരിസംഖ്യ. | | പരസ്യക്കൂലി. | |
|---|---|---|---|
| | | സ്ഥിരപരസ്യക്കാൎക്കു്. | ഒരു പ്രാവശ്യത്തേക്കു് |
| ഒരു വൎഷത്തേക്കു് | 5 ബ്രി: രൂ. | മുഴുപ്പേജിനു് 50 രൂ. | 8 രൂ. |
| ഒററ പ്രതിക്കു് | 8 ണ. | അരപ്പേജിനു് 30 ,, | 6 ,, |
| ഇൻഡ്യയ്ക്കു പുറമേ | 6 ബ്രി: രൂ. | കാൽപ്പേജിനു് 20 ,, | 4 |
| ,, ഒററ പ്രതിക്കു് | 10 ണ. | | |

## ലേഖകന്മാരോടു്:—

ലേഖനങ്ങൾ കടലാസ്സിൻെറ ഒരുവശത്തുമാത്രം വൃത്തിയായി മഷികൊണ്ടെഴുതി ഓരോ ഇംഗ്ലീഷുമാസവും 15-ാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. പ്രസിദ്ധീകരണത്തിനു സൗകൎയ്യമില്ലാത്ത ലേഖനങ്ങൾ തിരിച്ചു കിട്ടണമെങ്കിൽ അതിലേക്കുള്ള സ്റ്റാമ്പു് അയച്ചിരിക്കേണ്ടതാണു്.

## വരിക്കാരോടു്:—

ഇതേവരെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഈ ലക്കം കിട്ടിയാലുടൻ പണം മണിയാർഡർ ചെയ്യാൻ അപേക്ഷ.

വി. പി. ഏൎപ്പാട്ടു് ഇരുകൂട്ടൎക്കും നഷ്ടകരമാകയാൽ വരിസംഖ്യ എപ്പോഴും മുൻകൂറായിത്തന്നെ അയച്ചിരിക്കണം.

ആഫീസ്സിലേക്കു് അയയ്ക്കുന്ന എല്ലാ കത്തുകളിലും മാസികയുടെ റാപ്പറിൽ കാണുന്ന അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിച്ചിരിക്കേണ്ടതാണു്.

പണസംബന്ധമായ എഴുത്തുകൾ, മണിയാർഡർ ഇവ മാനേജരുടെ മേൽവിലാസത്തിലും, ലേഖനസംബന്ധമായവ എല്ലാം പത്രാധിപരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാണു്.

N. B. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ 2 പ്രതിവീതം അയച്ചിരിക്കണം മാസിക ഇംഗ്ലീഷുമാസം 15-ാം തീയതിക്കകം കിട്ടാത്തപക്ഷം വിവരം ആഫീസിൽ അറിയിക്കണം.

മാനേജർ,
വിദ്യാഭിവൎദ്ധിനി, കൊല്ലം.

Edited, Printed and Published by M. Balakrishna Reddiar, at the Vidyabhivardhini Press, Quilon